കൊക്കയാർ പഞ്ചായത്ത്



ജനകീയാസൂത്രണം

സമഗ്രവികസനരേഖ

കൊക്കയാർ ഗ്രാമപഞ്ചായത്ത്



65-3

ഒൻപതാം പദ്ധതി - ജനകീയ പദ്ധതി

വികസന സെമിനാർ
23-11-1996

വികസന രേഖ
കൊക്കയാർ ഗ്രാമപഞ്ചായത്ത്

ജില്ലാതല പരിശീലകർ

1. ഇ.എ. കോശി (കൺവീനർ)
2. പി.ജെ. ഗോപിനാഥൻ
3. ജോസ് സബാസ്റ്റ്യൻ
4. അന്നക്കുട്ടി അബ്രഹാം

ഉള്ളടക്കം

1. ആമുഖം 7

2. പഞ്ചായത്ത് - പൊതുവിവരണം 11

3. സാമൂഹ്യസാംസ്കാരിക ചരിത്രം 13

4. ഭൂപ്രകൃതി, ജനപ്രകൃതി, ജലവിഭവസമ്പത്ത് 16

5. വികസന മേഖലകൾ 19

   1. കൃഷിയും ജലസേചനവും 20

   2. മൃഗസംരക്ഷണവും മത്സ്യബന്ധനവും 26

   3. വ്യവസായം 34

   4. വിദ്യാഭ്യാസം 37

   5. കുടിവെള്ളം -പൊതുജനാരോഗ്യം 41

   6. ഗതാഗതം - ഊർജ്ജം 47

   7. പാർപ്പിടവും സാമൂഹ്യക്ഷേമവും 57

   8. സംസ്കാരം 64

   9. വനിതാക്ഷേമം 66

   10. സഹകരണം 69


   11. പട്ടികജാതി / പട്ടികവർഗ്ഗക്ഷേമം 72

   12. വിഭവ സമാഹരണം 76


   13. ടൂറിസം 77

6. ഉപസംഹാരം 79


ഭരണസമിതി



K.L ദാനിയേൽ
പ്രസിഡണ്ട് (വാർഡ് 3)




C.K. മോഹനൻ.
വൈസ് പ്രസിഡണ്ട് (വാർഡ് 6)




ജോമി ജോസഫ്
ചെയർമാൻ സ്റ്റാൻറിംഗ് കമ്മറ്റി
(വാർഡ് 1)




മോളി ചാക്കോ
(വാർഡ് 2)




K.S. പവിത്രൻ
(വാർഡ് 4)




എൽസമ്മ കുര്യൻ
(വാർഡ് 5)



അന്നക്കുട്ടി ഏബ്രഹാം
(വാർഡ് 7)



N.E. ഇസ്മായേൽ
(വാർഡ് 8)



B. നോബർട്ട്
സെക്രട്ടറി



"ഇൻഡ്യയുടെ ജീവൻ ഗ്രാമങ്ങളിൽ കുടികൊള്ളുന്നു.
ഗ്രാമീണ ജനതയുടെ തുടിപ്പുകളാണു ഇൻഡ്യയുടെ ജീവനാഡി."

ഗാന്ധിജി.

രാഷ്ട്രപിതാവായ മഹാത്മാഗാന്ധിയുടെ മോഹനസ്വപ്നമായിരുന്നു ഗ്രാമസ്വരാജ്. ഭരണഘടനയുടെ 73, 74 ഭേദഗതികൾ പ്രകാരം ആ സ്വപ്നം യാഥാർത്ഥ്യമാവുകയാണ്. എട്ടുപഞ്ചവത്സരപദ്ധതികൾ നാം പിന്നിട്ടു. ഒൻപതാം പദ്ധതിയിലേയ്ക്കു കടക്കുവാൻ പോകുകയാണ്. ഒരു പുതിയ പരീക്ഷണത്തിനു നാം തയ്യാറാകുന്നു. ആസൂത്രണപ്രക്രിയയിൽ ഒരു പുതുയുഗം തുറക്കുകയാണ്. അധികാരം ജനങ്ങൾക്ക് എന്ന ആശയം ഉൾക്കൊണ്ട്, താഴെത്തട്ടിൽ നിന്നു ജനപങ്കാളിത്തത്തോടുകൂടിയുള്ള ആസൂത്രണത്തിനു കളമൊരുങ്ങികഴിഞ്ഞു. ജാതി, മത, വർണ്ണ, സംസ്കാരഭേദങ്ങൾക്കതീതമായി, അതിർവരമ്പുകളില്ലാതെ ആസൂത്രണത്തിലും വികസനപ്രവർത്തനത്തിലും ജനപങ്കാളിത്തം ഉറപ്പുവരുത്താൻ ഈ പദ്ധതിക്കു കഴിയും.

പഞ്ചായത്തിന്റെ എല്ലാ വാർഡുകളിലും ഗ്രാമസഭകൾ വിളിച്ചുകൂട്ടി ജനങ്ങളിൽ വികസനപങ്കാളിത്തത്തിന്റെ സന്ദേശമെത്തിക്കുകയും ഗ്രാമീണജനങ്ങളുടെ ആശാഭിലാഷങ്ങൾ മനസിലാക്കുകയും ചെയ്തുകഴിഞ്ഞു. ഗ്രാമസഭകൾക്കുശേഷം പഞ്ചായത്തു മെമ്പറന്മാരുടെ നേതൃത്വത്തിൽ പഞ്ചായത്തിലുടനീളം ഒരു പഠനപര്യടനയാത്രയും സംഘടിപ്പിച്ചു.

ഗ്രാമസഭകളിൽ ഉരുത്തിരിഞ്ഞ നിർദ്ദേശങ്ങളും പഠനപര്യടനറിപ്പോർട്ടുകളും സ്ഥാപനങ്ങളിൽ നിന്നു ലഭിച്ച ദ്വിതീയ വിവരങ്ങളും ഏകോപിപ്പിച്ചു തയ്യാറാക്കിയ വികസനരേഖയാണ് ഇവിടെ അവതരിപ്പിക്കുന്നത്.

അധികാരം ജനങ്ങളിൽ തന്നെ എന്നുറപ്പുവരുത്തുന്നതിനു എല്ലാ വിഭാഗത്തിലുംപെട്ട ജനങ്ങളുടെ സജീവമായ പരിഗണനയ്ക്കും വിശകലനത്തിനും നിർദ്ദേശങ്ങൾക്കും വേണ്ടി ഈ വികസനരേഖ സമർപ്പിക്കുന്നു.

പശ്ചിമഘട്ടത്തിന്റെ പടിഞ്ഞാറൻ ചരുവിൽ മലകളും കുന്നുകളും അവയ്ക്കിടയിലുള്ള ചെറുതാഴ്വരകളും, അരുവികളും തോടുകളും, പുൽമേടുകളും വൻ റബ്ബർ തോട്ടങ്ങളും ചെറുകൃഷിയിടങ്ങളും ചേർന്ന പ്രകൃതിമനോഹരമായ ഒരു ഗ്രാമമാണ് കൊക്കയാർ.

ഇടുക്കി ജില്ലയുടെ തെക്കുപടിഞ്ഞാറൻ കോണിൽ കോട്ടയം ജില്ലയോടു ചേർന്ന് പുല്ലു

കയാറിന്റെ തീരത്തായി കൊക്കയാർ ഗ്രാമം സ്ഥിതി ചെയ്യുന്നു. പഞ്ചായത്തു പ്രദേശത്തിന്റെ മധ്യത്തിലൂടെ മണിമലയാറിന്റെ പ്രധാന കൈവഴിയായ കൊക്കയാറും വടക്കുപടിഞ്ഞാറൻ അതിർത്തിയിലൂടെ മറ്റൊരു കൈവഴിയായ പുല്ലകയാറും ഒഴുകുന്നു. പഞ്ചായത്തിന്റെ കിഴക്കെ അതിർത്തിയായ അമൃത്മേട്ടിൽ നിന്നാണ് മണിമലയാർ ഉത്ഭവിക്കുന്നത്. പുരാണങ്ങളിൽ പരാമർശിച്ചിട്ടുള്ള, പാണ്ഡവന്മാരുടെ വനവാസകാലത്ത് അമൃത്മേടിനു സമീപമുള്ള മറ്റൊരു മലയിൽ പാണ്ഡവൻമാർ ചൂതു കളിച്ചതായി ഐതീഹ്യം നിലനിൽക്കുന്നു. ആ പ്രദേശം 'ചൂതുപാറ' എന്നാണ് അറിയപ്പെടുന്നത്.

കൊക്കയാർ എന്ന സ്ഥലനാമം

ഇന്നത്തെ മേലോരം പ്രദേശം കുടിയേറ്റകാലത്ത് 'കൊക്ക' എന്നാണ് അറിയപ്പെട്ടിരുന്നത്. കൊക്കയെന്നാൽ അപ്രാപ്യമായ കുന്നിൻപ്രദേശം. കൊക്കയിൽ നിന്നും ഒഴുകുന്ന ആറിന് കൊക്കയാർ എന്നു പേരുവന്നു. പിന്നീട് കൊക്കയാറിന്റെ തീരത്തുകിടക്കുന്ന പ്രദേശം കൊക്കയാർ എന്ന പേരിനാൽ അറിയപ്പെടാൻ തുടങ്ങി.

കേരള ഭൂപ്രകൃതിയിൽ മലനാട്ടിൽ ഉൾപ്പെട്ടുകിടക്കുന്ന കൊക്കയാർ മുഖ്യമായും ഒരു കാർഷിക മേഖലയാണ്. നാണ്യവിളയായ റബ്ബർ ആണ് പ്രധാന കൃഷി. റബ്ബർകൃഷിയുടെ ആധിപത്യത്തോടുകൂടി മറ്റു കൃഷികൾ പിൻതള്ളപ്പെട്ട അവസ്ഥയാണ് ഇന്ന് നിലവിലുള്ളത്. രണ്ടുപ്രാവശ്യമായി ലഭിക്കുന്ന മഴയും, വനങ്ങളും കാലാവസ്ഥയിലെ സന്തുലിതാവസ്ഥ കാത്തുസൂക്ഷിക്കുന്നു.

കേരളത്തിൽ പഞ്ചായത്തുഭരണസംവിധാനം നിലവിൽ വന്ന 1953-ൽ കോട്ടയം ജില്ലയിൽ കൂട്ടിക്കൽ പഞ്ചായത്ത് എന്ന പേരിൽ നമ്മുടെ പഞ്ചായത്ത് രൂപം കൊണ്ടു. 6 വാർഡുകളായിരുന്നു ആദ്യപഞ്ചായത്തിനുണ്ടായിരുന്നത്. ആസ്ഥാനം നാരകംപുഴയിലായിരുന്നു.

ഒരു പഞ്ചായത്തിനാവശ്യമായ ജനസംഖ്യ ഇല്ലെന്ന കാരണത്താൽ നമ്മുടെ പഞ്ചായത്ത് സമീപപഞ്ചായത്തായ പെരുവന്താനം പഞ്ചായത്തിൽ ലയിപ്പിക്കുന്നതിന് 1962-ൽ സർക്കാർ തീരുമാനിച്ചു. എന്നാൽ പൊതുജനതാല്പര്യം പരിഗണിച്ച് ആ തീരുമാനം പിൻവലിക്കുകയും പെരുവന്താനം പഞ്ചായത്തിലെ മുളംകുന്നുപ്രദേശം കൂടിചേർത്ത് 7 വാർഡുകളാക്കി കൂട്ടിക്കൽ പഞ്ചായത്തു നിലനിർത്തുകയും ചെയ്തു. 1968 - 69-ൽ പൂഞ്ഞാർ തെക്കേക്കര പഞ്ചായത്തിലെ കൂട്ടിക്കൽ ടൗൺ ഏന്തയാർ, കൊടുങ്ങാ എന്നീ 3 വാർഡുകൾ കൂടി ഉൾപ്പെടുത്തി 10 വാർഡുകളാക്കി.

1970-ൽ ഇടുക്കി ജില്ലയുടെ രൂപീകരണത്തോടെ പഞ്ചായത്തുപ്രദേശങ്ങൾ ഇടുക്കി. കോട്ടയം ജില്ലകളിലായി വിഭജിക്കപ്പെട്ടു. ഇടുക്കി ജില്ലയിൽ ഉണ്ടായിരുന്ന പ്രദേശങ്ങൾ, ഉൾപ്പെടുത്തി പഴയപഞ്ചായത്ത് നിലനിർത്തുകയും, കൊക്കയാർ പഞ്ചായത്ത് എന്നു നാമകരണം ചെയ്യുകയും ചെയ്തു. കോട്ടയം ജില്ലയിൽ ഉൾപ്പെട്ടിരുന്ന പ്രദേശങ്ങളോടുകൂടി മുണ്ടക്കയം പഞ്ചായത്തിലെ കുറെ ഭാഗങ്ങൾ ചേർത്ത് കൂട്ടിക്കൽ എന്ന പേരിൽ പുതിയ ഒരു പഞ്ചായത്ത് രൂപീകരിക്കപ്പെട്ടു.


മുൻ ഭരണസാരഥികൾ

1. 1953 - 1964



1. P.V. തോമസ്, പ്രസിഡന്റ്
2. P.T. വർക്കി വൈസ് പ്രസിഡന്റ്
3. M.T. ഏബ്രഹാം
4. P.O. ദാമോദരൻ
5. K.P. പാപ്പി
6. ഹസൻ മൊയ്തീൻകുട്ടി

2. 1964 - 1979



1. P.M. ജോസഫ് പ്രസിഡന്റ്
2. P.T. വർക്കി വൈസ് പ്രസിഡന്റ്
3. M.R. തങ്കപ്പൻ
4. K.T. ഡോമിനിക്
5. P.G. വർക്കി
6. K. ചെല്ലപ്പൻ
7. K.M. ദേവസ്യാ
8. N.P. സരോജിനി

3. 1979 - 1984



1. M. രാഘവൻ പ്രസിഡന്റ്
2. A.D. തോമസ് വൈസ് പ്രസിഡന്റ്
3. V.I. ഭാസ്കരൻ
4. K.R. ഭാസ്കരൻ
5. P.O. ദാമോദരൻ
6. V.A. ജോസഫ്
7. P.I. ജോൺ
8. മേരി മാത്യു

4. 1988 - 1995



1. സരള ഇട്ടി പ്രസിഡന്റ്
2. കെ.എൽ. ദാനിയേൽ വൈസ് പ്രസിഡന്റ്
3. ഡോമിനിക് ആഗസ്തി
4. കെ.യു. അലക്സാണ്ടർ
5. ഫ്രാൻസീസ് തോമസ്
6. സി.എൻ. രാജു
7. റ്റി. ജോയി
8. ലിസി മാത്യു

ഇപ്പോൾ നിലവിലുള്ള പഞ്ചായത്തുസമിതി 1995 ഒക്ടോബർ 4ന് ശ്രീ.കെ.എൽ. ദാനിയേലിന്റെ നേതൃത്വത്തിൽ അധികാരമേറ്റു.

നമ്മുടെ പഞ്ചായത്തുകെട്ടിടം ബോയിസ് H.M.L. കമ്പനിയിൽ നിന്നും സൗജന്യമായി ലഭിച്ച സ്ഥലത്താണ് നിർമ്മിച്ചിരിക്കുന്നത്. 35-ാംമൈലിൽ പ്രവർത്തിക്കുന്ന പോലീസ്സ്റ്റേഷൻ കെട്ടിടവും HML കമ്പനി സൗജന്യമായി നൽകിയ സ്ഥലത്താണ് സ്ഥിതി ചെയ്യുന്നത്. നമുക്ക് ഒരു സ്റ്റേഡിയം ഇല്ലെന്നുള്ളത് പ്രത്യേകം പ്രസ്താവ്യമാണ്. സ്റ്റേഡിയത്തിനാവശ്യമായ സ്ഥലവും കമ്പനി സൗജന്യമായി നൽകും എന്നു പ്രത്യാശിക്കാം. കമ്പനിയോടുള്ള നന്ദി അറിയിക്കുവാൻ ഈ അവസരം ഉപയോഗിക്കുന്നു. തോട്ടം മേഖലയിൽ തൊഴിലാളികളുടെ ഉന്നമനത്തിനായി ആത്മാർത്ഥമായി പ്രവർത്തിച്ചിട്ടുള്ള ട്രേഡ്യൂണിയൻ നേതാക്കളെ ഇത്തരുണത്തിൽ നന്ദിപൂർവ്വം സ്മരിക്കുന്നു.

മലനിരകളാൽ ചുറ്റപ്പെട്ടുകിടക്കുന്ന നമ്മുടെ പഞ്ചായത്തിന്റെ വടക്കും കിഴക്കും അതിരുതിരിക്കുന്നത് സഹ്യപർവ്വതമാണ്. തെക്കുവശത്തുകൂടി കെ.കെ. റോഡു കടന്നുപോകുന്നു. പടിഞ്ഞാറുവശത്തുകൂടി മണിമലയാറിന്റെ കൈവഴിയായ പുല്ലകയാറും ഒഴുകുന്നു.

പഞ്ചായത്തു പ്രദേശത്ത് ഉടനീളംനിരന്നുകിടക്കുന്ന കുന്നിൻ പ്രദേശങ്ങൾ യാത്രാസൗകര്യത്തിനു തടസം സൃഷ്ടിക്കുന്നു. ഈ യാത്രാപ്രശ്നം നമ്മുടെ വികസനപ്രവർത്തനങ്ങൾക്ക് വിഘാതമായി നിലനിൽക്കുന്നു. ഭൂപ്രകൃതിയിലുള്ള പ്രത്യേകതയും യാത്രാസൗകര്യത്തിന്റെ അഭാവവും മൂലം നമ്മുടെ ഗ്രാമം ഒരു അവികസിതമേഖലയായി ഇന്നും നിലനിൽക്കുന്നു. കൊക്കയാർ പഞ്ചായത്തിന്റെ വികസന പ്രക്രിയയിൽ പങ്കാളികളാകാൻ ലഭിച്ചിരിക്കുന്ന ഈ സുവർണ്ണാവസരം സന്തോഷത്തോടെ സ്വീകരിച്ച് വികസനം ത്വരിതപ്പെടുത്താം.

പഞ്ചായത്ത് പൊതുവിവരണം

പേര്	-	കൊക്കയാർ	
ഉൾപ്പെടുന്ന വില്ലേജ്	-	കൊക്കയാർ	
ബ്ലോക്ക് പഞ്ചായത്ത്	-	അഴുത	
താലൂക്ക്	-	പീരുമേട്	
അസംബ്ലി മണ്ഡലം	-	പീരുമേട്	
ജില്ല	-	ഇടുക്കി	
വിസ്തീർണ്ണം	-	55.91 ച. കി.മീ.	
ജനസംഖ്യ			
(1991 സെൻസസ് പ്രകാരം)	-	ആകെ -	12641
		പുരുഷന്മാർ -	6354
		സ്ത്രീകൾ -	6287
ജനസാന്ദ്രത	-	226.09	
സാക്ഷരത	-	പുരുഷന്മാർ -	5438
		സ്ത്രീകൾ -	5090
		ആകെ -	10528
സാക്ഷരത ശതമാനം	-	83.28%	

അതിരുകൾ

1. വടക്ക് കൂട്ടിക്കൽ, ഏലപ്പാറ പഞ്ചായത്തുകൾ
2. കിഴക്ക് ഏലപ്പാറ, പീരുമേട് പഞ്ചായത്തുകൾ
3. തെക്ക് പെരുവന്താനം പഞ്ചായത്ത്
4. പടിഞ്ഞാറ് കൂട്ടിക്കൽ, മുണ്ടക്കയം പഞ്ചായത്തുകൾ

ഏറ്റവും അടുത്ത റയിൽവേസ്റ്റേഷൻ - കോട്ടയം. ദൂരം 60 K.M.

ഏറ്റവും അടുത്ത വിമാനത്താവളം - കൊച്ചി. 125 K.M.



വികസനസെമിനാറിന്റെ മുന്നോടിയായി പ്രസിഡന്റ് കെ.എൽ. ദാനിയേൽ വികസനജ്യോതി തെളിയിച്ചു.



3 സാമൂഹിക സാംസ്കാരിക ചരിത്രം

വളരെ പുരാതനമായ ഒരു സാംസ്കാരിക ചരിത്രം നമ്മുടെ ഗ്രാമത്തിനുണ്ട്. 12-ാം നൂറ്റാണ്ടിൽ കോയിക്കന്മാർ (കോയിന്മാർ), മലയരയന്മാർ എന്നീ രണ്ടു ജനവിഭാഗങ്ങൾ ആയിരുന്നു ഈ പ്രദേശത്തു ജീവിച്ചിരുന്നത്. ഇന്ന് കൂട്ടിക്കൽ, കൊക്കയാർ പഞ്ചായത്തുകളിലായി കിടക്കുന്നതും നദിയുടെ ഇരുകരകളിലുമുള്ള പുളിക്കത്തടം, നാരകംപുഴ, കൂട്ടിക്കൽ, കൂട്ടുവാൽ എന്നിവ ഉൾപ്പെട്ട ഒരു വലിയ പ്രദേശമായിരുന്നു പഴയ കൂട്ടിക്കൽ പ്രദേശം. ഇരു ജനവിഭാഗവും ഇടകലർന്ന് നദിയുടെ രണ്ടുകരകളിലുമായി ജീവിച്ചുപോന്നു. അതിനാൽ അവരുടെ സംസ്ക്കാരവും ഒന്നായി മാറി. നാരകംപുഴയിലായിരുന്നു ജനവാസം കൂടുതൽ. ആയതുകൊണ്ട് ഇവരുടെ ക്ഷേത്രവും നാരകംപുഴയിൽ സ്ഥാപിക്കപ്പെട്ടു.

കൂട്ടിക്കൽപ്രദേശം പന്തളം രാജവംശത്തിൽ ഉൾപ്പെട്ടതായിരുന്നു. ചെങ്ങന്നൂർ വഞ്ഞിപ്പുഴ മഠം ജന്മിമാർക്ക് ഈ പ്രദേശത്തിന്റെ അവകാശാധികാരങ്ങൾ രാജാവ് കൽപിച്ചു നൽകിയിരുന്നു.

പതിവനുസരിച്ച്, വർഷത്തിലൊരിക്കലുള്ള ക്ഷേത്രദർശനത്തിനായി പന്തളം രാജ്ഞി കൂട്ടിക്കൽ എത്തുകയുണ്ടായി. ക്ഷേത്രദർശനം കഴിഞ്ഞ് പല്ലക്കിൽ കയറി മടങ്ങാൻ തുടങ്ങവേ ഒരു സ്ത്രീ മുറുക്കിതുപ്പിയത് രാജ്ഞിയുടെ ഉടയാടയിൽ വീഴാനിടയായി. എന്നാൽ, തന്നെ മനപൂർവ്വം അപമാനിച്ചതായി രാജ്ഞി വിചാരിച്ചു. പന്തളത്തുമടങ്ങിയെത്തിയ രാജ്ഞി രാജാവിനെ വിവരം ധരിപ്പിച്ചു. കോപാകുലനായ രാജാവ് ഉടൻതന്നെ പടയാളികളെ ഇങ്ങോട്ടയയ്ക്കുകയാണുണ്ടായത്. ഇവിടെ എത്തിയ പടയാളികൾ കണ്ണിൽ കണ്ടവരെയെല്ലാം അരിഞ്ഞുവീഴ്ത്തി, പെരുവന്താനം വരെ പടയോട്ടം തുടർന്നു. ദാഹിച്ചുതളർന്നെത്തിയ പടയാളികൾക്ക് സംഭാരം നൽകി ഒരു നായർ തറവാട്ടുകാർ സ്വീകരിച്ചു. അവർ മാത്രമാണ് വാൾമുനയിൽ നിന്നു രക്ഷപെട്ടത്. തിരിച്ചുപോന്ന പടയാളികൾ വാൾ കഴുകിയ സ്ഥലത്തിന് "വാളൂരിക്കയം" എന്നറിയപ്പെട്ടിരുന്നു.

പടയോട്ടത്തിൽ രക്ഷപെട്ടവർ മലമ്പ്രദേശങ്ങളിൽ ഓടിയൊളിച്ചു. പ്രാണരക്ഷാർത്ഥം ഓടിപ്പോയ ഇവർ പ്ലാപ്പള്ളി കുറ്റിപ്ലാംഗാട് എന്നിവിടങ്ങളിൽ താമസമുറപ്പിച്ചു. നാരകംപുഴയും സമീപപ്രദേശങ്ങളും ഏതാണ്ട് 500 വർഷക്കാലം വിജനമായി കിടന്നു.

ഉറുമ്പിക്കര വനത്തിനുള്ളിൽ കുറ്റിപ്ലാംഗാട് ദേവീക്ഷേത്രത്തിന് 700 - ലധികം വർഷം പഴക്കം ഉണ്ട്. കപ്പിളിയിൽ കുടുംബംവകയായിരുന്നു ഈ ക്ഷേത്രം. ഇപ്പോൾ കുന്നത്താൻ പള്ളിയിൽ ഭാസ്കരനാണ് ക്ഷേത്രസംരക്ഷണം നടത്തുന്നത്.

ഈ ക്ഷേത്രത്തിലെ ഓടിൽ നിർമ്മിച്ച ദേവീവിഗ്രഹം, വനത്തിനുള്ളിൽ നിന്നും കണ്ടെത്തിയ

ശവകുടീരത്തിനുപയോഗിച്ചിട്ടുള്ള കോക്കല്ലുകൾ, മണ്ണിനടിയിൽ നിന്നും ലഭിച്ച വലിയ മൺകലങ്ങൾ എന്നിവയെല്ലാം കോയിക്കന്മാരുടെയും മലയരയന്മാരുടേയും പുരാതനസംസ്കാരത്തിന്റെ നിഷേധിക്കാനാവാത്ത ചരിത്രസ്മാരകങ്ങളാണ്.

17-ാം നൂറ്റാണ്ടിന്റെ ആരംഭത്തിൽ പരാജിതനായി പ്രജകളുമൊത്ത് പന്തളം രാജാവിനെ അഭയം പ്രാപിച്ച തമിഴ്രാജാവിന് പൂഞ്ഞാർ കേന്ദ്രമായി ഭരണം നടത്തുന്നതിന് പന്തളം രാജാവ് അനുവാദം നൽകി. അങ്ങനെ ഈ പ്രദേശം പൂഞ്ഞാർ രാജവംശത്തിന്റെ അധികാരപരിധിയിൽ വന്നു ചേർന്നു.

1852-ൽ യൂറോപ്പിൽ നിന്നെത്തിയ ക്രിസ്ത്യൻ മിഷ്യനറിമാർ മലമ്പ്രദേശങ്ങളിൽ കഴിഞ്ഞിരുന്ന മലയരയന്മാരിൽ ചിലരെ ക്രിസ്തുമതത്തിലേക്ക് മതപരിവർത്തനം ചെയ്യിച്ചു. ബ്രിട്ടീഷുഭരണം ഇന്ത്യയിൽ നിലനിന്നിരുന്നതിനാൽ മതപരിവർത്തനം നടത്തിയവരെ പാർപ്പിക്കുന്നതിനായി നാരകംപുഴ കേന്ദ്രമായ കൂട്ടിക്കൽ പ്രദേശം പൂഞ്ഞാർ തമ്പുരാക്കന്മാരിൽ നിന്നും നേടിയെടുക്കുന്നതിന് മിഷ്യനറിയായിരുന്ന റവ. ഹെൻട്രി ബേക്കർ സായിപ്പിനു സാധിച്ചു. തുടർന്ന് ആരാധനക്കായി പള്ളിയും പണി തീർത്തു. ഈ ഗ്രാമത്തിലെ ആദ്യത്തെ ക്രിസ്ത്യൻ ദേവാലയമാണ് 1852-ൽ സ്ഥാപിതമായ കൂട്ടിക്കൽ CSI ദേവാലയം. ആഗംല ശിൽപകലയിൽ നിർമ്മിച്ചിട്ടുള്ള ഈ ദേവാലയം ഗ്രാമത്തിനൊരു തിലകക്കുറിയായി മണിമലയാറിന്റെ തീരത്തു നിലകൊള്ളുന്നു.

നമ്മുടെ ഗ്രാമത്തെ സമൂഹത്തിന്റെ മുഖ്യധാരയിൽ എത്തിക്കുന്നതിൽ ക്രിസ്ത്യൻ മിഷ്യനറിമാരുടെ സേവനം എക്കാലവും വിലപ്പെട്ടതായിരുന്നു. പഞ്ചായത്താഫീസ്, വില്ലേജാഫീസ്, സഹകരണബാങ്ക്, റേഷൻകട എന്നീ സ്ഥാപനങ്ങൾ എല്ലാം പള്ളി വക കെട്ടിടത്തിലാണ് പ്രവർത്തനം ആരംഭിച്ചത്.

ക്രിസ്ത്യൻ മിഷനറിമാരുടെ കടന്നുവരവോടെ ഈ പ്രദേശത്തിന്റെ ഭൂപ്രകൃതിയും ഫലപുഷ്ടിയും മനസ്സിലാക്കിയ വിദേശികൾ എത്തുകയു് തോട്ടങ്ങൾ സ്ഥാപിക്കുകയും ചെയ്തു. H&C എന്നറിയപ്പെടുന്ന ബോയിസ് എസ്റ്റേറ്റ്, കൊക്കയാർ എന്നറിയപ്പെടുന്ന എൽഡറാഡോ എസ്റ്റേറ്റ് എന്നിവ യൂറോപ്യൻമാർ സ്ഥാപിച്ച വൻകിട തോട്ടങ്ങളാണ്.

ഇന്ത്യയിൽ ആദ്യമായി റബ്ബർകൃഷി ആരംഭിച്ചതു 1896 ൽ ഈ പ്രദേശത്താണ്. റബ്ബർകൃഷിയും തേയിലകൃഷിയും ആരംഭിച്ചെങ്കിലും കാലക്രമേണ തേയിലകൃഷി നിലച്ചു. ഉറുമ്പിക്കരയിൽ തേയിലകൃഷി ആരംഭിച്ച രാമൻ കങ്കാണിയെയും ഇത്തരുണത്തിൽ സ്മരിക്കേണ്ടതാണ്. താഴ്ന്ന പ്രദേശങ്ങൾ മാത്രമായിരുന്നു വിദേശികൾ തോട്ടങ്ങൾ സ്ഥാപിക്കാൻ തെരഞ്ഞെടുത്തത്.

തോട്ടങ്ങളിലെ ജോലിക്കായി തിരുവിതാംകൂറിന്റെ വിവിധപ്രദേശങ്ങളായ മാവേലിക്കര, ചെങ്ങന്നൂർ, പന്തളം, വൈക്കം, തലയോലപ്പറമ്പ് തുടങ്ങിയ സ്ഥലങ്ങളിൽ നിന്നും ആളുകളെ കൊണ്ടു വന്നു. കൂടാതെ അന്യസംസ്ഥാനമായ തമിഴ്നാട്ടിൽനിന്നുപോലും കൂലിപ്പണിക്കായി തൊഴിലാളികളെ എത്തിച്ചു. അവരെല്ലാം ഈ നാട്ടുകാരായി മാറി.

മേലാളന്മാരെ ഭയന്ന് വൈക്കം പ്രദേശത്തു നിന്ന് 18 പട്ടികജാതി കുടുംബങ്ങൾ പുളിക്കത്തടം ഭാഗത്ത് താമസം ഉറപ്പിച്ചിട്ടുണ്ട്. ആ പ്രദേശമാണ് ഇന്നത്തെ രത്നഗിരി പട്ടിക ജാതി കോളനി.

20-ാം നൂറ്റാണ്ടിന്റെ ആരംഭത്തിലാണ് കർഷകരുടെ വ്യാപകമായ കുടിയേറ്റം ആരംഭിച്ചത്. പഴയമീനച്ചിൽ താലൂക്കിന്റെ വിവിധ പ്രദേശങ്ങളായ ഏറ്റുമാനൂർ, പാലാ, അരുവിത്തുറ, പൂവരണി, കപ്പാട് എന്നിവിടങ്ങളിൽ നിന്നാണ് കൂടുതൽ കർഷകരും കുടിയേറിയത്.

തോട്ടങ്ങൾ സ്ഥാപിക്കുന്നതിനു അനുയോജ്യമല്ലാത്തതിനാൽ യൂറോപ്യന്മാർ മാറ്റിയിട്ടിരുന്നതും ജൻമിമാരുടെ കൈവശത്തിലിരുന്നതുമായ കുന്നിൻപ്രദേശങ്ങളാണ് കർഷകർ കുടിയേറിയത്. പൂവഞ്ചി, മുളംകുന്ന്. മുക്കുളം, വടക്കേമല, മേലോരം, എന്നിവിടങ്ങളാണ് പ്രധാനകുടിയേറ്റ പ്രദേശങ്ങൾ. കുടിയേറ്റ കർഷകരിൽ 90% ജനങ്ങളും ക്രിസ്ത്യാനികൾ ആയിരുന്നു.

കുന്നിൻപ്രദേശങ്ങൾ കൃഷിഭൂമികളാക്കി മാറ്റിയ കർഷകർ മുക്കുളം വടക്കേമല, മുളംകുന്ന്, മേലോരം, 34-ാംമൈൽ എന്നിവിടങ്ങളിൽ ദേവാലയങ്ങളും വിദ്യാലയങ്ങളും സ്ഥാപിക്കുകയുണ്ടായി. താമസിയാതെ SNDP ക്കാരുടെ വകയായി മുക്കുളം, വെബ്ലി, മരുതുംമൂട്, എന്നിവിടങ്ങളിൽ ഗുരുമന്ദിരങ്ങളും മരുതുംമൂട്ടിൽ ഒരു പ്രൈമറിസ്ക്കൂളും ബോയ്സ് കൊടികുത്തി, എന്നിവിടങ്ങളിൽ ഹൈന്ദവദേവാലയങ്ങളും സ്ഥാപിക്കപ്പെട്ടു. താമസിയാതെ മുക്കുളം വെബ്ലി പ്രദേശങ്ങളിൽ മുസ്ലീം ദേവാലയങ്ങളും സ്ഥാപിക്കയുണ്ടായി. ഉറുമ്പിക്കര സെറ്റിൽമെന്റിൽ ഒരു പുരാതന ക്ഷേത്രവും നിലവിലുണ്ട്.

മതമൈത്രിയുടെ പ്രതീകമെന്നോണം എല്ലാ വിഭാഗം ജനങ്ങളും ഏകോദരസഹോദരങ്ങളേപ്പോലെ ജീവിക്കുന്ന ഒരു ഗ്രാമമാണ് കൊക്കയാർ പഞ്ചായത്ത്.

ത്രിവേണി സംഗമം പോലെ മൂന്നുപുഴകൾ ഇവിടെ കൂടി ചേരുന്നു. കൊക്കയാർ, പുല്ലുകയാർ, താളുങ്കൽതോട്, എന്നിവ കൂട്ടിക്കലാണ് സന്ധിക്കുന്നത്. ഇവിടുത്തെ ആദിമനിവാസികൾ ഈ സ്ഥലത്തിന് 'കൂട്ടി' എന്നാണ് പേരിട്ടിരുന്നത്. കൂടിച്ചേരുന്നു എന്ന അർത്ഥത്തിലാണ് കൂട്ടി എന്നു വിളിച്ചു വന്നത്. കുടിയേറ്റ കർഷകർ നാട്ടിൽ നിന്നും പോരുമ്പോൾ കൂട്ടിയിൽ പോകുന്നു എന്നു പറയുമായിരുന്നു. അങ്ങനെ കാലക്രമേണ കൂട്ടിയിൽ എന്ന പദപ്രയോഗം കൂട്ടിക്കൽ എന്നു രൂപാന്തരപ്പെട്ടു. കൂട്ടി എന്ന വാക്കിനെ അന്വർത്ഥമാക്കുംവിധം കാഞ്ഞിരപ്പള്ളി, മീനച്ചിൽ, പീരുമേട് എന്നീ മൂന്നു താലൂക്കുകൾ കൂട്ടിക്കൽ ഒന്നിച്ചു ചേരുന്നു.

കിളിച്ചൂപാതി - വെച്ചൂപാതി എന്നീ വ്യവസ്ഥകളിലായിരുന്നു ആദ്യകാല കുടിയേറ്റം. കുടിയേറ്റ കാലത്തിന്റെ ആദ്യദശകങ്ങളിൽ മലമ്പനിയും മസൂരിയും വളരെ പേരുടെ ജീവൻ അപഹരിച്ചിട്ടുണ്ട്. മലമ്പനിയോടും പ്രകൃതിയോടും മല്ലടിച്ച് കുന്നിൽമുകളിലെ തരിശുഭൂമിയെ വിളഭൂമികളാക്കിമാറ്റിയ നമ്മുടെ പൂർവ്വികരുടെ ഓർമ്മക്കു മുന്നിൽ പ്രണാമം അർപ്പിക്കുന്നു.

കാലക്രമേണ വലിയ സമ്പന്നൻമാർ യൂറോപ്യൻമാരെ അനുകരിച്ച് റബ്ബർ, തേയിലതോട്ടങ്ങൾ സ്ഥാപിക്കുകയും ചെയ്തു.

താമസിയാതെ വിവിധ മതസ്ഥരായ ജനങ്ങൾ തൊഴിലിനും കച്ചവടത്തിനുമായി മധ്യതിരുവിതാംകൂറിന്റെ പല മേഖലകളിൽ നിന്ന് എത്തുകയും സ്ഥിരതാമസക്കാരാകുകയും ചെയ്തു.

1970 ആയപ്പോൾ ബോയിസ് ഒഴികെയുള്ള തോട്ടങ്ങൾ ചെറുതുണ്ടുകളായി മാറ്റപ്പെട്ടു കഴിഞ്ഞിരുന്നു. തോട്ടങ്ങൾ തുണ്ടു ഭൂമികളായതോടെ കൂടുതൽ ജനങ്ങൾ താമസക്കാരായി. എന്നിരുന്നാൽതന്നെയും ഇന്നും നമ്മുടെ നാട്ടിലെ പ്രധാന കൃഷി റബ്ബർ മാത്രമാണ്.

മണിമലയാറും കൈവഴിയായ പുല്ലകയാറും അതിരുതിരിക്കുന്ന നമ്മുടെ ഗ്രാമം ഒരു തുരുത്തു പോലെയായിരുന്നു. മുളംകമ്പുകൾ ഉപയോഗിച്ച് കെട്ടിയുണ്ടാക്കിയ തൂക്കുപാലമായിരുന്നു ആറിന്റെ മറുകര കടക്കുവാൻ ആദ്യകാലങ്ങളിലെ ഏക ആശ്രയം. പിന്നീട് കടത്തുവള്ളങ്ങൾ ഉപയോഗിച്ചു തുടങ്ങി. സ്വകാര്യവള്ളമായിരുന്നു ആദ്യം ഉപയോഗിച്ചിരുന്നത്. പള്ളിക്കടവിലും പിന്നീട് ചന്തക്കടവിലും കടത്തുവള്ളങ്ങൾ നിലവിൽ വന്നു.


1957 ലാണ് നമ്മുടെ ഗ്രാമത്തിലേക്ക് ഒരു ചപ്പാത്ത് നിർമ്മിച്ചത്. വൻശക്തികളുടെ ഭീഷണിക്കു മുന്നിൽ തലകുനിക്കാതെ ചപ്പാത്തിന് വേണ്ടി പ്രവർത്തിച്ച് ആ സ്വപ്നം യാഥാർത്ഥ്യമാക്കിയ നമ്മുടെ മുൻഗാമികളെ നന്ദിയോടെ സ്മരിക്കുന്നു. നിർമ്മാണത്തകരാറും മണിമലയാറിലെ മലവെള്ളപാച്ചിലും രണ്ടുവർഷത്തിനുള്ളിൽ ചപ്പാത്തു തകർത്തു. വീണ്ടും വിദ്യാർത്ഥികൾ ഉൾപ്പെടെയുള്ളവർ മറുകരയെത്താൻ കടത്തുവള്ളങ്ങളെ ആശ്രയിക്കേണ്ടി വന്നു. തുടർന്നുള്ള നിവേദനങ്ങളുടെ ഫലമായി 1967 ൽ ഇന്നത്തെ ചപ്പാത്ത് പൊതുജനപങ്കാളിത്തത്തോടെ സർക്കാർ നിർമ്മിക്കുകയും യാത്രാക്ലേശം അവസാനിക്കുകയും ചെയ്തു.

ഇത്തരുണത്തിൽ കൊക്കയാർ പാലത്തിന്റെ കാര്യം സൂചിപ്പിക്കാതെ പോകുന്നത് അക്ഷന്തവ്യമായിരിക്കും. 35-ാം മൈൽ മുതൽ കൊക്കയാർ വെബ്ലി ഏന്തയാർവരെ വ്യാപിച്ചുകിടന്ന തോട്ടങ്ങളിലെ യാത്രക്കായി റോഡുകളും പാലങ്ങളും യൂറോപ്യന്മാർ നിർമ്മിച്ചിരുന്നു. അതിൽ പ്രധാന പാലമായിരുന്നു കൊക്കയാർ പാലം. വളരെ പഴക്കം ചെന്ന പാലത്തിന്റെ പുനർനിർമ്മാണപ്രവർത്തനം ആരംഭിച്ചെങ്കിലും ഇതുവരെ പൂർത്തിയാക്കാൻ കഴിഞ്ഞിട്ടില്ല. അടിയന്തിരമായി പണി പൂർത്തിയാക്കേണ്ടിയിരിക്കുന്നു.

കൊക്കയാർ പഞ്ചായത്ത് ആദ്യകാലത്ത് പെരുവന്താനം വില്ലേജിന്റെ ഭാഗമായിരുന്നു. 1-8-1982-ൽ പുതിയ കൊക്കയാർ വില്ലേജ് പ്രവർത്തനം ആരംഭിച്ചു. എന്നാൽ ഈ പുതിയ വില്ലേജിൽ ഉൾപ്പെട്ട മുഴുവൻ പ്രദേശവും കൊക്കയാർ പഞ്ചായത്തിന്റെ പരിധിയിൽ വന്നിട്ടില്ല. കല്ലേപാലം മുതൽ 35-ാം മൈൽ വരെ കെ.കെ. റോഡിനും നെടുന്തോടിനും ഇടയിലുള്ള പ്രദേശം ഇന്നും പെരുവന്താനം പഞ്ചായത്തിന്റെ പരിധിയിലാണ്. ശരാശരി 40 അടി മാത്രം വീതിയുള്ളതും കൊക്കയാർ വില്ലേജിൽ ഉൾപ്പെട്ടുകിടക്കുന്നതുമായ പ്രസ്തുതസ്ഥലം കൊക്കയാർ പഞ്ചായത്തിന്റെ ഭാഗമായി മാറ്റേണ്ടതാണ്.

വിവിധ ജനവിഭാഗങ്ങളും അവരുടെ സംസ്കാരവും പരസ്പരം ഇഴുകി ചേർന്ന് ഒരു പുത്തൻ സംസ്കാരം പടുത്തുയർത്തിയ തലമുറയാണ് ഇന്നത്തെ കൊക്കയാർ ഗ്രാമവാസികൾ.

4. ഭൂപ്രകൃതി ഭൂപ്രകൃതി ഭൂവിനിയോഗം



1. ഭൂപ്രകൃതി

സഹ്യപർവതത്തിന്റെ പടിഞ്ഞാറൻ ചരുവിൽ സ്ഥിതി ചെയ്യുന്ന കൊക്കയാർ പഞ്ചായത്തു പ്രദേശം മലനാട്ടിൽ ഉൾപ്പെട്ടു കിടക്കുന്നു. വൻ മലകളും ചെറുകുന്നുകളും ധാരാളം ഉണ്ട്. ചെറിയ സമതലങ്ങൾ കുന്നുകൾക്കിടയിൽ സ്ഥിതി ചെയ്യുന്നു. 80% ഭൂപ്രദേശവും കിഴക്കു നിന്നു പടിഞ്ഞാറോട്ട് ചരിഞ്ഞു കിടക്കുന്നു. ചിലയിടങ്ങളിൽ നല്ല നിരപ്പായ സമതലങ്ങളും ഉണ്ട്.

പഞ്ചായത്തിന്റെ വടക്കേ അതിർത്തി മുതൽ കിഴക്കേ അതിർത്തി വരെ നീണ്ടു കിടക്കുന്ന സഹ്യപർവതഭാഗങ്ങൾ ഉയർന്ന പുൽമേടുകളാണ്. ഈ പുൽമേടുകൾ പട്ടിക്കുന്നു മുതൽ വെമ്പാല വരെ വ്യാപിച്ചു കിടക്കുന്നു. പുൽമേടുകൾക്കു താഴെയായി ഉറുമ്പിക്കര വനം സ്ഥിതിചെയ്യുന്നു.

പ്രധാന ഭൂപ്രകൃതി വിഭാഗങ്ങൾ

1. ഉയർന്ന പുൽമേടുകൾ
2. വലിയ മലകൾ
3. ചെറു കുന്നുകൾ
4. ചരിവു പ്രദേശങ്ങൾ
5. താഴ്വരകൾ
6. ചെറു സമതലങ്ങൾ

എല്ലാവിധ കൃഷികൾക്കും പറ്റിയ ഫലപുഷ്ടിയുള്ള മണ്ണ് ഉള്ളതിനാൽ കൃഷി നന്നായി വളരും. ചരിവു പ്രദേശങ്ങൾ മണ്ണൊലിപ്പിനു കാരണമാകുന്നു. മണ്ണൊലിപ്പു മൂലം ഫലപുഷ്ടിയുള്ള മേൽമണ്ണ് നഷ്ടമാകുന്ന പ്രവണത നിലനിൽക്കുന്നു.

കാലാവസ്ഥ

സാമാന്യം ഭേദപ്പെട്ട ഒരു കാലാവസ്ഥയാണ് അനുഭവപ്പെടുന്നത്. പ്രധാനമായി മൂന്നു കാലാവസ്ഥയാണ് ഉള്ളത്.

മഴക്കാലം	ജൂൺ	- ഒക്ടോബർ
തണുപ്പുകാലം	ഡിസംബർ	- ജനുവരി
വേനൽക്കാലം	മാർച്ച്	- മെയ്

ഡിസംബർ മാസത്തിലാണ് ഏറ്റവും കൂടുതൽ തണുപ്പ് അനുഭവപ്പെടുന്നത്. ജനുവരി ആരംഭിക്കുന്നതോടുകൂടി കിഴക്കു നിന്നുള്ള കാറ്റ് വീശാൻ തുടങ്ങും. ജനുവരിക്കാറ്റ് എന്നാണ് സാധാരണ പറയുന്നത്. ജനുവരിക്കാറ്റ് കൃഷികൾക്കും ചെറുകുടിലുകൾക്കും വൻനാശം വരുത്താറുണ്ട്. ഉയർന്ന പ്രദേശങ്ങളായ മേലോരം, ഉറുമ്പിക്കര, വെബ്ളി, മുക്കുളം, വടക്കേമല പ്രദേശങ്ങളിലാണ് കാറ്റിന്റെ ശല്യം കൂടുതലായി അനുഭവപ്പെടുന്നത്.

ജലലഭ്യത

വർഷത്തിൽ ശരാശരി 4820 മി. മി. മഴ ലഭിക്കുന്നു. കേരളത്തിൽ ഏറ്റവും കൂടുതൽ മഴ ലഭിക്കുന്ന പ്രദേശങ്ങളിൽ ഒന്നാണ് കൊക്കയാർ. പശ്ചിമഘട്ടവും ഉറുമ്പിക്കര വനവും മഴ ലഭിക്കുന്നതിനുള്ള പ്രേരക ഘടകങ്ങളാണ്. ആണ്ടിൽ രണ്ടു പ്രാവശ്യമായി പെയ്യുന്ന കാലവർഷവും തുലാവർഷവും കനിഞ്ഞ് അനുഗ്രഹിക്കുന്ന കൊക്കയാർ മഴയെ മാത്രം ആശ്രയിച്ചു കൃഷിയിറക്കുന്ന ഒരു പ്രദേശമാണ്. ജൂൺ ആദ്യവാരത്തിൽ ആരംഭിക്കുന്ന കാലവർഷം ആഗസ്റ്റിൽ അവസാനിക്കും. ജൂൺ - ജൂലൈ മാസങ്ങളിലാണ് ഏറ്റവും കൂടുതൽ മഴ ലഭിക്കുന്നത്. തുലാവർഷം സെപ്റ്റംബർ, ഒക്ടോബർ മാസങ്ങളിലാണ്. ചിലയവസരങ്ങളിൽ നവംബർ - ഡിസംബർ മാസങ്ങളിൽ ഒറ്റപ്പെട്ട മഴ കിട്ടാറുണ്ട്.

കൃഷിക്കും കുടിവെള്ളത്തിനും പ്രകൃതി ജലത്തെയാണ് ജനങ്ങൾ മുഖ്യമായും ആശ്രയിക്കുന്നത്. മഴ ധാരാളം ലഭിക്കുമെങ്കിലും നവംബർ മുതൽ ഏപ്രിൽ വരെ കടുത്ത ജലക്ഷാമം അനുഭവപ്പെടുന്നു. മഴക്കാലത്ത് ലക്ഷക്കണക്കിനു ക്യൂബിക് മീറ്റർ ജലമാണ് ഒഴുകി നഷ്ടമാകുന്നത്. കല്ലേപാലത്തിനു സമീപമായി മണിമലയാറ്റിൽ ഡാം നിർമിച്ച് പാഴായി പോകുന്ന ജലം ഉപയോഗപ്പെടുത്താൻ കഴിയും. വൈദ്യുതി ഉത്പാദനവും കുടിവെള്ളവും ലഭ്യമാകും.

മണിമലയാറിന്റെ കൈവഴികളും മലമുകളിൽ നിന്നൊഴുകുന്ന അരുവികളും നാടിനെ പരിപുഷ്ടമാക്കുന്നു.

ജനപ്രകൃതി

1991 സെൻസസ് കണക്കുകൾ പ്രകാരം കൊക്കയാറ്റിലെ ജനസംഖ്യ 12641 ആണ്. ഇതിൽ 6354 പുരുഷന്മാരും 6287 സ്ത്രീകളും ഉണ്ട്. കേരളത്തിലെ പൊതുവായ പ്രവണതക്കെതിരായി പുരുഷന്മാരാണ് സ്ത്രീകളെക്കാൾ കൂടുതൽ ഉള്ളത്. 67 പുരുഷന്മാർ കൂടുതൽ ഉണ്ട്. ആറു വയസിനു താഴെയുള്ള കുട്ടികളുടെ എണ്ണം 1463 ആണ്. അതിൽ 716 ആൺകുട്ടികളും 747 പെൺകുട്ടികളും ഉൾപ്പെടുന്നു. ജനങ്ങളിൽ 10528 പേർ സാക്ഷരരാണ്.

അംഗൻവാടികളിൽ നിന്നും ലഭിച്ച കണക്കുകൾ പ്രകാരം 1995-ൽ പഞ്ചായത്തിലെ ആകെ ജനസംഖ്യ 13279 ആണ്. 6785 പുരുഷന്മാരും 6494 സ്ത്രീകളും. ഇവിടെയും സ്ത്രീകൾ എണ്ണത്തിൽ കുറവാണ്. 291 പുരുഷന്മാർ കൂടുതൽ ഉണ്ട്. ജനസംഖ്യാ വർധനവിന്റെ തോത് 1.25 ആകുന്നു. സ്ത്രീകളുടെ വർധനാനിരക്ക് 0.82 ആയി കുറഞ്ഞു.

വാർഡു തല ജനസംഖ്യ

വാർഡ്	ആകെ			പട്ടികജാതി			പട്ടികവർഗം			സാക്ഷരർ		
	പു	സ്ത്രീ	ആകെ	പു	സ്ത്രീ	ആകെ	പു	സ്ത്രീ	ആകെ	പു	സ്ത്രീ	ആകെ
1	913	938	1851	20	22	42	30	38	68	799	781	1580
2	685	746	1431	38	29	59	14	7	21	600	623	1223
3	744	732	1476	281	253	534				625	560	1085
4	453	431	884	70	59	129	221	230	451	384	343	727
5	779	752	1531	55	58	113	34	30	64	663	588	1251
6	796	736	1532	185	195	380	3	2	5	697	601	1298
7	748	764	1512	46	51	97				613	603	1216
8	1236	1168	2424	142	156	296	121	120	241	1057	991	2048
ആകെ	6354	6287	12641	837	823	1760	423	427	850	5438	5090	10528

വിവിധ മതസ്ഥരായ ജനങ്ങൾ ഇടകലർന്നു ജീവിക്കുന്നു. സാമുദായിക സംഘർഷങ്ങളോ ജാതി ചിന്തകളോ ഉച്ചനീചത്വങ്ങളോ സമൂഹത്തിൽ കാണാനില്ല. മറ്റു മതങ്ങളെ സഹിഷ്ണതയോടെ അംഗീകരിക്കുന്ന ജനത കൊക്കയാർ ഗ്രാമത്തിന്റെ അഭിമാനമാണ്.

83.28% ജനങ്ങൾ സാക്ഷരരാണ്. വാർഡു തിരിച്ചുള്ള കണക്കു ചുവടെ ചേർക്കുന്നു.

വാർഡ്	ആകെ			പുരുഷന്മാർ			സ്ത്രീകൾ		
	ആകെ	സാക്ഷരർ	ശതമാനം	ആകെ	സാക്ഷരർ	ശതമാനം	ആകെ	സാക്ഷരർ	ശതമാനം
1	1851	1580	85.3	913	799	87.5	938	781	83.2
2	1431	1223	85.4	685	600	87.5	746	623	83.5
3	1476	1185	80.2	744	625	84.0	732	560	76.5
4	884	727	82.2	453	384	84.7	431	343	79.5
5	1531	1251	81.7	779	663	85.1	752	568	75.5
6	1532	1298	84.7	796	697	87.5	736	601	81.6
7	1512	1216	80.4	748	613	81.9	764	603	78.9
8	2424	2048	84.4	1236	1057	85.5	1188	991	83.1
ആകെ	12641	10528	83.2	6354	5438	85.5	6287	5090	80.9

വ്യവസായ രംഗത്ത് ഏറെ പിന്നോക്കം നിൽക്കുന്ന ഒരു ഗ്രാമപഞ്ചായത്താണ് കൊക്കയാർ. ഭൂപ്രകൃതിയും



വികസന മേഖലകൾ

5.1 കൃഷി ഇതരം



കൊക്കയാർ തികച്ചും ഒരു കാർഷികഗ്രാമമാണ്. പഞ്ചായത്തിന്റെ വടക്കുകിഴക്കേ അതിര് ഒന്നുമുതൽ അഞ്ചുവരെയുള്ള വാർഡുകൾ ഉൾപ്പെടുന്ന മുക്കുളം മുതൽ അഴങ്ങാട് വരെയുള്ള പ്രദേശങ്ങൾ ഒറ്റ മലനിരയായി തെക്കുപടിഞ്ഞാറു ചെരിഞ്ഞുകിടക്കുന്നു. ഈ മലനിരയുടെ ഏറ്റവും മുകൾഭാഗം പാറക്കെട്ടുകളും പുൽമേടുകളും നിറഞ്ഞ കൃഷിയോഗ്യമല്ലാത്ത ഭൂമിയാണ്. 6, 7, 8 വാർഡുകളായ ബോയ്സ്, മുളംകുന്ന്, നാരകംപുഴ പ്രദേശങ്ങൾ കുന്നുകളും താഴ്വരകളും ഇടകലർന്ന ഭൂവിഭാഗമാണ്. ഏറ്റവും ഉയരംകൂടിയ പ്രദേശം ഉറുമ്പിക്കരയാണ്. സമുദ്രനിരപ്പിൽ നിന്നും ഏകദേശം 3000 അടിവരെ ഉയരമുള്ള ഈ പ്രദേശത്ത് തണുപ്പു കൂടുതലുള്ള കാലാവസ്ഥയാണ് അനുഭവപ്പെടുന്നത്. ഉരുൾപൊട്ടൽ, മണ്ണിടിച്ചിൽ, ശക്തിയായ കാറ്റ് തുടങ്ങിയ പ്രകൃതിക്ഷോഭപ്രശ്നങ്ങൾ നിരന്തരം ഈ പഞ്ചായത്ത് പ്രദേശത്ത് ഉണ്ടാകാറുണ്ട്.

പെരുവന്താനം, അഴങ്ങാട് മലനിരകളിൽ നിന്ന് ഉത്ഭവിക്കുന്ന കൊക്കയാർ ഈ പഞ്ചായത്തിന്റെ മദ്ധ്യഭാഗത്തുകൂടി പടിഞ്ഞാറോട്ട് ഒഴുകി

ഭൂമിയെ സംബന്ധിച്ച പട്ടിക - I (കൃഷിഭവൻ രേഖ)

ക്രമ നമ്പർ	ഇനം	വിസ്തീർണ്ണം	ശതമാനം
1.	വനഭൂമി	796.49Hq	15.5%
2.	പുരയിടം	4181.76Hq	81.18%
3.	പുറമ്പോക്ക് ഭൂമി	36.80Hq	0.71%
4.	കൃഷിയോഗ്യമായ തരിശ്	57.20Hq	1.10%
5.	കൃഷിയോഗ്യമല്ലാത്ത തരിശ്	85.60Hq	1.51%
ആകെ വിസ്തീർണ്ണം 5157.36 Hq			

പട്ടിക - 2 (കൃഷിഭവൻ രേഖ)

നമ്പർ	ഭൂപരിധി	കുടുംബങ്ങളുടെ എണ്ണം	വിസ്തീർണ്ണം	ശതമാനം
1.	നാമമാത്ര കർഷകർ (1 ഹെക്ടറിൽ താഴെ)	3153	2060 ഹെക്ടർ	49.27%
2.	ചെറുകിട കർഷകർ (1-2 ഹെക്ടർ)	413	819 ഹെക്ടർ	19.58%
3.	വൻകിട കർഷകർ (2 ഹെക്ടറിന് മുകളിൽ)	194	1302.36 ഹെക്ടർ	31.15%

പുല്ലകയാറ്റിൽ ചേരുന്നു. 1, 2, 3, 4, 8 വാർഡുകളുടെ അതിർത്തിയിലൂടെ പുല്ലകയാർ തെക്കോട്ടൊഴുകി മുണ്ടക്കയത്തുവച്ച് മണിമലയാറ്റിൽ ചേരുന്നു.

ഈ പഞ്ചായത്തിന്റെ മൊത്തം വിസ്തൃതി 5157.36 ഹെക്ടറാണ്. ഇതിൽ 4181.76 ഹെക്ടർ ഭൂമി കൃഷിയിടങ്ങളാണ്. ഈ പഞ്ചായത്തിൽ 800 ഹെക്ടർ ഭൂമി വനപ്രദേശമാണ്. 3, 4, 5 വാർഡുകളിലായി വ്യാപിച്ചു കിടക്കുന്ന വനഭൂമി മൊത്തം വിസ്തൃതിയുടെ 15.5% വരും. കൃഷിയിടങ്ങളിൽ 3478 ഹെക്ടറിലും റബ്ബർ മുഖ്യ വിളയായി കൃഷി ചെയ്യുന്നു.

പട്ടിക - 3
കൃഷി ചെയ്യുന്ന വിളകളുടെ വിസ്തീർണ്ണം (കൃഷിഭവൻ രേഖ)

നമ്പർ	വിളകൾ	വിസ്തൃതി (ഹെക്ടറിൽ)	ശതമാനം
1.	റബ്ബർ	3478.45	83.19
2.	തെങ്ങ്	218.84	5.20
3.	കുരുമുളക്	160.00	3.82
4.	കാപ്പി	34.00	0.81
5.	തേയില	24.00	0.58
6.	മരച്ചീനി	75.00	1.79
7.	വാഴ	83.25	1.99
8.	ഏലം	19.00	0.45
9.	കശുമാവ്	18.25	0.43
10.	കൊക്കൊ	14.00	0.33
11.	ഇഞ്ചി, മഞ്ഞൾ	15.20	0.56
12.	മറ്റുള്ളവ	41.77	0.85
ആകെ 4181.76 Hq.			

നിമ്നോന്നതയെ അടിസ്ഥാനമാക്കി സമുദ്ര നിരപ്പിൽ നിന്നും 1000 അടിവരെ ഉയരമുള്ള പ്രദേശങ്ങൾ, 1000 അടിക്കും 2000 അടിക്കും ഇടയിലുള്ള പ്രദേശങ്ങൾ, 2000 അടിക്കു മുകളിൽ ഉയരമുള്ള പ്രദേശങ്ങൾ എന്നിങ്ങനെ തരംതിരിക്കാം. സമുദ്രനിരപ്പിൽ നിന്നും 3000 അടിവരെ ഉയരമുള്ള പ്രദേശങ്ങൾ ഈ പഞ്ചായത്തിലുണ്ട്.

ഈ പഞ്ചായത്തിലെ മിക്ക പ്രദേശങ്ങളിലും ഫലപുഷ്ടിയുള്ള ചുവന്ന മണ്ണ് കാണപ്പെടുന്നു. താഴ്ന്ന പ്രദേശങ്ങളിലെയും ചരിവുഭൂമികളിലെയും മണ്ണും കാലാവസ്ഥയും നാണ്യവിളകളായ റബ്ബർ, തെങ്ങ്, കമുക്, കൊക്കൊ, കാപ്പി, കുരുമുളക് എന്നിവയ്ക്ക് ഏറ്റവും അനുയോജ്യമാണ്. ഏറ്റവും ഉയരം കൂടിയ പ്രദേശങ്ങൾ തേയില, ഏലം എന്നിവയുടെ കൃഷിക്കും അനുയോജ്യമാണ്.

ഭൂവിനിയോഗം

ഭൂരിഭാഗം കൃഷിക്കാരും ഒരു ഹെക്ടറിൽ താഴെമാത്രം ഭൂമി കൈവശമുള്ളവരാണ്. കൈവശഭൂമിയെ അടിസ്ഥാനമാക്കിയുള്ള വിശദവിവരം പട്ടിക 2-ൽ കൊടുത്തിരിക്കുന്നു.

ആലോഹരി കൃഷിഭൂമി സംസ്ഥാനത്തിന്റേത് 0.07 ഹെക്ടറാണെങ്കിൽ നമ്മുടെ പഞ്ചായത്തിന്റേത് 0.24 ഹെക്ടറാണ്. ഈ പഞ്ചായത്തിലെ ഫലഭൂയിഷ്ടമായ താഴ്വാര പ്രദേശങ്ങൾ ഭൂരിഭാഗവും വൻകിട ഭൂവുടമകളുടെ കൈവശമുള്ള റബ്ബർ തോട്ടങ്ങളാണ്. യാത്രാസൗകര്യം കുറഞ്ഞതും ഫല

പുഷ്ടി കുറഞ്ഞതുമായ ചരിവുപ്രദേശങ്ങളിൽ സാധാരണക്കാരായ ചെറുകിട, പരിമിത കർഷകർ റബ്ബർ, തെങ്ങ്, കുരുമുളക്, കാപ്പി, വാഴ, കൊക്കോ തുടങ്ങിയ വിളകൾ കൃഷിചെയ്ത് ജീവിക്കുന്നു.

മുൻകാലങ്ങളിൽ ഈ പഞ്ചായത്തിൽ തെങ്ങ്, കമുക്, കുരുമുളക്, മരച്ചീനി, എന്നിവ മുഖ്യമായി കൃഷി ചെയ്തിരുന്നു. എന്നാൽ ഇപ്പോൾ ചെറുകിട പരിമിത കർഷകർപോലും റബ്ബർകൃഷിയോട് ആഭിമുഖ്യം കാണിക്കുന്നു. ഇതിന്റെ പ്രധാനകാരണം തെങ്ങ്, കമുക്, കുരുമുളക്, എന്നിവയ്ക്ക് വ്യാപകമായി കണ്ടുവരുന്ന രോഗബാധയും ഉത്പന്നങ്ങൾക്ക് വിപണിയിൽ കിട്ടുന്ന വിലയിൽ അടിക്കടി ഉണ്ടാകുന്ന ഏറ്റക്കുറച്ചിലും അതേസമയം റബ്ബറിന് സ്ഥിരമായി കിട്ടുന്ന വിലയും, നല്ല ആദായവും, പൊതുവേയുള്ള അദ്ധ്വാന ലാഭവുമാണ്.

മേൽപറഞ്ഞ കാരണങ്ങളാൽ ഒരു കാലത്ത് ഈ പ്രദേശത്തെ മുഖ്യവിളകളായിരുന്ന തെങ്ങ്, കമുക്, മരച്ചീനി എന്നിവയുടെ കൃഷി ഇന്ന് നാമാവശേഷമായിരിക്കുകയാണ്. പച്ചക്കറി കൃഷിയുടെ സ്ഥിതിയും ഒട്ടും വ്യത്യസ്തമല്ല. ഈ പഞ്ചായത്തിലെ ജനങ്ങൾ തങ്ങൾക്കാവശ്യമുള്ള ഭക്ഷ്യവസ്തുക്കൾക്ക് വേണ്ടി മറ്റു പ്രദേശങ്ങളെ ആശ്രയിക്കേണ്ടി വരുന്നു. അതുകൊണ്ട് ഇന്നുള്ള ഏകമുഖകൃഷിയുടെ സ്ഥാനത്ത് ബഹുമുഖ കൃഷി സമ്പ്രദായത്തിന് ഊന്നൽ നല്കേണ്ടതാണ്.

വളവും വളപ്രയോഗവും

മുഖ്യവിളയായ റബ്ബറിന് പൊതുവെ ശാസ്ത്രീയമായ കൃഷിരീതിയും വളപ്രയോഗവുമാണം കൃഷിക്കാർ സ്വീകരിച്ചുവരുന്നത്. ഈ പഞ്ചായത്തിൽ സഹകരണമേഖലയിലോ, സ്വകാര്യമേഖലയിലോ വളം, കീടനാശിനി എന്നിവയുടെ വിപണനകേന്ദ്രങ്ങൾ ഇല്ല. രാസവളങ്ങൾക്കും കീടനാശിനികൾക്കുമായി കൃഷിക്കാർ മുണ്ടക്കയം, കൂട്ടിക്കൽ, പെരുവന്താനം പഞ്ചായത്തിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളെയാണ് പൊതുവെ ആശ്രയിക്കുന്നത്. ഇതിന്റെ പ്രധാന കാരണം ഈ പഞ്ചായത്തിന്റെ ഭൂമിശാസ്ത്രപരമായ പ്രത്യേകതകളാൽ എല്ലാ വാർഡുകളിലെയും കൃഷിക്കാർക്ക് സൗകര്യപ്രദമായ ഒരു രാസവള വിപണന കേന്ദ്രത്തിനുള്ള സാദ്ധ്യത ഇല്ല എന്നുള്ളതാണ്.

രാസവളത്തിന്റെയും കീടനാശിനികളുടെയും അമിതമായ ഉപയോഗത്തിന്റെ ദൂഷ്യവശങ്ങൾ കൃഷിക്കാർക്ക് ബോദ്ധ്യമായി വരുന്നതിനാൽ അടുത്തകാലത്തായി ജൈവവളങ്ങളുടെയും ജൈവകീടനാശിനികളുടെയും ഉപയോഗത്തിൽ പൊതുവെ താല്പര്യം പ്രകടിപ്പിച്ച് തുടങ്ങിയിട്ടുണ്ട്. ഈ പഞ്ചായത്തിലെ കൃഷിക്കാർ ഉപയോഗിക്കുന്ന രാസവളങ്ങളുടെ കൃത്യമായ കണക്ക് ലഭ്യമല്ല.

കാർഷികവായ്പ

കാർഷികവായ്പയ്ക്ക് കൃഷിക്കാർ പ്രധാനമായും ആശ്രയിക്കുന്നത് കൊക്കയാർ സർവ്വീസ് സഹകരണബാങ്ക്, യൂണിയൻ ബാങ്കിന്റെ കൊക്കയാർ ശാഖ, സ്റ്റേറ്റ് ബാങ്ക് ഓഫ് ഇൻഡ്യയുടെ പെരുവന്താനം ശാഖ എന്നിവയെയാണ്. മലനാട് കാർഷികവികസനബാങ്കിന്റെ ഏലപ്പാറ ശാഖയും ഈ പഞ്ചായത്തിലെ കർഷകർക്ക് കാർഷികവായ്പ നല്കുന്നുണ്ട്. പട്ടികജാതി സഹകരണസംഘം, ഇടുക്കിജില്ലാ സഹകരണബാങ്കിന്റെ ഒരു ശാഖ എന്നിവയും ഈ പഞ്ചായത്തിൽ പ്രവർത്തിക്കുന്നു. പല കാരണങ്ങളാലും കാർഷികവായ്പ കിട്ടാൻ കൃഷിക്കാർ വളരെയധികം ബുദ്ധിമുട്ടുന്നുണ്ട്.

ജലസേചനം

പ്രധാനമായും മഴയെ മാത്രം ആശ്രയിച്ച് കൃഷി നടത്തുന്ന ഈ പഞ്ചായത്തിൽ രണ്ടുഘട്ടങ്ങളിലായി മഴ ലഭിക്കുന്നു. ജൂൺ മുതൽ ആഗസ്റ്റ് വരെ ലഭിക്കുന്ന തെക്കുപടിഞ്ഞാറൻ കാലവർഷവും സെപ്റ്റംബർ ഒക്ടോബർ മാസങ്ങളിൽ ലഭിക്കുന്ന തുലാവർഷവും. വർഷത്തിൽ ശരാശരി 4700 മി. മീറ്റർ മഴ ലഭിക്കുന്നുണ്ട്.

മുൻ വർഷങ്ങളിൽ ലഭിച്ച മഴയുടെ അളവ്

വർഷം	മഴയുടെ അളവ് (മി. മീറ്ററിൽ)
1990-91	4266
1991-92	4407
1992-93	6187
1993-94	3649
1994-95	5787
1995-96	4399

ഇളംകാട്, മുക്കുളം മലകളിൽനിന്നും ഉത്ഭവിച്ച് തെക്കോട്ടൊഴുകി മുണ്ടക്കയത്തുവച്ച് മണിമലയാറ്റിൽ ചേരുന്ന പുല്ലകയാറും പെരുവന്താനം, അഴങ്ങാട് മലകളിൽ നിന്ന് ഉത്ഭവിച്ച് പഞ്ചായത്തിന്റെ മദ്ധ്യഭാഗത്തുകൂടി പടിഞ്ഞാറോട്ട് ഒഴുകി പുല്ലകയാറ്റിൽ ചേരുന്ന കൊക്കയാറുമാണ് പ്രധാന നദികൾ. ഈ നദികളിലേക്ക് ചെറിയ തോടുകൾ വിവിധ വാർഡുകളിലെ മലനിരകളിൽ നിന്നും ഉത്ഭവിച്ച് വന്നുചേരുന്നുണ്ട്. ഈ പുഴകളിലെയും തോടുകളിലെയും വെള്ളം ഉപയോഗിച്ചുള്ള ജലസേചനപദ്ധതികൾ നിലവിലില്ല. ഈ പഞ്ചായത്തിൽ നിലവിലുള്ള കൃഷികൾ പ്രധാനമായും ജലസേചനം നടത്തി ചെയ്യേണ്ടവയുമല്ല.

മണ്ണുസംരക്ഷണം

ഈ പഞ്ചായത്തിൽ കല്ലുകയ്യാല വച്ച് ഭൂമി തട്ടുകളായി തിരിച്ച് മണ്ണ്, ജലസംരക്ഷണപ്രവർത്തനങ്ങൾ നടത്തുന്നു. റബ്ബർ തോട്ടങ്ങളിൽ ചെരിവുഭൂമി കോണ്ടൂർലൈനിൽ പ്ലാറ്റ്ഫോം എടുത്തും വളക്കുഴികൾ നിർമ്മിച്ചും ആവരണവിളകൾ കൃഷിചെയ്തും മണ്ണും ജലവും സംരക്ഷിക്കപ്പെടുന്നുണ്ട്. എന്നാൽ മറ്റു കൃഷികൾ ചെയ്യുന്ന പുരയിടങ്ങളിൽ മേൽപറഞ്ഞ രീതിയിലുള്ള സംരക്ഷണപ്രവർത്തനങ്ങൾ ഇല്ലാത്തതിനാൽ മണ്ണൊലിപ്പ് കൂടുതലായി ഉണ്ടാകുന്നുണ്ട്. ഇതിന്റെ ഫലമായി ഫലപുഷ്ടിയുള്ള മേൽമണ്ണ് നഷ്ടപ്പെട്ട് ഉത്പാദനക്ഷമത കുറഞ്ഞുവരുന്നു. ചെറുകിട പരിമിത കൃഷിക്കാർ പൊതുവെ സാമ്പത്തികശേഷി കുറഞ്ഞവരായതിനാൽ മണ്ണ്, ജലസംരക്ഷണ പ്രവർത്തനങ്ങൾ ഫലപ്രദമായി നടത്തുന്നില്ല.

നേഴ്സറികൾ

ഈ പഞ്ചായത്തിൽ സർക്കാർ ഉടമയിലുള്ള കാർഷിക നേഴ്സറികൾ പ്രവർത്തിക്കുന്നില്ല. എന്നാൽ റബ്ബർ കർഷകരിൽ ഒരുവിഭാഗം സ്വന്തം ആവശ്യത്തിനുള്ള റബ്ബർ തൈകൾ ഉത്പാദിപ്പിച്ച് ഉപയോഗിക്കുന്നുണ്ട്. മറ്റുള്ളവർ അടുത്ത പ്രദേശങ്ങളിലുള്ള സ്വകാര്യനേഴ്സറികളിൽ നിന്നും തൈകൾ വാങ്ങുന്നു. തെങ്ങ്, കമുക്, ഗ്രാമ്പു, ജാതി മുതലായവയുടെ തൈകൾക്ക് കൃഷിക്കാർ പ്രധാനമായും കൃഷിഭവനെ ആശ്രയിക്കേണ്ടിവരുന്നു.

കൃഷിഭവൻ

1987 സെപ്റ്റംബർ 1ന് കൃഷിഭവൻ പഞ്ചായത്തുതലത്തിൽ നിലവിൽ വന്നു. ഈ കൃഷിഭവൻ സർക്കാർ വക സ്വന്തം കെട്ടിടത്തിൽ പ്രവർത്തിക്കുന്നു. ആവശ്യത്തിനുള്ള ഫർണിച്ചർ, സ്റ്റേഷനറി തുടങ്ങിയ അടിസ്ഥാനസൗകര്യത്തിന്റെ അഭാവം ഈ ഓഫീസിന്റെ പരിമിതികളാണ്. ഒരു കൃഷിഓഫീസറും രണ്ടു കൃഷിഅസിസ്റ്റന്റുമാരുമാണ് ഇപ്പോൾ ഈ കൃഷിഭവനിലെ ജീവനക്കാർ. കൃഷിഭവനിലൂടെ നടപ്പാക്കിവരുന്ന സ്കീമുകളുടെ പ്രയോജനം പഞ്ചായത്തിന്റെ വിവിധ വാർഡുകളിലുള്ള കൃഷിക്കാർക്ക് ലഭിക്കുന്നുണ്ട്. എന്നാൽ ഭൂപ്രകൃതിയുടെ പ്രത്യേകതയും യാത്രാസൗകര്യത്തിന്റെ കുറവും മൂലം കാർഷികരംഗത്തെ പുതിയ അറിവുകൾ യഥാസമയം കൃഷിക്കാരിൽ എത്തിക്കുവാൻ സാധിക്കുന്നില്ല.

പ്രശ്നങ്ങൾ

മഴയുടെ ആധിക്യവും ഭൂമിയുടെ ചരിവും മൂലം ഫലഭൂയിഷ്ടമായ മേൽമണ്ണ് ഒലിച്ചു പോകുന്നതിന്റെ ഫലമായി ജൈവാംശം നശിക്കുകയും ഉത്പാദനക്ഷമത കുറയുകയും ചെയ്യുന്നു.

വർഷങ്ങളായി ഉണ്ടായിക്കൊണ്ടിരിക്കുന്ന മണ്ണിടിച്ചിൽ, ഉരുൾപൊട്ടൽ, ശക്തമായ കാറ്റ്, മഴ എന്നിവ മൂലം വളരെയധികം കൃഷിനാശം സംഭവിച്ചുകൊണ്ടിരിക്കുന്നു. തെങ്ങ്, കമുക്, കുരുമുളക് എന്നിവയ്ക്ക് വ്യാപകമായ രോഗം ബാധിച്ച് ഉൽപാദനം കുറഞ്ഞുവരുന്നു. ശാസ്ത്രീയമായ മണ്ണു പരിശോധന നടത്താത്തതുമൂലം വളപ്രയോഗം ഫലപ്രദമായിത്തീരുന്നില്ല.

ഭക്ഷ്യവിളകളായ മരച്ചീനി, ചേന, ചേമ്പ്, കാച്ചിൽ എന്നിവയും പച്ചക്കറി കൃഷിയും ഈ പഞ്ചായത്തിൽ കാര്യമായി നടത്തുന്നില്ല. തന്മൂലം ഓരോ കുടുംബത്തിനും ഭക്ഷ്യവസ്തുക്കളും, പച്ചക്കറിയും വാങ്ങുന്നതിന് വളരെയധികം തുക ചെലവാകുന്നു.

രാസവളങ്ങളുടെയും, കീടനാശിനികളുടെയും അശാസ്ത്രീയമായ ഉപയോഗം മൂലം മണ്ണിന്റെ ഘടനയിലും പരിസ്ഥിതിയിലും ദോഷഫലങ്ങൾ ഉളവായിത്തുടങ്ങിയിട്ടുണ്ട്. വൻകിട റബ്ബർ തോട്ടങ്ങളിലെ കളനാശിനി പ്രയോഗം ഒരു വലിയ പാരിസ്ഥിതിക പ്രശ്നമായി തീർന്നിട്ടുണ്ട്.

നിർദ്ദേശങ്ങൾ

മണ്ണൊലിപ്പ് നിവാരണത്തിന് ഇടകയ്യാലകൾ നിർമ്മിക്കുന്നതിനും, തോടുകളുടെ സംരക്ഷണ ഭിത്തി കെട്ടുന്നതിനും ഉള്ള ആനുകൂല്യങ്ങൾ മുഴുവൻ കൃഷിക്കാർക്കും ലഭിക്കത്തക്കരീതിയിലുള്ള പദ്ധതികൾ ആവിഷ്കരിക്കേണ്ടതാണ്.

കൃഷിനാശത്തിൽ നിന്നും ഒരുപരിധിവരെയെങ്കിലും ആശ്വാസം കിട്ടുന്നതിന് സാമൂഹ്യവിള ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കേണ്ടതാണ്.

തെങ്ങ്, കമുക്, കുരുമുളക് തുടങ്ങിയ വിളകൾക്കുണ്ടാവുന്ന വ്യാപകമായ രോഗബാധ തടയുന്നതിന് നിവാരണമാർഗ്ഗങ്ങൾ ലഭ്യമാക്കേണ്ടതാണ്. എല്ലാ കൃഷിയിടങ്ങളിലെയും മണ്ണിന്റെ സാമ്പിളുകൾ എടുത്ത് പരിശോധന നടത്തി ശാസ്ത്രീയമായ വളപ്രയോഗത്തിന്റെ ആവശ്യകതയെപ്പറ്റി കൃഷിക്കാർക്ക് ശരിയായ ധാരണ ഉണ്ടാക്കേണ്ടതാണ്.

പച്ചക്കറി കൃഷിയുടെ ഉൽപാദനം വർദ്ധിപ്പിക്കുന്നതിന് വേണ്ടി വീട്ടുവളപ്പിലെ പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കേണ്ടതും ഇതിനായി ഗുണമേന്മയുള്ള വിത്തുകൾ യഥാസമയം കൃഷിക്കാർക്ക് ലഭ്യമാക്കേണ്ടതുമാണ്. ഇപ്പോൾ സ്കൂൾ കുട്ടികൾക്ക് വിതരണം ചെയ്യുന്ന പച്ചക്കറി വിത്ത് കൃഷിഭവൻ മുഖേന കൃഷിക്കാർക്ക് വിതരണം ചെയ്യേണ്ടതാണ്.

ഭക്ഷ്യവിളകളായ മരച്ചീനി, വാഴ, ചേന, ചേമ്പ് മുതലായവയുടെ കൃഷി പ്രോത്സാഹിപ്പിക്കേണ്ടതും കാർഷിക ക്ലബ്ബുകൾ രൂപീകരിച്ച് പ്രവർത്തിപ്പിക്കാവുന്നതുമാണ്. പഞ്ചായത്തിലെ വിവിധ വാർഡുകളിലായി പാപ്പാനിതോട് വാട്ടർഷെഡ് സ്കീം, വെമ്പാല വാട്ടർ ഷെഡ് സ്കീം, മേലോരം വാട്ടർ ഷെഡ് സ്കീം എന്നിവ ദേശീയ നീർമറി വികസന പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കേണ്ടതാണ്.

ഈ പഞ്ചായത്തിൽ ഉത്പാദിപ്പിക്കുന്ന കാർഷിക വിഭവങ്ങളുടെ സംഭരണത്തിനും വിപണനത്തിനും സഹകരണ കാർഷിക വിഭവ വിപണന സംഭരണ കേന്ദ്രങ്ങൾ ആരംഭിക്കാവുന്നതാണ്. ഇതുമൂലം ഇടത്തട്ടുകാരെ ഒഴിവാക്കി കാർഷിക ഉത്പന്നങ്ങൾക്ക് ന്യായമായ വില കൃഷിക്കാർക്ക് ലഭിക്കുന്നതാണ്.

പഞ്ചായത്ത് അടിസ്ഥാനത്തിലും വിവിധ വാർഡുകളിലും പ്രവർത്തിക്കുന്ന കേര വികസന സമിതിയുടെയും റബ്ബർ ഉത്പാദക സംഘങ്ങളുടെയും പ്രവർത്തനം കൂടുതൽ ഊർജ്ജിതപ്പെടുത്തേണ്ടതാണ്.

കൃഷി മെച്ചപ്പെടുത്തുന്നതിന് കുറഞ്ഞപലിശനിരക്കിൽ വായ്പകൾ ലഭ്യമാക്കേണ്ടതാണ്. ഇതിനായി നിലവിലുള്ള വായ്പാസ്ഥാപനങ്ങളുടെ പ്രവർത്തനം കൂടുതൽ സജീവമാക്കേണ്ടതുണ്ട്.

പുഷ്പകൃഷിയുടെയും ഔഷധസസ്യകൃഷിയുടെയും കൂൺകൃഷിയുടെയും സാദ്ധ്യത വിലയിരുത്തേണ്ടതാണ്. രാസവളങ്ങളുടെയും കീടനാശിനികളുടെയും അമിതമായ ഉപയോഗം കുറയ്ക്കുന്നതിനും ജൈവവളം കൂടുതൽ ഉപയോഗിക്കുന്നതിനും വേണ്ടരീതിയിലുള്ള ബോധവല്ക്കരണം നടത്തേണ്ടതാണ്. പഞ്ചായത്തിലെ കൃഷിക്കാർക്ക് ആവശ്യമുള്ള നടീൽ വസ്തുക്കൾ ഈ പഞ്ചായത്തിൽ തന്നെ ഉത്പാദിപ്പിക്കുന്നതിന് ആവശ്യമായ നേഴ്സറികൾ ഉണ്ടാകേണ്ടതാണ്. തരിശുഭൂമിയിലും പറമ്പുകളിലും അത്യുത്പാദനശേഷിയുള്ള കശുമാവ്, കാപ്പി, തേയില എന്നിവയുടെ കൃഷി പ്രോത്സാഹിപ്പിക്കേണ്ടതാണ്. ഏലം, തേയില, കാപ്പി, കശുമാവ് എന്നീ കൃഷികൾക്കുള്ള ആനുകൂല്യങ്ങൾ കൃഷിഭവൻ മുഖേന ലഭ്യമാക്കേണ്ടതാണ്.

എല്ലാ കാർഷിക വിളകളുടെയും ഗുണമേന്മയുള്ളതും, അത്യുത്പാദനശേഷിയുള്ളതുമായ നടീൽ വസ്തുക്കൾ കൃഷിക്കാർക്ക് ലഭ്യമാക്കേണ്ടതാണ്.

റബ്ബർ ആവർത്തനകൃഷി നടത്തുമ്പോൾ ആദ്യത്തെ മൂന്ന് വർഷത്തേക്ക് അനുയോജ്യമായ ഇടവിളകൾ പ്രോത്സാഹിപ്പിക്കേണ്ടതാണ്.

കർഷകരെ ആദരിക്കുന്ന തരത്തിലുള്ള അവാർഡുകൾ പഞ്ചായത്തുതലത്തിൽ ഏർപ്പെടുത്തണം.

കർഷകതൊഴിലാളികൾക്ക് ഏകീകൃതകൂലി സമ്പ്രദായം ഏർപ്പെടുത്തേണ്ടതാണ്. കൃഷിയിടങ്ങളിൽ തീറ്റപ്പുൽകൃഷി പ്രോത്സാഹിപ്പിക്കുകയും ആവശ്യമായ ആനുകൂല്യം ലഭ്യമാക്കുകയും വേണം. ഇതിന്റെ ഫലമായി മണ്ണൊലിപ്പ് തടയുന്നതിനും കന്നുകാലികൾക്ക് ആവശ്യമായ തീറ്റപ്പുല്ല് ഉത്പാദിപ്പിക്കുന്നതിനും കഴിയും.

ഈ പഞ്ചായത്തിലെ പട്ടിക്കുന്ന് ഉറുമ്പിക്കര, വെമ്പാല തുടങ്ങിയ ജലലഭ്യതയുള്ള പ്രദേശങ്ങളിൽ ശീതകാല പച്ചക്കറി കൃഷിയുടെ സാദ്ധ്യത


പരിശോധിക്കേണ്ടതാണ്.

പുൽതൈലം ഉത്പ്പാദിപ്പിക്കുന്നതിനായി ഇഞ്ചിപ്പുല്ലിന്റെ കൃഷി പ്രോത്സാഹിപ്പിക്കേണ്ടതാണ്.


കാർഷികമേഖലയിൽ യഥാസമയം ഉണ്ടാവുന്ന നൂതന കൃഷി സമ്പ്രദായങ്ങളും പുതിയ അറിവുകളും കൃഷിക്കാരിൽ യഥാസമയം എത്തിക്കുന്നതിന് കൃഷി ഉദ്യോഗസ്ഥന്മാർക്ക് സാധിക്കുന്നില്ല. യാത്രാസൗകര്യത്തിന്റെ അഭാവം, ഭൂപ്രകൃതിയുടെ പ്രത്യേകത, ഉദ്യോഗസ്ഥന്മാരുടെ കുറവ് എന്നിവ ഇതിന് പ്രധാന കാരണങ്ങളാണ്. കൃഷി ഉദ്യോഗസ്ഥന്മാർ കൃഷിയിടങ്ങൾ സന്ദർശിച്ച് പുതിയ കൃഷി രീതികളെക്കുറിച്ച് അറിവ് പകർന്നു കൊടുക്കുവാൻ "പരിശീലനസന്ദർശന"പരിപാടി ആവിഷ്കരിക്കേണ്ടതാണ്.

ഭൂപ്രകൃതിയുടെയും യാത്രാസൗകര്യത്തിന്റെ അഭാവവും കണക്കിലെടുത്ത് കൂടുതൽ കൃഷി ഉദ്യോഗസ്ഥന്മാരെ നിയമിക്കുവാൻ നടപടി ഉണ്ടാവേണ്ടതാണ്. ഇതിനെല്ലാം പുറമെ കൃഷിഭവന്റെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തേണ്ടതാണ്.

കൊക്കയാർ പഞ്ചായത്തിന്റെ കാർഷിക പുരോഗതിയിൽ ഗണ്യമായ സ്വാധീനം ചെലുത്താൻ കഴിയുന്ന പല നിർദ്ദേശങ്ങളും ഇതിൽ ഉൾപ്പെടുത്തുവാൻ ശ്രമിച്ചിട്ടുണ്ട്.



5.2 മൃഗസംരക്ഷണം



ഈ പഞ്ചായത്തിലെ പ്രധാന വളർത്തുമൃഗങ്ങൾ പശു, ആട് എന്നിവയാണ്. എരുമ, പന്നി എന്നിവ നാമമാത്രമാണ്. സങ്കരയിനം പശുക്കളുടെ കാര്യത്തിൽ ഗണ്യമായ വർദ്ധനവുണ്ടായിട്ടുണ്ട്. നാടൻ പശുക്കളിൽ നിന്നും സങ്കരയിനം ജനുസുകളിലേയ്ക്കുണ്ടായ പരിവർത്തനവും പാൽ ഉല്പാദനത്തിൽ വർദ്ധനയുണ്ടാക്കി. കന്നുകാലി ഉടമകളിൽ ഭൂരിഭാഗവും ചെറുകിട കർഷകരും കർഷകത്തൊഴിലാളികളുമാണ്. അതുകൊണ്ട് ജനങ്ങളുടെ ജീവിതനിലവാരം ഉയർത്താൻ പദ്ധതികൾ തയ്യാറാക്കുമ്പോൾ ഈ രംഗത്തിന് അർഹിക്കുന്ന പ്രാധാന്യം നൽകേണ്ടതാണ്.

ബീജസങ്കലനം വഴി നല്ലയിനം പശുക്കളെ ഉത്പ്പാദിപ്പിച്ചു വളർത്തുന്നതിൽ ജനങ്ങൾ താല്പര്യം കാണിക്കുന്നതിനാൽ വിത്തുകാളകളെ വളർത്തുന്നില്ല. ഇറച്ചിക്കായി മാത്രമാണ് മൂരികളെ വളർത്തുന്നത്. റബ്ബർ തോട്ടങ്ങളിൽ കന്നുകാലികളെ അഴിച്ചുവിട്ട് വളർത്തിയിരുന്നു. കളനാശിനി തളിക്കുന്നതും കട്ടുപയർ വളർത്തുന്നതും കാരണം പശുക്കളെ അഴിച്ചുവിട്ട് വളർത്താൻ കഴിയുന്നില്ല. കട്ടുപയറിന് പകരം തീറ്റപ്പുല്ലോ കന്നുകാലിക്കു തിന്നാൻ കഴിയുന്ന പയറോ വളർത്തിയാൽ തീറ്റപ്പുല്ലിന്റെ കുറവ് ഒരുപരിധിവരെ പരിഹരിക്കുവാൻ കഴിയും. റബ്ബർ നിരകളിൽ മാത്രമുള്ള പുല്ല് മുറിച്ചെടുക്കുവാൻ അനുവദിക്കുകയും അതിന് ചെറിയ വില ഈടാക്കി കർഷകർക്ക് ലഭ്യമാക്കേണ്ടതുമാണ്. റബ്ബർതോട്ടങ്ങളുടെ അതിരുകളിൽ സംരക്ഷണവനങ്ങൾ മുൻകാലങ്ങളിൽ ഉണ്ടായിരുന്നു. ഇന്ന് അതില്ല. അത് പുന:സ്ഥാപിക്കുന്നപക്ഷം തീറ്റപ്പുൽ ലഭ്യമാകുകയും പരിസ്ഥിതി സന്തുലിതാവസ്ഥ നിലനിർത്താൻ കഴിയുകയും ചെയ്യും.

വളർത്തുപക്ഷികളിൽ പ്രധാനപ്പെട്ടതു കോഴിയാണ്. പഞ്ചായത്തിലെ 75% വീടുകളിലും കോഴിയെ വളർത്തുന്നുണ്ട്. പ്രധാനമായും മുട്ടക്കോഴികളെയാണ് വളർത്തുന്നത്. വീടുകളിൽ വളർത്തുന്ന മുട്ടക്കോഴികളെ തന്നെയാണ് ഇറച്ചിക്കായും ഉപയോഗിക്കുന്നത്. ഇറച്ചിക്കോഴികളെ പഞ്ചായത്തിന്റെ വെളിയിൽ നിന്നുമാണ് കൊണ്ടുവരുന്നത്. ഇറച്ചിക്കോഴി, ഗിനിപന്നി, മുയൽ, കാട എന്നിവയെ വളർത്തുന്നതിനുള്ള വൻ സാദ്ധ്യത ഈ പഞ്ചായത്തിലുണ്ട്. 1, 2, 3, 4, 6, 8 എന്നീ വാർഡുകളിലെ തോടുകളുടെ തീരങ്ങളിൽ താമസിക്കുന്നവർ പരിമിതമായ തോതിൽ താറാവിനെ വളർത്തുന്നുണ്ട്. പ്രോത്സാഹനം നൽകിയാൽ നല്ല രീതിയിൽ താറാവിനെ വളർത്തുവാൻ കഴിയും. ഓമന മൃഗങ്ങളായ പട്ടി, പൂച്ച എന്നിവയ്ക്ക് ആവശ്യക്കാർ ഉണ്ടെങ്കിലും നല്ലയിനം ജനുസുകളെ കിട്ടാനില്ല.

കൊക്കയാർ പഞ്ചായത്തിലെ ഏക മൃഗാശുപത്രി ഒന്നാം വാർഡിൽ മുക്കുളം താഴെയുള്ള വാടകകെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്. ഈ പഞ്ചായത്തിന്റെ ഭൂമിശാസ്ത്രപരമായ കിടപ്പും, യാത്രാസൗകര്യത്തിന്റെ കുറവും പഞ്ചായത്തിന്റെ വിവിധഭാഗങ്ങളിൽ താമസിക്കുന്ന സാധാരണക്കാരായ കൃഷിക്കാർക്ക് തങ്ങളുടെ വളർത്തുമൃഗങ്ങൾക്ക് യഥാസമയം ചികിത്സ ലഭ്യമാക്കുന്നതിനോ പശുക്കളിൽ ബീജസങ്കലനം നടത്തുന്നതിനോ സാധിക്കുന്നില്ല. ഇതിനായി ഇവർ മുണ്ടക്കയം ഈസ്റ്റിലുള്ള മൃഗാശുപത്രിയെയും കൂട്ടിക്കൽ ഉള്ള ഊർജ്ജിത കന്നുകാലി പരിപാലന കേന്ദ്രത്തേയുമാണ് ആശ്രയിക്കുന്നത്. പഞ്ചായത്തിലെ 50% വീടുകളിലും ഗോബർഗ്യാസ് പ്ലാന്റുകൾ സ്ഥാപിച്ച് പാചകത്തിനായുള്ള ഇന്ധനക്ഷാമം പരിഹരിക്കാവുന്നതാണ്.

ഈ പഞ്ചായത്തിലുള്ളവർ ഇറച്ചിക്കായി കെ.കെ. റോഡിലൂടെ നടത്തി കൊണ്ടുവരുന്ന കമ്പംമാടുകളെയാണ് ആശ്രയിക്കുന്നത്. നടത്തി കൊണ്ടുവരുന്നതുമൂലം ഇറച്ചിയുടെ ഗുണനിലവാരം കുറയുന്നതിനും സാംക്രമികരോഗം പടരുന്നതിനും ഇടയാകുന്നു.

പ്രശ്നങ്ങൾ

1. മൃഗചികിത്സാ സൗകര്യങ്ങളുടെ അപര്യാപ്തത.
2. കാലിത്തീറ്റയുടെയും കോഴിത്തീറ്റയുടെയും ലഭ്യതയിലുള്ള കുറവും വിലക്കൂടുതലും.
3. തീറ്റപ്പുല്ലിന്റെ ലഭ്യതകുറവ്.
4. കോഴിവസന്ത തടയാൻ ഫലപ്രദമായി ചികിത്സാസംവിധാനം ഇല്ലാത്തത്.
5. ക്ഷീരസംഭരണ വിപണന സൗകര്യങ്ങളുടെ കുറവ്.
6. പേപ്പട്ടിശല്യം.
7. കന്നുകാലികളെ വാങ്ങി വളർത്തുന്നതിന് സാമ്പത്തിക സഹായം ലഭിക്കാനുള്ള പ്രയാസം.
8. അശാസ്ത്രീയമായ കന്നുകാലി മാംസസംസ്കരണവും വിപണനവും.
9. ഇറച്ചിക്കോഴി, കാട, ഗിനിപ്പന്നി, പന്നി, മുയൽ എന്നിവയെ വളർത്തുന്നതിൽ ജനങ്ങൾക്കുള്ള അവബോധക്കുറവും, കുഞ്ഞുങ്ങളുടെ ലഭ്യതക്കുറവും.
10. ബയോഗ്യാസ് പ്ലാന്റ് സ്ഥാപിക്കുന്നതിനുള്ള സ്കീമിന്റെ അപര്യാപ്തത.
11. കളനാശിനികളുടെ അമിതമായ ഉപയോഗം.
12. പേവിഷബാധ നിർമ്മാർജ്ജന പ്രവർത്തനത്തിന്റെ കുറവ്.
13. കന്നുകാലി ഇൻഷ്വറൻസ് സൗജന്യം വ്യാപകമാക്കാത്തത്.
14. ചെറുകിട കൃഷിക്കാരുടെയും കർഷകത്തൊഴിലാളികളുടെയും സാമ്പത്തിക പരാധീനത.
15. കെ.കെ. റോഡിലൂടെ അറവ് മാടുകളെ നടത്തിക്കൊണ്ടുവരുന്നത്.
16. പഞ്ചായത്തിൽ നല്ല അറവുശാല ഇല്ലാത്തത്.

സാദ്ധ്യതകൾ

1. പഞ്ചായത്തിന്റെ I, II വാർഡുകളുടെ സംഗമസ്ഥാനത്തുള്ള പഞ്ചായത്തുവക സ്ഥലത്ത് സ്വന്തമായി കെട്ടിടം പണിത് വെറ്റിനറി ഹോസ്പിറ്റൽ പ്രവർത്തനം ആരംഭിക്കുക. 4, 5, 6, 7, 8 എന്നീ വാർഡുകളുടെ യാത്രാസൗകര്യക്കുറവും ദൂരവും പരിഗണിച്ച് സൗകര്യപ്രദമായ സ്ഥലത്ത് സബ്സെന്റർ സ്ഥാപിക്കുക.
2. പഞ്ചായത്തിന്റെ എല്ലാ ഭാഗത്തും സേവനം എത്തിക്കുവാൻ ജീപ്പ് ലഭ്യമാക്കുക.
3. മിനി എക്സറേ ഉൾപ്പെടെ നവീന ആശുപത്രി സ്ഥാപിക്കുക. ആശുപത്രിയിൽ സർക്കാരിൽ നിന്നും ലഭിക്കുന്ന മരുന്നുകൾക്ക് പുറമേ രോഗചികിത്സക്കാവശ്യമായ മരുന്ന് സബ്സിഡി നിരക്കിൽ ലഭ്യമാക്കുക.
4. ഡോക്ടർക്ക് താമസിക്കുവാൻ ക്വാർട്ടേഴ്സും കർഷകർക്ക് മൃഗപരിപാലനത്തിൽ പരിശീലനം നൽകുവാൻ ഹാളും പണിയുക.
5. മൃഗാശുപത്രിയിൽ ഫോൺ അനുവദിക്കുക.
6. മൃഗപരിപാലനം സംഘടിത മേഖലയിൽ നടത്തുക.
7. മൂന്നു കറവപ്പശുക്കൾ ഉൾക്കൊള്ളുന്ന മിനി ഡയറി യൂണിറ്റുകൾ സ്ഥാപിക്കാവുന്നതാണ്.

8. രണ്ട് പശുക്കളെങ്കിലും ഉള്ളവർക്ക് തൊഴുത്ത് നിർമ്മിക്കുവാൻ സബ്സിഡി നൽകുക.

9. പട്ടികജാതി പട്ടികവർഗ്ഗക്കാർക്ക് സൗജന്യമായി കറവപ്പശുക്കളെ വിതരണം ചെയ്യുക. ഇപ്പോൾ കോളനികളിൽ താമസിക്കുന്നവർക്ക് മാത്രമേ ഈ ആനുകൂല്യം ലഭിക്കുന്നുള്ളു.

10. കർഷകത്തൊഴിലാളികൾക്കും പരിമിതകൃഷിക്കാർക്കും സൗജന്യനിരക്കിൽ കറവപ്പശുക്കളെ വിതരണം ചെയ്യുക.

11. കന്നുകാലികൾക്ക് സൗജന്യ ഇൻഷ്വറൻസ് പദ്ധതി ഏർപ്പെടുത്തുക.

12. കറവക്കാർക്ക് പരിശീലനം നൽകുക.

13. ആട് വളർത്തലിന് 10 കറവയാടും ഒരു മുട്ടനാടും ഉൾപ്പെടുന്ന 100 യൂണിറ്റുകൾ ധനസഹായത്തോടെ ആരംഭിക്കുക.

14. ആട് ഫാം, ധനസഹായത്തോടെ ആരംഭിക്കുക.

15. പഞ്ചായത്തിലെ എല്ലാ വാർഡുകളിലും പന്നി വളർത്തൽ യൂണിറ്റുകൾ ആരംഭിക്കുക. മീറ്റ് പ്രൊഡക്ട്സ് ഓഫ് ഇൻഡ്യയുമായി ചേർന്ന് സ്ഥിരം വിപണന സൗകര്യം ഏർപ്പെടുത്തണം. അതിനായി പന്നിക്കുഞ്ഞുങ്ങളെ ഉദാരമായ വ്യവസ്ഥയിൽ വിതരണം ചെയ്യുക.

16. കോഴിവളർത്തൽ വർദ്ധിപ്പിക്കുവാൻ ഒരു മിനി ഹാച്ചറിയും കോഴിക്കുഞ്ഞുങ്ങളെ വളർത്തി വിപണനം നടത്തുവാൻ രണ്ട് സ്ഥലത്തെങ്കിലും നെഴ്സറികളും സ്ഥാപിക്കുക. ബ്രോയിലർ കോഴിഫാമുകൾ സ്ഥാപിക്കുക.

17. സഹകരണമേഖലയിൽ പാൽ, മുട്ട, മാംസം എന്നിവയുടെ സംഭരണവിപണന സ്റ്റാളുകൾ സ്ഥാപിക്കുക. സംഭരണത്തിനും വിപണനത്തിനും സൈക്കിൾ, പെട്ടിഓട്ടോകൾ, ട്രേകൾ, ഐസ്പെട്ടികൾ എന്നിവ ലഭ്യമാക്കുക.

18. ഉപഉല്പന്നങ്ങൾ നിർമ്മിച്ചു വിതരണം ചെയ്യുക. കൊല്ലുന്ന ഉരുക്കളുടെ ഉല്പന്നങ്ങൾ ചെലവുകുറഞ്ഞ രീതിയിൽ പാകപ്പെടുത്തി വിതരണം ചെയ്യാവുന്നതാണ്. ഉല്പാദകർക്ക് ലാഭവിഹിതം നൽകുക.

19. തീറ്റപ്പുൽകൃഷി വ്യാപകമാക്കുക. തോട്ടങ്ങളിൽ കളനാശിനി തളിക്കുന്നത് നിർത്തലാക്കുക. തീറ്റപ്പുൽ യൂറിയ ചേർത്ത് സമ്പുഷ്ടമാക്കുന്ന രീതി വ്യാപകമാക്കണം. പ്രാദേശികമായി കിട്ടുന്ന പദാർത്ഥങ്ങൾ ഉപയോഗിച്ച് കാലിത്തീറ്റയും കോഴിത്തീറ്റയും നിർമ്മിക്കുന്നതിന് തീറ്റ നിർമ്മാണ ഫാക്ടറി സ്ഥാപിക്കുക.

20. നവീനരീതിയിലുള്ള ഒരു അറവുശാല സ്ഥാപിക്കുക. ഉരുക്കളെ കൊല്ലുന്നതിനുമുമ്പും കൊന്നശേഷം മാംസവും വൈദ്യപരിശോധനയ്ക്ക് വിധേയമാക്കുക.

21. മുയൽ, ഗിനിപ്പന്നി, കാട എന്നിവയെ വളർത്തുന്നതിന് ധനസഹായത്തോടുകൂടി കുറഞ്ഞത് 50 യൂണിറ്റെങ്കിലും നടപ്പാക്കുക.

22. ബയോഗ്യാസ് പ്ലാന്റ് നിർമ്മിക്കുന്നതിന് പദ്ധതി തയ്യാറാക്കുക. സബ്സിഡി നൽകുക.

23. നല്ലയിനം പട്ടി, പൂച്ച, ലൗബേർഡ്സ് എന്നിവയെ ഉല്പാദിപ്പിച്ച് വിപണനം നടത്തുന്നതിന് യൂണിറ്റുകൾ സ്ഥാപിക്കുക.

24. പേവിഷബാധ തടയുന്നതിനുള്ള, പ്രതിരോധ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുകയും അലഞ്ഞുനടക്കുന്ന നായ്ക്കളെ പിടിച്ച് കൊല്ലുകയും ചെയ്യുക.

25. ആറ്റുതീരം ഉൾപ്പെടുന്ന 1, 2, 3, 4, 6. 8 എന്നീ വാർഡുകളിൽ താറാവ് വളർത്തൽ പ്രോത്സാഹിപ്പിക്കുക. സംരംഭകർക്ക് ധനസഹായം നൽകുക.

ക്ഷീരവികസനം

നമ്മുടെ സാമ്പത്തിക - സാമൂഹ്യമേഖലകളിൽ പശുക്കൾക്ക് അതിപ്രധാനമായ ഒരു സ്ഥാനമുണ്ട്. പഴയ കാലങ്ങളിൽ കാലികളെ വളർത്തിയിരുന്നത് പാലിനുവേണ്ടി മാത്രമായിരുന്നില്ല. വയലുകൾ ഉഴുന്നതിനും വണ്ടികൾ വലിക്കുന്നതിനും കൃഷിക്കാവശ്യമായ ചാണകം ലഭിക്കുന്നതിനും വേണ്ടിക്കൂടിയായിരുന്നു. ശാസ്ത്ര സാങ്കേതിക രംഗത്തുണ്ടായ പുരോഗതി അടുത്തകാലത്ത് ഒരു പുത്തൻ ഉണർവുണ്ടാക്കിയിട്ടുണ്ട്. 1962-63 ൽ കേരളത്തിലെ പാലിന്റെ ആളോഹരി ലഭ്യത 30 ഗ്രാം ആയിരുന്നുവെങ്കിൽ 95-96 ൽ ഇത് 190 ഗ്രാമായി ഉയർന്നു.

ക്ഷീരവികസനത്തിന്റെ മുഖ്യ ഉദ്ദേശം ജനങ്ങൾക്കാവശ്യമായ പാൽ ഉത്പാദിപ്പിക്കുക, കൂടുതൽ കുടുംബങ്ങൾക്ക് വരുമാനമുണ്ടാക്കുക, പാലിന്റെയും ഉത്പന്നങ്ങളുടെയും ഉപഭോഗം വഴി കുടുംബാംഗങ്ങളുടെ ആരോഗ്യസംരക്ഷണ ചുമതലകൾ നിറവേറ്റുക, കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുക, കാർഷിക വിളകൾക്കാവശ്യമായ ചാണകം ഉത്പാദിപ്പിക്കുക എന്നിവയാണ്.

ലാഭകരമായ ക്ഷീരോല്പാദനത്തിന് മൂന്ന് പ്രധാനപ്പെട്ട കാര്യങ്ങൾ ശ്രദ്ധിക്കണം.

ഉൽപ്പാദനക്ഷമതയുള്ള പശുക്കൾ, ശാസ്ത്രീയ തീറ്റക്രമവും പരിപാലനവും, പാലിന്റെയും ക്ഷീരോല്പന്നങ്ങളുടെയും സംഭരണവും വിതരണവും എന്നിവയാണത്.

1. ഉൽപ്പാദനക്ഷമതയുള്ള പശുക്കളും, പരിപാലനവും

ഉൽപാദനക്ഷമതയുള്ള പശുക്കളെ ലഭിക്കുന്നതിന് ധവളവിപ്ലവപദ്ധതിവഴി കാറ്റിൽ ഡവലപ്മെന്റ് അസിസ്റ്റന്റ്മാരെ നിയമിച്ച് മേൽത്തരം വിത്തുകാളകളുടെ ബീജം വീടുവീടാന്തരം പശുക്കളിൽ എത്തിച്ച് മേൽത്തരം പശുക്കളെ ഉൽപ്പാദിപ്പിക്കാൻ കഴിഞ്ഞിരുന്നു.

ഉൽപാദനക്ഷമതയുള്ള പശുക്കളെ വളർത്തുന്നതിന് ആവശ്യമായ വിദ്യകളും പരിശീലന നടപടികളും നടത്തേണ്ടതുണ്ട്. പശുവളർത്തലിൽ ആഭിമുഖ്യം ഉണ്ടാക്കാനാവശ്യമായ സെമിനാറുകളും ചർച്ചാക്ലാസ്സുകളും ക്ഷീരകർഷക സമ്പർക്ക പരിപാടികളും നടത്തേണ്ടതുണ്ട്.

2. പച്ചപ്പുൽകൃഷി

ക്ഷീരോൽപാദനത്തിൽ 65% ചിലവാകുന്നത് തീറ്റയ്ക്കാണ്. ഇവിടുത്തെ പശുക്കൾക്കാവശ്യമായ തീറ്റവസ്തുക്കൾ ഇവിടെതന്നെ ചിലവ് കുറച്ച് നിർമ്മിക്കാൻ പദ്ധതി നടപ്പാക്കണം. അതിനായി സന്നദ്ധ സംഘടനകളുടേയും ക്ഷീരസഹകരണ സംഘങ്ങളുടെയും ആഭിമുഖ്യത്തിൽ തീറ്റപ്പുൽ കൃഷി നടപ്പിലാക്കണം.

3. പാലിന്റെ ഉൽപ്പാദനം - സംഭരണം - വിതരണം

പാൽ വിറ്റഴിക്കുന്നതിന് കൂടുതൽ സഹകരണസംഘങ്ങൾ രൂപീകരിയ്ക്കേണ്ടതാണ്.

ക്ഷീരവികസന വകുപ്പിൽ നിന്നും പഞ്ചായത്ത് തലത്തിൽ നടപ്പാക്കാവുന്ന പദ്ധതികളുടെ പട്ടിക ചുവടെ ചേർക്കുന്നു

a) മാതൃകാ കാലിത്തൊഴുത്തു നിർമ്മാണം.

b) വാണിജ്യാടിസ്ഥാനത്തിലുള്ള ഡയറി യൂണിറ്റ്.

c) പാൽ പാത്രങ്ങൾ വാങ്ങുന്നതിന് ധനസഹായം.

d) കാലികൾക്ക് ഇൻഷ്വറൻസ്.

e) ഗർഭമുള്ള പശുക്കൾക്ക് വേനൽക്കാലത്ത് കാലിത്തീറ്റ സബ്സിഡി.

f) ചാണകക്കുഴി നിർമ്മാണം.

g) പഴയ തൊഴുത്തുകൾ അറ്റകുറ്റപ്പണി ചെയ്യുന്നതിന് ധനസഹായം.

h) 25 സെന്റ് സ്ഥലത്ത് തീറ്റപ്പുൽ കൃഷി ചെയ്യുന്നതിന് ധനസഹായം.

i) 5 സെന്റ് സ്ഥലത്ത് പുൽകൃഷി ചെയ്യുന്നതിനു സഹായം.

j) ഒരു സെന്റ് സ്ഥലത്ത് പുൽകൃഷി ചെയ്യുന്നതിനു ധനസഹായം.

k) പച്ചപ്പുൽ ഉണക്കി 'ഹെ' ഉണ്ടാക്കുന്ന പദ്ധതി.

l) സ്ത്രീകൾക്ക് കറവപശുവിനെ വാങ്ങാൻ ഗ്രാന്റ്.

m) ബാലവാടി, അംഗൻവാടി, പ്രൈമറി സ്കൂൾ വഴി കുട്ടികൾക്ക് പാൽ ഉല്പന്ന വിതരണം.

n) ക്ഷീരസഹകരണസംഘങ്ങൾക്ക് ധനസഹായം.

o) പട്ടികജാതിക്കാർക്ക് ഡയറിയൂണിറ്റ് സ്ഥാപിക്കുന്നതിന് ധനസഹായം.

p) ക്ഷീരകർഷകർക്ക് ഇൻഷ്വറൻസ്.

q) പട്ടികവർഗ്ഗക്കാർക്ക് ഡയറിയൂണിറ്റ് സ്ഥാപിക്കുന്നതിന് ധനസഹായം.

അനുബന്ധം 4

കൊക്കയാർ ഗ്രാമപഞ്ചായത്ത് 4.1 വളർത്തുമൃഗസംഖ്യ

വാർഡ് നമ്പർ	കാള നാടൻ		കാള സങ്കരം		പശുനാടൻ		പശു സങ്കരം		എരുമ		പോത്ത്	ആട്	പന്നി	കുതിര
	വംശവർദ്ധനവ്	മറ്റുള്ളവ	വംശവർദ്ധനവ്	മറ്റുള്ളവ	കറവ ഉള്ളത്	കറവ ഇല്ലാത്തത്	കറവ ഉള്ളത്	കറവ ഇല്ലാത്തത്	കറവ ഉള്ളത്	കറവ ഇല്ലാത്തത്				
1	2	3	4	5	6	7	8	9	10	11	12	13	14	15
I	-	-	-	2	10	-	252	179	1	-	-	193	172	
II	-	-	-	-	3	6	248	163	-	1	-	88	105	
III	-	1	2	16	6	11	162	107	1	-	-	133	99	
IV	-	-	-	2	6	7	108	77	-	1	-	129	71	
V	-	-	1	10	3	4	170	142	2	2	-	89	127	
VI	-	4	2	28	9	12	258	176	-	-	-	2	50	
VII	-	-	-	2	1	1	182	130	1	1	-	156	112	
VIII	-	-	-	2	1	0	151	72	4	1	1	196	84	
Tota	0	5	5	62	39	41	1531	1046	9	6	1	986	820	0

കൊക്കയാർ ഗ്രാമപഞ്ചായത്ത് 4. 2 വളർത്തു പക്ഷി സംഖ്യ

വാർഡ് നമ്പർ	പൂവൻകോഴി	പിടക്കോഴി		താറാവ്		മറ്റുള്ളവ
		മുട്ട ഇടുന്നത്	മുട്ട ഇടാത്തത്	ആൺ	പെൺ	
I	132	812	308	1	3	20
II	158	696	374	-	-	8
III	117	423	282	-	4	19
IV	120	593	208	2	1	12
V	162	733	241	-	2	13
VI	111	518	326	1	11	8
VII	145	678	419	-	2	16
VIII	169	705	233	6	22	24
Total	1114	5158	2391	10	45	120

1995 - '96 കൊക്കയാർ ഗ്രാമപഞ്ചായത്ത്

4. 3 രോഗവിവരങ്ങൾ

ക്രമ നമ്പർ	രോഗങ്ങൾ	പശു	എരുമ	ആട്	പന്നി	പട്ടി	കോഴി	താറാവ്	പൂച്ച	ആന	മറ്റുള്ളവ
1	2	3	4	5	6	7	8	9	10	11	12
1.	ദഹനസംബന്ധമായവ Digestive disorders	306		214	39	9	96		1		8
2.	ശ്വാസകോശസംബന്ധം Respiratory diseases	20		6	2		5				
3.	ഉപാപചയ സംബന്ധം Metabolic diseases	8		1							
4.	ത്വക് രോഗങ്ങൾ Skin diseases	48		12	3	9					3
5.	ധാതുലവണങ്ങളുടെ അഭാവം Deficiency diseases	123		28	12	1					
6.	പരാദരോഗങ്ങൾ Parasitic diseases	779	3	161	40	8	9				
7.	പ്രത്യുത്പാദന വ്യവസ്ഥയുമായി ബന്ധപ്പെട്ടവ Gynacological disorders	61		10	9	1					
8	വന്ധ്യത InferGdility	58	1	1							
9.	അകിടുവീക്കം Mastitis	61		4							
10.	മുടന്തൻ പനി Ephemeral Fever	46									
11.	പകർച്ച വ്യാധികൾ contagion diseases										
12.	ശാസ്ത്രക്രിയ	76	4	25	8	4	11			1	1

N.B. ഭൂപ്രകൃതിമൂലമുള്ള അസൗകര്യങ്ങളാൽ ഈ പഞ്ചായത്തിലെ നിവാസികൾ 35-ാം മൈലിലെയും മുണ്ടക്കയത്തെയും വെറ്ററിനറി ഹോസ്പിറ്റലുകളെ ആശ്രയിക്കുന്നതിനാൽ ശരിയായ കണക്ക് ഏകദേശം ഇവിടെ പ്രതിപാദിച്ചിരിക്കുന്നതിന്റെ മൂന്ന് ഇരട്ടി ആകും.

1995 - '96

കൊക്കയാർ ഗ്രാമപഞ്ചായത്ത്

4.4. പേ വിഷബാധ - പ്രതിരോധവും ചികിത്സയും

വിവരം	പശു	എരുമ	ആട്	പട്ടി	പൂച്ച	മറ്റുള്ളവ
പ്രതിരോധ കുത്തിവെയ്പ് നൽകിയവയുടെ എണ്ണം	-	-	-	361	1	-
കടിയേറ്റതിനുശേഷം കുത്തിവെയ്പു നടത്തിയവയുടെ എണ്ണം	-	-	-	-	-	-

1995 - 96

കൊക്കയാർ ഗ്രാമപഞ്ചായത്ത്

4.5. കൃത്രിമ ബീജസങ്കലന വിവരങ്ങൾ

വളർത്തുമൃഗം ഇനം	ആകെ എണ്ണം	കൃത്രിമ ബീജസങ്കലനം നടത്തിയവ	ഗർഭധാരണത്തിന് 2 ലധികം തവണ ബീജസങ്കലനം വേണ്ടിവന്നവ
പശു	–	418	11
കിടാരി	–	209	8
എരുമ	–	3	1

N.B. ഭൂപ്രകൃതിയിലുള്ള പ്രത്യേകതമൂലം ഈ പഞ്ചായത്തു നിവാസികൾ 35 മൈലിലെ വെറ്ററിനറി ഹോസ്പിറ്റലിനെയും കുട്ടിക്കാൽ ICDP Sub Centre എന്നിവയെ ആശ്രയിക്കുന്നതിനാൽ ശരിക്കുള്ള എണ്ണം ഏകദേശം 2 1/2 ഇരട്ടി വരും.

B. മൽസ്യബന്ധനം

കൊക്കയാർ പഞ്ചായത്തിൽ ജലാശയങ്ങളോ കായൽ കടൽ എന്നിവയുടെ സാമീപ്യമോ ഇല്ല. അതിനാൽ ഈ പഞ്ചായത്തിൽ മത്സ്യബന്ധനം ഇല്ല. പുല്ലുകയാറിന്റെയും കൊക്കയാറിന്റെയും തീരങ്ങളിൽ താമസിക്കുന്നവരിൽ ചിലർ സീസണുകളിൽ വലയുപയോഗിച്ച് അവരുടെ മാത്രം ആവശ്യത്തിന് സ്വാഭാവികമായി കണ്ടുവരുന്ന മൽസ്യം പിടിക്കാറുണ്ട്.

പ്രകൃതിദത്തമായ കുളങ്ങളോ ജലാശയങ്ങളോ ഇല്ലാത്തതിനാലും പുഴയിലേയും തോടുകളിലേയും ജലം വേനൽക്കാലത്ത് വറ്റിപ്പോകുന്നതിനാലും പുഴയിലും തോടുകളിലും വർഷത്തിൽ മുഴുവൻ ദിവസങ്ങളിലും മത്സ്യം ഉണ്ടായിരിക്കുകയും ഇല്ല.

വേനൽക്കാലത്ത് വെള്ളം വറ്റാത്ത ജലസ്രോതസ്സുകളുള്ള പ്രദേശങ്ങളിൽ കുളം നിർമ്മിച്ചും ധനസഹായം നൽകി മത്സ്യകൃഷി നടത്താവുന്നതാണ്.

അഴങ്ങാട്, പെരുവന്താനം മലകളിൽ നിന്നും ഉത്ഭവിച്ച് IV V VI VIII വാർഡുകളിലൂടെ ഒഴുകി പുല്ലുകയാറ്റിൽ ചേരുന്ന കൊക്കയാറും, കൂട്ടിക്കൽ, കൊക്കയാർ പഞ്ചായത്ത് അതിർത്തിയിലൂടെ കൊക്കയാർ പഞ്ചായത്തിന്റെ I II III IV VIII വാർഡുകളെ സ്പർശിച്ചൊഴുകുന്ന പുല്ലുകയാറും III - ാം വാർഡിൽ ഉറുമ്പിക്കര മുകളിൽ നിന്നും ഉത്ഭവിച്ച് ഈ വാർഡിന്റെ താഴ്വരയിലൂടെ ഒഴുകുന്ന പാപ്പാനിതോടും, ബോയ്സ് തോട്ടത്തിൽ വളമണ്ണപുരഭാഗത്തു നിന്നും ഉത്ഭവിച്ച് VI-ാം വാർഡിലെ ബോയ്സ് തോട്ടത്തിൽ കൂടി പരന്നൊഴുകുന്ന തോടുമാണ് പ്രധാന ഉപരിതല ജലസ്രോതസ്സുകൾ. ബോയ്സിലും, കൊടികുത്തിയിലും പമ്പുഹൗസിനോടു ചേർന്ന് തോട്ടം ഉടമ ബണ്ടുകെട്ടി ജലം തടഞ്ഞുനിർത്തിയിട്ടുണ്ട്. ഇവിടങ്ങളിൽ മത്സ്യകൃഷി നടത്തുന്നതിനുള്ള സാധ്യത പരിശോധിക്കേണ്ടതാണ്. ബോയ്സിലും കൊക്കയാർ പഞ്ചായത്താഫീസിനു സമീപത്തും അക്വേറിയം നിർമ്മിച്ച് അലങ്കാര മത്സ്യകൃഷി നടത്തുന്നതിനുള്ള സാധ്യതയും പരിശോധിക്കാവുന്നതാണ്.

ഈ പഞ്ചായത്തിലെ ജനങ്ങളുടെ ആവശ്യത്തിനായി ദിനംപ്രതി ഏകദേശം 500 കിലോഗ്രാം മത്സ്യം മറ്റു സ്ഥലങ്ങളിൽ നിന്നും കൊണ്ടുവന്ന് കച്ചവടം നടത്തുന്നുണ്ട്.


പ്രശ്നങ്ങൾ

1. മത്സ്യകൃഷി നടത്തുന്നതിന് അനുയോജ്യമായ ജലാശയങ്ങളോ കുളങ്ങളോ ഇല്ല.
2. ഇവിടെയുള്ള പുഴയിലേയും തോടുകളിലേയും ജലം വേനൽക്കാലത്ത് വറ്റിപ്പോകുന്നു.

സാദ്ധ്യതകൾ

1. I II III IV VI VIII വാർഡുകളിലുള്ള തോടുകളുടെ തീരത്ത് കുളങ്ങൾ കുഴിച്ച് മത്സ്യകൃഷി നടത്തുന്നതിന് ധനസഹായം നല്കുക. 3 മാസം ഇലപൊഴിയും കാലമായതിനാൽ ആ അവസരങ്ങളിൽ ഈ കുളങ്ങൾ കമ്പോസ്റ്റു നിർമ്മിക്കുന്നതിന് ഉപയോഗിക്കാം.
2. വേനൽക്കാലത്ത് വെള്ളം വറ്റാത്ത ജലസ്രോതസ്സുകൾ ഉള്ള സ്ഥലങ്ങളിൽ മത്സ്യകൃഷി നടത്താവുന്നതാണ്.
3. മത്സ്യകുഞ്ഞുങ്ങളെ ലഭ്യമാക്കാനുള്ള സൗകര്യം ഉണ്ടാകുക. ഈ രംഗത്തേക്ക് ജനങ്ങളെ ആകർഷിക്കാൻ ധനസഹായം ആവശ്യമാണ്.
4. പഞ്ചായത്തുവക കുളങ്ങൾ മീൻവളർത്തലിന് ലേലത്തിൽ കൊടുക്കുക.
5. അലങ്കാര മത്സ്യകുഞ്ഞുങ്ങളെ ഉല്പാദിപ്പിച്ച് വിപണനം നടത്തുന്നതിനും അക്വേറിയം നിർമ്മിക്കുന്നതിനും സബ്സിഡിയോട് കൂടി ധനസഹായം ചെയ്യുക.
6. മീൻവളർത്തലിൽ പരിശീലനം നൽകുവാൻ ഹ്രസ്വകാലപരിശീലന ക്ലാസുകൾ തുടങ്ങുക. പങ്കെടുക്കുന്നവർക്ക് സത്തയും നൽകേണ്ടതാണ്.
7. അന്യസ്ഥലങ്ങളിൽ നിന്നും ഈ പഞ്ചായത്തിൽ കൊണ്ടുവന്നു വിൽപ്പന നടത്തുന്ന പച്ചമീനിന്റെ ഗുണനിലവാരം പരിശോധിക്കേണ്ടതാണ്.

5.3 വ്യവസായം



ഗതാഗത സൗകര്യങ്ങളുടെ അപര്യാപ്തതയും ഈ പ്രദേശത്തെ വ്യവസായ വളർച്ചയ്ക്ക് തടസ്സം സൃഷ്ടിക്കുന്നു. വർഷങ്ങൾക്ക് മുമ്പ് ഉറുമ്പിക്കരയിലും മേലോരത്തും വെംബ്ലിയിലും തേയില ഫാക്ടറികളും വെംബ്ലിയിൽ ഒരു റബ്ബർ ഫാക്ടറിയും നല്ല രീതിയിൽ പ്രവർത്തിച്ചിരുന്നു. എന്നാൽ തോട്ടങ്ങളുടെ ചില്ലറ വില്പനയും, കാലാവസ്ഥയിലും കൃഷിയിലും വന്ന മാറ്റങ്ങളും ഈ ഫാക്ടറിയുടെ പ്രവർത്തനം നിലയ്ക്കുവാൻ കാരണമായി. സഹകാര്യമേഖലയിൽ ഹാരിസൺ മലയാളം ലിമിറ്റഡിന്റെയും, ഇടുക്കി റബ്ബേഴ്സിന്റെയും ഓരോ റബ്ബർ ഫാക്ടറികൾ മാത്രമാണ് ഇപ്പോൾ പ്രവർത്തിക്കുന്നത്. കൊക്കയാർ ഗ്രാമപഞ്ചായത്തിന്റെ സിംഹഭാഗവും റബ്ബർകൃഷിയായതിനാൽ റബ്ബർ അധിഷ്ഠിത വ്യവസായങ്ങൾക്കാണ് കൂടുതൽ സാദ്ധ്യതകൾ ഉള്ളത്. പരമ്പരാഗത വ്യവസായങ്ങൾ ഒന്നും തന്നെയില്ല. കുറ്റിപ്ലാങ്ങാട്, മേലോരം എന്നീ പ്രദേശങ്ങളിലുള്ളവർ മുള, ഈറ്റ മുതലായവ ഉപയോഗിച്ച് കുട്ട, മുറം മുതലായവ നിർമ്മിച്ച് വരുന്നു. ഈ പഞ്ചായത്ത് പ്രദേശത്തുള്ള വനഭൂമിയിൽ ഈറ്റ, മുള, ചൂരൽ മുതലായവ വ്യാപകമായി നട്ടുവളർത്തിയാൽ പരമ്പരാഗത വ്യവസായങ്ങളുടെ വളർച്ചയ്ക്ക് ഏറ്റവും സഹായകരമാകും.

നിലവിൽ പ്രവർത്തിക്കുന്ന ചെറുകിട വ്യവസായ യൂണിറ്റുകൾ

ഖാദിമേഖല

ഖാദി ബോർഡിന്റെ സഹായത്താൽ മേലോരം പട്ടിക വർഗ്ഗ വില്ലേജ് ഇൻഡസ്ട്രീസ്, ധന്യപട്ടിക വർഗ്ഗ വില്ലേജ് ഇൻഡസ്ട്രീസ്, നാരകംപുഴ, അംബേദ്കർ പട്ടികജാതി ഗ്രാമ വ്യവസായ സഹകരണ സംഘം വെബ്ളി എന്നീ മൂന്ന് യൂണിറ്റുകളുടെ പ്രാരംഭപ്രവർത്തനങ്ങൾ ആരംഭിച്ചു കഴിഞ്ഞു.

ചെറുകിട വ്യവസായ മേഖലകളിൽ സ്ത്രീകളുടെ പങ്കാളിത്തം വർദ്ധിച്ചുവരുന്നു. ഈ കാലത്ത് പുതിയ വ്യവസായ യൂണിറ്റുകൾ തുടങ്ങുവാൻ ഏറെതാല്പര്യം കാണിക്കുന്നതായി ഗ്രാമസഭാ റിപ്പോർട്ടുകൾ വ്യക്തമാക്കുന്നു. റെഡിമെയ്ഡ് വസ്ത്രങ്ങൾ, വിവിധതരം അച്ചാറുകൾ, കയ്യുറകൾ മുതലായവ നിർമ്മിക്കുന്ന വ്യവസായ യൂണിറ്റുകൾ എല്ലാ വാർഡുകളിലും ആരംഭിക്കണമെന്ന ആവശ്യം ഉയർന്നു വന്നിട്ടുണ്ട്.

പട്ടിക 1

ചെറുകിട വ്യവസായ യൂണിറ്റുകൾ — തൊഴിലാളികളുടെ എണ്ണം

ക്രമ നമ്പർ	വാർഡ് നമ്പർ	ഇനം വിവരങ്ങൾ	ആകെ വ്യവസായങ്ങൾ	പുരുഷൻ	സ്ത്രീ	ആകെ
1	1	വനിത ക്ഷീരോല്പന്ന വിപണന സംഘം ഏന്തയാർ	1	0	4	4
2	1	ഹൈറേഞ്ച് ഇൻഡസ്ട്രിയൽ, (ജനൽ, ഗയ്റ്റ്, ഗ്രിൽ, ഷട്ടർ) ഏന്തയാർ		3	0	3
3	1	ബിസ്മി ഇൻഡസ്ട്രിയൽ (ജനൽ, ഗയ്റ്റ്, ഷട്ടർ) ഏന്തയാർ		2	0	2
4	3	വനിതാ വ്യവസായ സഹകരണ സംഘം (റെഡിമെയ്ഡ്) വെബ്ളി		0	12	12
				5	16	21

പ്രശ്നങ്ങൾ:- കെ. കെ. റോഡും, പള്ളം-പോത്തുപാറ 66 കെ. വി. ലൈനും ഈ പഞ്ചായത്തിന്റെ വ്യാവസായിക വികസനത്തിന് ഏറെ സഹായകരമായ നിലയിലുണ്ടെങ്കിലും ഈ സൗകര്യങ്ങൾ വേണ്ട വിധത്തിൽ ചൂഷണം ചെയ്യുവാൻ പഞ്ചായത്തിന് കഴിഞ്ഞിട്ടില്ല. വാർത്താ വിനിമയ സൗകര്യങ്ങളുടെ അപര്യാപ്തതയും, മുതൽ മുടക്കാനുള്ള സംരഭകരുടെ താല്പര്യക്കുറവും ഒരു പരിധി വരെ പ്രശ്നങ്ങളുടെ ആക്കം കൂട്ടുന്നു. പ്രധാനമായും താഴെപ്പറയുന്ന കാരണങ്ങൾ കൊണ്ടാണ് വ്യവസായ വളർച്ച കൈവരിക്കാൻ കഴിയാതെ പോയത്.

1. മുഖ്യനാണ്യവിളയായ റബ്ബർ വേണ്ടവണ്ണം പ്രയോജനപ്പെടുത്തുവാൻ കഴിയുന്നില്ല.

2. ഊർജ്ജലഭ്യതയുടെ കുറവ്

3. സാങ്കേതിക പരിജ്ഞാനക്കുറവ്

4. സർക്കാരിൽ നിന്നും മറ്റ് ഏജൻസികളിൽ നിന്നും ധനസഹായം ലഭിക്കുന്നതിനുള്ള ബുദ്ധിമുട്ട്

5. വിപണന സൗകര്യങ്ങളുടെ കുറവ്

6. പരമ്പരാഗത വ്യവസായങ്ങളോടുള്ള അവഗണന.

7. വ്യവസായ മേഖലയുമായുള്ള സമ്പർക്കക്കുറവ്

8. കുത്തകകളുടെ ഉല്പന്നങ്ങളുമായി മത്സരിക്കുന്നതിനുള്ള കഴിവില്ലായ്മ

ഇവിടെ ലഭ്യമായ വിഭവങ്ങൾ ഉപയോഗിച്ച് ആരംഭിയ്ക്കുവാൻ കഴിയുന്ന വ്യവസായ യൂണിറ്റുകൾ

പട്ടിക II

വിഭാഗം	നമ്പർ	
എസ്. എസ്. ഐ. ജനറൽ	1	മരം ഫർണിച്ചർ
	2	റബർ ബാൻറ് - കയ്യുറ യൂണിറ്റ്
	3	സോപ്പ് നിർമ്മാണം
	4	തേനീച്ച വളർത്തൽ
	5	ചപ്പൽ നിർമ്മാണം
	6	റബ്ബർ സംസ്ക്കരണ യൂണിറ്റ്
	7	തെങ്ങ് റബ്ബർ ഇവ കൊണ്ട് കെട്ടിട നിർമ്മാണ സാമഗ്രികൾ
	8	മെറ്റൽ ക്രഷർ
	9	ആയുർവേദ - മരുന്നു നിർമ്മാണം
	10	സിമൻറ് കട്ട - ഹോളോ ബ്രിക്സ് നിർമ്മാണം

വിഭാഗം	നമ്പർ	
വനിത	11	അലൂമിനിയ പാത്രനിർമ്മാണം
	12	തീപ്പെട്ടി നിർമ്മാണം
	13	റെഡിമെയ്ഡ്
	14	മെഴുകുതിരി നിർമ്മാണം
	15	കറിപൗഡർ - കയ്യുറ നിർമ്മാണം
	16	ബുക്ക് ബയൻറിംഗ്
	17	ബേക്കറി പലഹാര നിർമ്മാണം
	18	വാഴനാരുപയോഗിച്ച് കരകൗശല വസ്തു നിർമ്മാണം
	19	പഴവർഗ്ഗങ്ങൾ ഉപയോഗിച്ച് ജാം നിർമ്മാണം
	20	ഈറ്റ - ചിരട്ട എന്നിവ ഉപയോഗിച്ച് കരകൗശല നിർമ്മാണം

മാർക്കറ്റ്

കൊക്കയാർ പഞ്ചായത്തിൽ പൊതു മേഖലയിലോ സഹകാര്യ മേഖലയിലോ മാർക്കറ്റില്ല. ഇപ്പോൾ ഈ ആവശ്യങ്ങൾക്ക് കോട്ടയം ജില്ലയിലെ മുണ്ടക്കയം ടൗണിനെയാണ് ആശ്രയിക്കുന്നത്. ഓരോ വാർഡിലും അങ്ങിങ്ങായി ചില കച്ചവട സ്ഥാപനങ്ങൾ ഉണ്ടെങ്കിലും, ഗതാഗത സൗകര്യങ്ങളുടെ കുറവ് സാധനങ്ങളുടെ വില വർദ്ധനവിന് കാരണമാകുന്നു. ടാക്സികൾ, പൊതു നിരക്കിനേക്കാൾ കൂടുതൽ തുക വാങ്ങുന്നതിനാൽ ആവശ്യസാധനങ്ങൾ വീടുകളിൽ എത്തിക്കുന്നതിനും കാർഷിക വിളകൾ വിപണികളിലെത്തിക്കുന്നതിനും ചിലവേറുന്നു. 35-ാം മൈൽ, ഏന്തയാർ തീയേറ്റർ ജംഗ്ഷൻ എന്നിവിടങ്ങളിൽ ആഴ്ച ചന്തകൾ ആരംഭിയ്ക്കേണ്ടതാണ്.



5.4



വിദ്യാഭ്യാസം

വിദ്യാഭ്യാസ രംഗത്തെ മാർഗദർശകർ ക്രിസ്ത്യൻ മിഷ്യനറിമാരാണ്. ക്രിസ്ത്യൻ മിഷ്യനറിമാർ മത പ്രചരണത്തോടൊപ്പം സാമൂഹ്യ സാംസ്ക്കാരിക വിദ്യാഭ്യാസ മേഖലകളിലും ശ്രദ്ധ പതിപ്പിച്ചു. ക്രിസ്തുമതത്തിലേക്ക് മതപരിവർത്തനം ചെയ്ത വർക്ക് അക്ഷരാഭ്യാസം നൽകുന്നതിനാണ് അവർ ആദ്യമായി ശ്രമിച്ചത്. നമ്മുടെ ഗ്രാമത്തിലെ പ്രഥമ വിദ്യാലയം കൊല്ലവർഷം 1077-ൽ (AD 1899) നാരകംപുഴയിൽ സ്ഥാപിക്കപ്പെട്ടു. ആ സ്ഥലത്തിന് പള്ളിക്കൂട പറമ്പ് എന്നാണ് ഇന്നും പേര്.

കാലക്രമത്തിൽ താരതമ്യേന സമ്പന്നരായ കുടിയേറ്റക്കാർ പുല്ലകയാറിന്റെ മറുകരയിൽ താമസമാക്കി. ഈ സമ്പന്ന വിഭാഗത്തിന്റെ കുട്ടികൾക്കായി അവരുടെ സ്വാധീനം മൂലം നാരകംപുഴയിൽ നിന്നും ആറിന്റെ മറുകരയിലേക്ക് വിദ്യാലയം മാറ്റി സ്ഥാപിക്കപ്പെട്ടു.

നമ്മുടെ ഗ്രാമത്തിൽ അറിവിന്റെ കൈത്തിരികൊളുത്തിയ കൂട്ടിക്കൽ സി. എം. എസ്. എൽ. പി. സ്കൂൾ 95 വർഷങ്ങൾ പിന്നിട്ടിരിക്കുന്നു. 2001-ാം ആണ്ടിൽ 100-ാം പിറന്നാൾ ആഘോഷിക്കുന്ന ഈ വിദ്യാലയം കേരളത്തിന്റെ വിദ്യാഭ്യാസ ചരിത്രത്തിൽ നമുക്കുള്ള പാരമ്പര്യത്തിന്റെ ഉത്തമ ഉദാഹരണമാണ്.

ഗ്രാമത്തിലെ ആദ്യത്തെ സർക്കാർ വിദ്യാലയം കൊല്ലവർഷം 1103-ൽ സ്ഥാപിച്ച കുറ്റിപ്ലാംഗാട് ഗവ. എൽ. പി. സ്കൂളാണ്. തിരുവിതാംകൂർ മഹാറാണി സേതു ലക്ഷ്മിഭായി ആണ് സ്കൂൾ അനുവദിച്ചത്. മലയരയന്മാരായ ചെമ്പനാൽ കുമരൻ, കൊച്ചു വീട്ടിൽ ഇട്ടി, കുന്നത്താൻ പള്ളിയിൽ കോന്തി എന്നിവർ ചേമ്പിലയിൽ എഴുതിയാണ് നിവേദനം സമർപ്പിച്ചത് എന്ന കാര്യം പ്രത്യേകം പ്രസ്താവ്യമാണ്. ഇന്ന് ഈ വിദ്യാലയം ഹൈസ്കൂൾ ആയി ഉയർത്തപ്പെട്ടിരിക്കുന്നു.

സർക്കാർ മേഖലയിൽ ഒരു ഹൈസ്കൂളും സ്വകാര്യമേഖലയിൽ 2 ഹൈസ്കൂളുകളും 2 യു. പി. സ്കൂളുകളും 3 പ്രൈമറി സ്കൂളുകളും ഉൾപ്പെടെ 8 വിദ്യാലയങ്ങൾ പഞ്ചായത്ത് അതിർത്തിക്കുള്ളിൽ പ്രവർത്തിക്കുന്നു. ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങൾ ഒന്നും പഞ്ചായത്തിനുള്ളിൽ ഇല്ല.

പ്രൈമറി തലം അപ്പർ പ്രൈമറി തലം ഹൈസ്കൂൾ തലം എന്നീ വിഭാഗങ്ങളിലായി പഠിക്കുന്ന വിദ്യാർത്ഥികളുടെ കണക്ക് ഓരോ സ്കൂളിലേയും പ്രത്യേകമായി തരം തിരിച്ച് ചേർക്കുന്നു.

ലോവർ പ്രൈമറി തലത്തിൽ ആൺകുട്ടികളും പെൺകുട്ടികളും എണ്ണത്തിൽ തുല്യതനിലനിർത്തുന്നുണ്ടെങ്കിലും മൊത്തത്തിൽ 37% മാത്രമാണ് വിദ്യാർത്ഥിനികൾ. അദ്ധ്യപകരുടെ കാര്യത്തിൽ സ്ഥിതി മറിച്ചാണ്.62.5%ജീവനക്കാർ അദ്ധ്യാപികമാരാണ്. പട്ടിക 1.C

സാമ്പത്തിക സാമൂഹ്യ കാരണങ്ങളാൽ വളരെ ചെറിയ ശതമാനം വിദ്യാർത്ഥികൾ പഠനം നിർത്തുന്നതായി മനസിലാകുന്നു. 1995-96 വിദ്യാഭ്യാസ വർഷത്തിൽ കൊഴിഞ്ഞു പോയ വിദ്യാർത്ഥികളുടെ കണക്ക് പട്ടിക 1E ആയി ചുവടെ ചേർക്കുന്നു.

പട്ടിക 1 E

sc/st			മറ്റുള്ളവർ			ആകെ		
ആൺ	പെൺ	ആകെ	ആൺ	പെൺ	ആകെ	ആൺ	പെൺ	ആകെ
5	1	6	18	6	24	23	7	30

പഠന നിലവാരത്തിന്റെ കാര്യത്തിൽ സ്വകാര്യ മേഖലയിലെ സ്കൂളുകളാണ് മുൻ നിരയിൽ നില്ക്കുന്നത്. 10-ാം തരത്തിലെ വിജയശതമാനത്തിന്റെ വെളിച്ചത്തിൽ കുറ്റിപ്ലാംഗാട് ഗവ. ഹൈസ്കൂളിലെ പഠന നിലവാരം വളരെ പിന്നിലാണെന്നു വ്യക്തമാകുന്നു. ഇതിനുള്ള കാരണങ്ങൾ പലതാണ്. വിദ്യാർത്ഥികളുടെ കുടുംബ അന്തരീക്ഷവും സാമൂഹ്യ സ്ഥിതിയും ഒരു പ്രധാന ഘടകമാണ്. ഇതിന് ഉപോൽബലകമായി എടുത്തു പറയാനുള്ള മറ്റൊരു പ്രധാന കാരണം വിദ്യാലയത്തിലെ ഭൗതിക സൗകര്യങ്ങളുടെ കുറവാണ്. അദ്ധ്യാപകർക്ക് എത്തിച്ചേരാനുള്ള യാത്രാ സൗകര്യത്തിന്റെ കുറവും താമസ സൗകര്യമില്ലായ്മയും പരിഗണിക്കേണ്ടതാണ്.

കുറ്റിപ്ളാങ്ങാട് ഗവ. ഹൈസ്കൂളിലെ വിദ്യാർത്ഥികളിൽ ഭൂരിഭാഗവും പട്ടിക ജാതി/പട്ടിക വർഗ്ഗ വിദ്യാർത്ഥികളാണ്. ആകെയുള്ള 213 വിദ്യാർത്ഥികളിൽ 131 പേർ പട്ടിക ജാതി/ പട്ടിക വർഗ്ഗ വിദ്യാർത്ഥികളാണ്. 61.5% വിദ്യാർത്ഥികൾ പട്ടികജാതി/പട്ടിക വർഗ്ഗ വിഭാഗത്തിൽ പെടുന്നു.

കഴിഞ്ഞ 5 വർഷങ്ങളിലെ S.S.L.C. വിജയ ശതമാനം പട്ടികയായി കാണിക്കുന്നു.

പട്ടിക 1 A

അദ്ധ്യാപകർ വിദ്യാർത്ഥികൾ

No	വിദ്യാലയത്തിന്റെ പേര്		ആകെ വിദ്യാർത്ഥികൾ			അധ്യാപകർ		
			ആൺ	പെൺ	ആകെ	പു	സ്ത്രീ	ആകെ
1	സെ. ജോർജ് H.S.	H.S.	59	68	127	3	4	7
	മുക്കുളം	U.P.	56	62	118	2	3	5
		L.P.	51	48	99	1	3	4
2	സെ. ആൻറണീസ്	H.S.	430	156	586	12	8	20
	മുണ്ടക്കയം							
3	ഗവ. ഹൈസ്കൂൾ	H.S.	38	34	72	4	2	6
	കുറ്റിപ്ളാംഗാട്	U.P.	37	37	74	1	2	3
		L.P.	35	32	67	1	3	4
4	സെ. ആൻറണീസ് U.P.S. മുണ്ടക്കയം		529	138	667	3	15	18
5	മരിയ ഗൊരോത്തി U.P.S.	U.P.	30	49	79	1	5	6
	മേലോരം	L.P.	47	51	98	1	3	4
6	സെ.ലൂയിസ് L.P.S. മുണ്ടക്കയം		142	114	256	3	6	9
7	സെ. സെബാസ്റ്റ്യൻസ് L.P.S							
	വടക്കേമല		42	65	107	3	1 4	
8	കുമാരനാശാൻ മെമ്മോറിയൽ							
	L.P.S മരുതുംമൂട്		103	100	203	1 5	6	
	ആകെ		1599	954	2553	36	60	96

പട്ടിക 1.B
പെൺകുട്ടികളുടെ വിവരം

	L.P. വിഭാഗം			U.P.വിഭാഗം			H.S.വിഭാഗം		
ആകെ വിദ്യാർത്ഥികൾ	B	G	%	B	G	%	B	G	%
2453	1599	954	493	652	286	34	527	258	32.8

പട്ടിക 1.C
L.P., U.P.,H.S. വിഭാഗങ്ങളിലെ ആകെ വിദ്യാർത്ഥികൾ.

ആകെ			L.P.			U.P.			H.S.		
B	G	T	B	G	T	B	G	T	B	G	T
1599	954	2453	420	410	830	652	286	838	527	258	785

പട്ടിക 1 D
പട്ടിക ജാതി /പട്ടിക വർഗ്ഗ വിദ്യാർത്ഥികളുടെ കണക്ക്

ആകെ	L.P.			U.P.			H.S		
	ആകെ	sc/st	%	ആകെ	sc/st	%	ആകെ	sc/st	%
2453	830	170	20	838	232	28	785	109	14

വിദ്യാഭ്യാസ സൗകര്യങ്ങൾ പര്യാപ്തമല്ല എന്ന കാര്യം ഖേദപൂർവ്വം പ്രസ്താവിക്കേണ്ടിയിരിക്കുന്നു. പ്രൈമറി വിദ്യാഭ്യാസത്തിനു വേണ്ടി പിഞ്ചുകുട്ടികൾ എട്ടു കിലോമീറ്റർ വരെ നടന്നാണ് പഠിക്കാൻ എത്തുന്നത്. പഠനോപകരണങ്ങളുടെ ലഭ്യത വളരെ കുറവാണ്. മാനസീക വളർച്ചക്ക് ഉതകുന്ന കലാകായിക സൗകര്യങ്ങൾ ഇല്ല. മറ്റു ഭൗതീക സൗകര്യങ്ങളും പരിമിതമാണ്. യാത്രാ സൗകര്യത്തിന്റെ കാര്യം അതിലും കഷ്ടമാണ്. വാഹന സൗകര്യമോ നല്ല റോഡുകളോ ഇല്ലാത്തതിനാൽ കുട്ടികൾക്ക് ആയാസ രഹിതമായി സ്കൂളിൽ എത്താൻ കഴിയുന്നില്ല. നിലവാര തകർച്ചക്ക് ഇതും ഒരു കാരണമായി തീരുന്നു.

അക്കാഡമിക് സൗകര്യങ്ങൾ - സാഹചര്യങ്ങൾ

പരിഹാര നിർദ്ദേശങ്ങൾ

1. പ്രീപ്രൈമറി വിദ്യാലയങ്ങൾ എല്ലാ സ്കൂളിനോടും ചേർന്ന് പ്രവർത്തനം ആരംഭിക്കണം.

2. തൊഴിലധിഷ്ഠിത വിദ്യാഭ്യാസസ്ഥാപനങ്ങളും ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളും ആരംഭിക്കണം.

3. പ്രാഥമിക സൗകര്യങ്ങളായ കുടിവെള്ളം, വൈദ്യുതി,കക്കൂസ് എന്നിവ ലഭ്യമാക്കണം.

4. കുറ്റില്ലാംഗാട് ഹൈസ്കൂളിൽ പ്ളസ് ടു കോഴ്സ് ആരംഭിക്കണം.

5. മരുതുംമൂട് കുമാരനാശാൻ മെമ്മോറിയൽ L.P.School അപ്ഗ്രേഡ് ചെയ്യണം.

6. യാത്രാക്ളേശവും അധ്യാപകർക്ക് താമസസൗകര്യത്തിന്റെ കുറവും കുറ്റില്ലാംഗാട് ഗവ.ഹൈസ്കൂളിലെ പഠനനിലവാരത്തെ പ്രതികൂലമായി ബാധിക്കുന്നതിനാൽ യാത്രാസൗകര്യവും താമസസൗകര്യവും

No	വിദ്യാലയത്തിന്റെ പേര്	ഡിവിഷനുകൾ	വിദ്യാർത്ഥികൾ	അധ്യാപകർ	മൂത്രപ്പുര	കക്കൂസ്	കുടിവെള്ളം	വൈദ്യുതി	പാചകമുറി	കളിസ്ഥലം	Radio	Tape	ടി.വി.
1	സെ.ജോർജ്ജ്. H.S. മുക്കുളം	11	344	16	2	2				2ഏക്കർ	1		
2	സെ.ആൻറണീസ് H.S. മുണ്ടക്കയം	12	586	20	2	3				1ഏക്കർ	1		1
3	ഗവ: ഹൈസ്കൂൾ കുറ്റിപ്ലാങ്ങാട്	10	213	13	2		ഇല്ല	ഇല്ല	ഇല്ല	ഇല്ല			
4	സെ. ആൻറണീസ് U.P.S.മുണ്ടക്കയം	13	667	18	2	1				1ഏക്കർ	1		
5	മരിയാഗോരോത്തിസ് U.P.S. മേലോരം	7	177	10	1	1				1/2ഏ			
6	സെ.ലൂയിസ് L.P.S. മുണ്ടക്കയം	7	256	9	2	1				1ഏക്കർ	1		
7	സെ.സബാസ്റ്റ്യൻസ് L.P.S. വടക്കേമല	4	107	4	-					ഇല്ല			
8	കുമാരനാശാൻ മെമ്മോറിയൽ L.P.S. മരുതുംമൂട്	6	203	6	2			ഇല്ല	ഇല്ല				

അടിയന്തിരമായി ഉണ്ടാകണം.

7.അനൗപചാരിക വിദ്യാഭ്യാസത്തിന്റെ വളർച്ചക്കായി ലൈബ്രറികൾ എല്ലാ വാർഡിലും ആരംഭിക്കണം .

8. 35-ാം മൈലിൽ പ്രവർത്തിച്ചു കൊണ്ടിരുന്ന ട്രേഡു സ്കൂൾ പുനരാരംഭിക്കണം. തോട്ടം മേഖലയിലെ തൊഴിലാളികളുടെ മക്കൾക്ക് കൂടുതൽ ജോലിസാധ്യത ഉറപ്പു വരുത്താൻ ഇതു മൂലം കഴിയും.


S.S.L.C. വിജയ ശതമാനം

No	വിദ്യാലയം	1991-92	92-93	93-94	94-95	95-96
1	സെ.ആൻറണീസ് H.S. മുണ്ടക്കയം	83.5	84.5	85.5	78	86
2	സെ. ജോർജ്ജ് H.S. മുക്കുളം	90	80	94	52	49
3	ഗവ. H.S.കുറ്റിപ്ളാങ്ങാട്	18	30	18	20	25

III- IX ക്ളാസുകളിലെ പഠന നിലവാരം

ക്ളാസ്	30%ൽ താഴെ മാർക്കു ലഭിച്ചവർ	30%-40%	40 - 50	50 - 60	60%നു മേൽ	
III	48	34	42	39	63	
IV	41	30	50	32	47	
V	47	53	97	79	33	
VI	49	60	85	74	37	
VII	64	62	97	75	30	
VII	113	38	31	59	32	
VIII	123	43	58	49	32	
IX	37	52	42	41	33	

5.5 കുടിവെള്ളം പാർപ്പിടവും



A. കുടിവെള്ളം

ശുദ്ധവായു, ശുദ്ധജലം, ശുചിത്വമുള്ള പാർപ്പിടം എന്നിവ ഒരു ജനതയുടെ ആരോഗ്യപരിപാലനത്തിന്റെ മുഖ്യഘടകങ്ങളാണ്. പഞ്ചായത്തിലെ 40% ജനങ്ങൾ കുടിവെള്ളത്തിന് സ്വകാര്യകിണറുകളെയും 35% ജനങ്ങൾ നീരുറവകളെയുമാണ് ആശ്രയിക്കുന്നത്. പൊതുവിതരണത്തിനായി കേരളാ വാട്ടർ അതോറിറ്റിയുടെ 4 ശുദ്ധജലവിതരണ പദ്ധതികൾ പ്രവർത്തിക്കുന്നുണ്ട്. 25% ജനങ്ങൾക്കു മാത്രമേ ഇതിന്റെ പ്രയോജനം ലഭിക്കുന്നുള്ളു .

കേരളത്തിൽ ഏറ്റവും കൂടുതൽ മഴ ലഭിക്കുന്ന പ്രദേശങ്ങളിൽ ഒന്നാണ് കൊക്കയാർ. എന്നാൽ ഭൂപ്രകൃതിയുടെ പ്രത്യേകത മൂലം ആണ്ടിൽ 5 മാസത്തോളം കുടിവെള്ളക്ഷാമം അനുഭവപ്പെടുന്നു. രത്നഗിരി, പൂവഞ്ചി, മുളംകുന്ന്, ഉറുമ്പിക്കര, കുറ്റിപ്ളാങ്ങാട്, പട്ടിക്കുന്ന്, മുക്കുളംടോപ്പ് , വെംബ്ളി, വടക്കേമല എന്നീ ഭാഗങ്ങൾ കടുത്ത ജലക്ഷാമം അനുഭവപ്പെടുന്ന പ്രദേശങ്ങളാണ് .

ശുദ്ധജല ലഭ്യതയെ സംബന്ധിച്ച പട്ടിക

സ്വകാര്യ കുളങ്ങൾ	പൊതുകിണറുകൾ	സ്വകാര്യ കിണറുകൾ	കുഴൽ കിണറുകൾ	പൊതു ടാപ്പ്	നദികൾ	അരുവികൾ
4	11	450	5	118	2	8

നിലവിലുള്ള ജലവിതരണ പദ്ധതികൾ

1 മുക്കുളം ശുദ്ധജലവിതരണ പദ്ധതി

2 വടക്കേമല ശുദ്ധജലവിതരണപദ്ധതി

3 കുറ്റിപ്ളാങ്ങാട് ശുദ്ധജലവിതരണപദ്ധതി

4 മുളംകുന്ന് ശുദ്ധജലവിതരണ പദ്ധതി

നിലവിലുള്ള പദ്ധതികളുടെ പോരായ്മകൾ

1) മുക്കുളം ശുദ്ധജല പദ്ധതി

വർഷകാലത്ത് തോട്ടിൽ കൂടി ഒഴുകി വരുന്ന കല്ലും മണ്ണും വീണ് ജലസംഭരണി നിറയുന്നതിനാൽ അധികം വെള്ളം സംഭരിക്കാൻ സാധിക്കുന്നില്ല.

2) വടക്കേമലയിൽ ശുദ്ധജലവിതരണത്തിന് ഉപയോഗിക്കുന്ന G.I. പൈപ്പുകൾ തുരുമ്പെടുത്ത് നശിച്ചു കൊണ്ടിരിക്കുന്നു. ഇവമാറ്റി പുതിയ പൈപ്പുകൾ സ്ഥാപിക്കേണ്ടതാണ്. കൂടാതെ ജലസംഭരണിയുടെ ചോർച്ച തടയുന്നതിന് അറ്റകുറ്റ പണികൾ നടത്തേണ്ടതാണ്.

3) കുറ്റിപ്ളാങ്ങാട് ശുദ്ധജലവിതരണ പദ്ധതി

വോൾട്ടേജ് ക്ഷാമം മൂലം പഞ്ചായത്താഫീസിനു സമീപം സ്ഥാപിച്ച കുഴൽകിണർ പ്രവർത്തിക്കുന്നില്ല . ഈ പ്രദേശത്ത് പുതിയ ട്രാൻസ്ഫോർമർ സ്ഥാപിച്ച് പ്രശ്ന പരിഹാരം കാണേണ്ടതാണ്.

4) മുളംകുന്ന് ശുദ്ധജലവിതരണ പദ്ധതി.

ബോയിസ് എസ്റ്റേറ്റിലെ പെരുവന്താനം ഡിവിഷനിൽ സ്ഥാപിച്ചിട്ടുള്ള പമ്പുഹൗസിലെ പമ്പും മോട്ടോറും യന്ത്രത്തകരാറുമൂലം ശുദ്ധജലവിതരണം തടസ്സപ്പെടുന്നു. കൂടാതെ നിലവാരം കുറഞ്ഞ P.V.C. പൈപ്പുകൾ പൊട്ടിപ്പൊളിഞ്ഞ് ജലവിതരണം താറുമാറായിക്കൊണ്ടിരിക്കുന്നു.

മതിയായ അളവിൽ മഴ ലഭിക്കുന്ന പ്രദേശമായതിനാലും പൊതുവെ സസ്യാവരണം ഉള്ളതിനാലും മലനിരകളിൽ പലഭാഗത്തും വേനൽക്കാലത്ത് വറ്റിപ്പോകാത്ത നീരുറവകളും അരുവികളും ഉണ്ട്. ഇത്തരം സ്ഥലങ്ങളിൽ ജലസംഭരണികളും ചെക്ക് ഡാമുകളും നിർമ്മിച്ചാൽ പമ്പുസെറ്റുകളുടെ ആവശ്യമില്ലാതെ തന്നെ സ്വാഭാവികരീതിയിൽ താഴ്ന്ന പ്രദേശങ്ങളിൽ കുടിവെള്ളം എത്തിക്കാൻ സാധിക്കും. മുക്കുളം, വടക്കേമല, ഉറുമ്പിക്കര, മേലോരം, അഴങ്ങാട്, തുടങ്ങിയ സ്ഥലങ്ങളിലെല്ലാം ഇത്തരം സ്വാഭാവിക നീരുറവകൾ ഉണ്ട്.

സാദ്ധ്യമായ ഏതാനും പദ്ധതികളും അവയിൽ നിന്നുള്ള നേട്ടവും ചുവടെ ചേർക്കുന്നു.

1) വെമ്പാല പദ്ധതി

പുളിക്കൽ പുരയിടം ഭാഗത്ത് ഒരു ജലസംഭരണി നിർമ്മിച്ച് തൂങ്ങാമുടി, വെള്ളപ്പൊട്ട്, തേവർകുന്ന് ഭാഗങ്ങളിൽ പൈപ്പ്ലൈൻ സ്ഥാപിച്ചാൽ മുക്കുളം പ്രദേശത്തെ ശുദ്ധജലക്ഷാമം പരിഹരിക്കാവുന്നതാണ്.

2) കൽതൊട്ടി പദ്ധതി

പാപ്പാനി തോട്ടിൽ ഒരു ഡാം നിർമ്മിച്ചാൽ ചെലവ് കുറഞ്ഞ രീതിയിൽ 1,2,3,4 വാർഡുകളിൽ കുടിവെള്ളം എത്തിക്കുവാൻ സാധിക്കും. ഇവിടെ വൈദ്യുതി ഉൽപ്പാദിപ്പിക്കുവാനുള്ള സാദ്ധ്യതയും പരിശോധിക്കാവുന്നതാണ്.

3) കുറ്റിപ്ളാങ്ങാട്ട് പദ്ധതി

കുറ്റിപ്ളാങ്ങാട്ട് ടോപ്പ്, ഉറുമ്പിക്കര ഈസ്റ്റ്, രാമലാൻറ് എന്നിവിടങ്ങളിൽ ജലസംഭരണികൾ സ്ഥാപിച്ചാൽ ഗിരിജൻ കോളനിയിലെ ജലക്ഷാമം പരിഹരിക്കാം.

4) പട്ടിക്കുന്ന് പദ്ധതി

ഉറുമ്പിക്കര ഭാഗത്ത് ടാങ്കു നിർമ്മിച്ച് പട്ടിക്കുന്ന്, മേലോരം ഭാഗങ്ങളിൽ ജലവിതരണം നടത്താവുന്നതാണ്. മേലോരം കുന്നുംപുറം കോളനിയിലും വെളളം എത്തിക്കാൻ സാധിക്കും.

5) വളഞ്ചാംകാനം പദ്ധതി

പെരുവന്താനം പഞ്ചായത്തിന്റെ സഹകരണത്തോടെ വളഞ്ചാംകാനത്ത് ജലസംഭരണി സ്ഥാപിച്ചാൽ മുളംകുന്ന്, ബോയ്സ് പ്രദേശങ്ങളിൽ വളരെ ചിലവു കുറഞ്ഞ രീതിയിൽ ജലവിതരണം നടത്താൻ സാധിക്കും.

മറ്റു പദ്ധതികൾ (ചെറുകിട ശുദ്ധജല പദ്ധതികൾ)

A. ചെറുകിട പദ്ധതികൾ

1) വെംബ്ളി ജല വിതരണ പദ്ധതി

വെംബ്ളിയിൽ പാപ്പാനി തോടിന് സമീപം കുളം കുഴിച്ച് പമ്പു സെറ്റ് സ്ഥാപിച്ച് വെംബ്ളി പട്ടികജാതി കോളനിയിലും, കിഴക്കേത്തലയ്ക്കൽ പുരയിടത്തിൽ കുളം നിർമ്മിച്ച് നിരവുപാറ ഭാഗത്തും ജലവിതരണം നടത്താം.

2) 5-ാം വാർഡിൽ വേലനാത്ത് സണ്ണിയുടെ പുരയിടത്തിൽ ജലസംഭരണി സ്ഥാപിച്ച് അഴങ്ങാട്ട് ഭാഗത്തും മേലോരം ഭാഗത്തും ജലക്ഷാമം പരിഹരിക്കാം.

3) ബോയ്സ് എസ്റ്റേറ്റിലെ കുളം വലുതാക്കുക. 6-ാം വാർഡിൽ ആറ്റോരം കോളനിയിലേക്ക് നിലവിലുള്ള പൈപ്പ് ലൈൻ നീട്ടുക.

4) കരിപ്പാപ്പറമ്പിൽ പദ്ധതി

പൂവഞ്ചിയിൽ കരിപ്പാപ്പറമ്പിൽ പുരയിടത്തിൽ കുളം നിർമ്മിച്ചാൽ 34-ാം മൈൽ

കല്ലേപ്പാലം ഭാഗങ്ങളിൽ ശുദ്ധജലം എത്തിക്കാം.

5) നാരകംപുഴ പദ്ധതി

നാരകംപുഴിയിൽ ചന്തക്കടവു ഭാഗത്ത് കിണർ കുഴിച്ച് ബംഗ്ളാവു പറമ്പിൽ ജലസംഭരണി നിർമ്മിച്ചാൽ നാരകം പുഴ ഗിരിജൻ കോളനിയിലെ കുടിവെള്ള ക്ഷാമം പരിഹരിക്കാം.

6) ഉറുമ്പിക്കര ടോപ്പിൽ കുളം കുഴിച്ച് ഉറുമ്പിക്കര SC കോളനിയിൽ സ്വാഭാവിക രീതിയിൽ ജല വിതരണം നടത്താവുന്നതാണ്.

7) ഉറുമ്പിക്കരടോപ്പിൽ കിഴക്കു ഭാഗത്ത് കുളം നിർമ്മിച്ച് ഗുരുമന്ദിരം ഭാഗത്ത് ജലവിതരണം നടത്താവുന്നതാണ്.

B).ഇടത്തരം പദ്ധതി

8) നെടുകീന്തി പദ്ധതി

8-ാം വാർഡിൽ നെടുകീന്തിയിൽ കിണർ കുഴിച്ച് പമ്പു സെറ്റ് സ്ഥാപിച്ച് സാമ്പ്രി എസ്റ്റേറ്റിന് മുകളിൽ ടാങ്ക് നിർമ്മിച്ചാൽ പൂവഞ്ചിയിലും രത്നഗിരിയിലും ശുദ്ധജല വിതരണം നടത്താവുന്നതാണ്.

9) പുളിക്കത്തടം ബോർമ്മക്കടവിൽ കിണർ കുഴിച്ച് രത്നഗിരി I.H.D.P. കോളനിയിൽ ശുദ്ധജലം എത്തിക്കാവുന്നതാണ്.

10) സ്വകാര്യ കിണറുകൾ

ആവശ്യാനുസരണം സ്വകാര്യ കിണറുകൾ നിർമ്മിക്കുന്നതിന് ധന സഹായം നല്കിയാൽ ഒരു പരിധി വരെ ജലക്ഷാമം പരിഹരിക്കുവാൻ സാധിക്കും.

കുഴൽകിണറുകൾ

താഴെ പറയുന്ന സ്ഥലങ്ങളിൽ കുഴൽ കിണറുകൾ ആവശ്യമാണ്.

1) മുക്കുളം മൃഗാശുപത്രി ഭാഗം.

2) മുക്കുളം മുസ്ളീം പള്ളിയുടെ സമീപം.

3) വടക്കേമല കൊരട്ടിയിൽ പുരയിടം.

4) വടക്കേമല മനയ്ക്കൽ പുരയിടം.

5) വടക്കേമല അംഗൻവാടി ഭാഗം.

6) വെംബ്ളി പഞ്ചായത്തു വക സ്ഥലം.

7) വെംബ്ളി 15 ഭാഗം.

8) വെംബ്ളി അംഗൻവാടിക്കു സമീപം

9) കുറ്റിപ്ളാങ്ങാട് ഗവ: ഹൈസ്ക്കൂൾ ഭാഗം.

10) കുറ്റിപ്ളാങ്ങാട് അമ്പല പറമ്പ് ഭാഗം.

11) മേലോരം പള്ളിയ്ക്കു സമീപം.

12) മേലോരം കൊച്ചുപാലത്തിന് സമീപം.

13) മുളംകുന്ന് പള്ളിപ്പടി.

14) മരുതും മൂട് മെഡിക്കൽ ട്രസ്റ്റ്.

15) രത്നഗിരി I.H.D.P. കോളനി.

16) പുളിക്കത്തടം ഭാഗം.

17) കല്ലേപാലം ഭാഗം

18) 34-ാം മൈൽ ഭാഗം.

19) പൂവഞ്ചി തൂക്കുപാലം ഭാഗം

20) നാരകം പുഴ പ്രസ്പടി.

21) പൂവഞ്ചി മുകൾ ഭാഗം.

അടിയന്തിരമായി ചെയ്യേണ്ട കാര്യങ്ങൾ

1) വടക്കേമല S.T. കോളനിയിലും സമീപ പ്രദേശങ്ങളായ 88, അടിവാരം വെള്ളപ്പൊട്ട് ഭാഗങ്ങളിലും വേനൽക്കാലത്തുണ്ടാകുന്ന രൂക്ഷമായ കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതിന് ഉറുമ്പിക്കരയിൽ നിലവിലുള്ള പൈപ്പു ലൈൻ നീട്ടി സ്ഥാപിക്കേണ്ടതാണ്.

2) മുളം കുന്നിൽ വള്ളിപ്പറമ്പിൽ ജോസഫിന്റെ പുരയിടത്തുനിന്നും ജോസഫ് മാത്യു വട്ടോത്തു കുന്നേലിന്റെ പുരയിടം വരെയും മരുതും മൂട്ടിലേക്കും നിലവിലുള്ള പൈപ്പു ലൈൻ നീട്ടുക.

3) ഒന്നാം വാർഡിലുള്ള കുഴൽ കിണറ്റിൽ നിന്നും മോട്ടോർ ഉപയോഗിച്ച് അമ്പലം ഭാഗത്ത് ജലം എത്തിക്കുക.

4) മുളം കുന്നിൽ ഉള്ളാട്ട് ജോസ് വക പുരയിടം മുതൽ വെള്ളുത്തേരി വിജയൻ വക പുരയിടം വരെ പൈപ്പ് ലൈൻ നീട്ടി ജലവിതരണം നടത്തുക.

കുടിവെള്ളം

5)ഹോമിയോ ഡിസ്പെൻസറിയിൽ ശുദ്ധജലം ലഭ്യമാക്കുന്നതിനായി പഞ്ചായത്താഫീസ് പരിസരത്ത് ഒരു കിണർ കുഴിക്കേണ്ടതാണ്.

B. പൊതുജനാരോഗ്യം

ഈ പഞ്ചായത്തിന്റെ ഭൂപ്രകൃതിയും കാലാവസ്ഥയും ജനങ്ങളുടെ ആരോഗ്യസ്ഥിതിയിൽ വലിയ സ്വാധീനം ചെലുത്തുന്നുണ്ട്. രോഗാതുരത പൊതുവെ കുറഞ്ഞ ഒരു പ്രദേശമാണ് നമ്മുടെ ഗ്രാമം. മലനിരകളിൽ ലഭ്യമായ ശുദ്ധവായുവും നീർച്ചാലുകളിലെ ശുദ്ധജലവും സ്വാഭാവികമായുള്ള രോഗപ്രതിരോധത്തിന് നിദാനമായി ഭവിക്കുന്നു.

യാത്രാ സൗകര്യം വളരെ കുറവുള്ള പ്രദേശമായതിനാൽ ജനങ്ങൾ സ്വാഭാവികമായും കൂടുതൽ കാൽനട യാത്ര ചെയ്യേണ്ടി വരുന്നതും, പൊതുവെ വ്യായാമം കൂടുതൽ കിട്ടുന്ന കാർഷികവൃത്തിയിൽ ആളുകൾ ഏർപ്പെട്ടിരിക്കുന്നതിനാലും ജനങ്ങൾ ആരോഗ്യമുള്ളവരാണ്. ജനസാന്ദ്രത കുറവായതിനാൽ പകർച്ച വ്യാധികളും പൊതുവെ കുറവാണ്.

ഈ പ്രദേശത്ത് പ്രധാനമായി കണ്ടു വരുന്ന രോഗങ്ങൾ ആസ്മ, വാതം, തൊണ്ടമുഴ,ത്വക് രോഗങ്ങൾ എന്നിവയാണ്. ആരോഗ്യ പരിപാലന കാര്യത്തിൽ ജനങ്ങൾ ഇനിയും കൂടുതൽ ബോധവാന്മാരാകേണ്ടതുണ്ട്.

ആരോഗ്യ സേവന രംഗം പൊതുവെ തൃപ്തികരമല്ല. 55 ച. കിലോമീറ്റർ വ്യാപിച്ചു കിടക്കുന്ന ഈ പ്രദേശത്ത് ജനങ്ങളുടെ ആരോഗ്യ ആവശ്യം നിറവേറ്റാൻ വേണ്ടത്ര ആശുപത്രികൾ ഇല്ല. ഒരു പ്രാഥമിക ആരോഗ്യ കേന്ദ്രവും ഒരു ഹോമിയോ ഡിസ്പെൻസറിയും മാത്രമാണ് സർക്കാർ മേഖലയിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ. സ്വകാര്യ മേഖലയിൽ 35-ാം മൈലിൽ ഒരു ഡിസ്പെൻസറി ഒഴിച്ച് മറ്റ് സ്ഥാപനങ്ങൾ ഒന്നും തന്നെ പ്രവർത്തിക്കുന്നില്ല. ജനങ്ങൾ തങ്ങളുടെ ആരോഗ്യ ആവശ്യങ്ങൾക്കായി മറ്റു പഞ്ചായത്തുകളിൽ പ്രവർത്തിക്കുന്ന സർക്കാർ ആശുപത്രികളേയും സ്വകാര്യ ആശുപത്രികളേയും ആശ്രയിക്കേണ്ടി വരുന്നു.

കൂട്ടിക്കൽ, മുണ്ടക്കയം, കാഞ്ഞിരപ്പള്ളി എന്നിവിടങ്ങളിലുള്ള സർക്കാർ ആശുപത്രികളും 35-ാം മൈലിലുള്ള മെഡിക്കൽ ട്രസ്റ്റ് ആശുപത്രിയുമാണ് ജനങ്ങളുടെ പ്രധാന ആശാകേന്ദ്രങ്ങൾ.

ചില പാരമ്പര്യ വൈദ്യൻമാർ പുരാതന വിധി പ്രകാരം ആയുർവേദ ചികിത്സ നടത്തുന്നുണ്ട്. മേലോരം വാർഡിൽ ഒരു പാരമ്പര്യ വിഷ ചികിത്സാ വൈദ്യന്റെ സേവനം ലഭ്യമാണ്.

പഞ്ചായത്തിലെ ആരോഗ്യ കേന്ദ്രങ്ങൾ

ക്രമനമ്പർ	പേര്	എണ്ണം	ജീവനക്കാരുടെ എണ്ണം	റിമാർക്സ്
1	പ്രാഥമിക ആരോഗ്യ കേന്ദ്രം	1	18	ഡോക്ടർ, നേഴ്സ് തുടങ്ങിയവരുടെ സേവനം ലഭ്യമല്ല. കിടത്തി ചികിത്സിക്കാൻ സൗകര്യമില്ല
2	ഹോമിയോ ഡിസ്പെൻസറി	1	4	സ്വന്തം കെട്ടിടം ഇല്ല. മരുന്നും ഉപകരണങ്ങളും കുറവ്
3	I.P.P സെന്റർ	3	—	പ്രവർത്തിക്കുന്നില്ല

കുടുംബക്ഷേമ രംഗത്ത് കൂടുൽ ബോധവൽക്കരണവും വിദഗ്ധൻമാരുടെ സേവനവും ഈ പഞ്ചായത്തിലെ ജനങ്ങൾക്ക് ലഭ്യമാകേണ്ടതുണ്ട്. ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർമാരുടേയും പബ്ളിക്ക് ഹെൽത്ത് നേഴ്സുമാരുടേയും പ്രവർത്തനം കൂടുതൽ മേഖലകളിലേക്ക് വ്യാപിപ്പിക്കേണ്ടതാണ്. രോഗികൾക്ക് അടിയന്തിര വൈദ്യസഹായം ലഭിക്കുവാൻ ഡോക്ടർമാരുടേയോ നേഴ്സുമാരുടേയോ സേവനം ലഭ്യമല്ല. ഗർഭിണികളുടേയും ശിശുക്കളുടേയും ആരോഗ്യ പരിപാലന രംഗത്ത് കൂടുതൽ ശ്രദ്ധ ചെലുത്തേണ്ടതാണ്.

കഴിഞ്ഞ മൂന്ന് വർഷങ്ങളിലെ കണക്കുകൾ പരിശോധിച്ചാൽ മരണ നിരക്കിൽ വലിയ മാറ്റം ഇല്ല എന്ന് കാണാം. എന്നാൽ ജനന നിരക്ക് കുറഞ്ഞു വരുന്നതായി കാണുന്നു. എങ്കിലും കുടുംബക്ഷേമരംഗത്ത് ഇനിയും വളരെയധികം മുമ്പോട്ട് പോവേണ്ടതുണ്ട്.

ജനന മരണ വിവരങ്ങൾ

(അവലംബം- പഞ്ചായത്തിലെ ജനന മരണ രജിസ്റ്റർ)

ഈ പഞ്ചായത്തിലെ ജനങ്ങൾക്ക് കൂടുതലായി കണ്ടു വരുന്ന രോഗങ്ങളെ പറ്റി നേരത്തെ സൂചിപ്പിച്ചിരുന്നല്ലൊ. ഇതിനെ സംബന്ധിച്ച ഏക ദേശ കണക്ക് താഴെ കൊടുക്കുന്നു.

വർഷം	ജനനം	മരണം	ചാപിള്ള ജനനം
1993-94	9	36	
1994-95	12	42	
1995-96	3	44	

നിലവിലുള്ള ആതുരസേവന കേന്ദ്രങ്ങളിലെ പ്രശ്നങ്ങളും പരിഹാരമാർഗ്ഗങ്ങളും

(1) പ്രൈമറി ഹെൽത്ത് സെൻറർ മേലോരം

A) ഡോക്ടർമാരുടേയും നേഴ്സുമാരുടേയും സേവനം ലഭ്യമല്ല.

യാത്രാ സൗകര്യത്തിന്റേറയും താമസസൗക ര്യത്തിന്റേറയും അഭാവം മൂലം ഈ സെൻററിലേക്ക് നിയമിക്കുന്ന ഡോക്ടർമാരും മറ്റു ജീവനക്കാരും അവധിയെടുത്തു പോകുന്നു.

B) ആവശ്യത്തിന് മരുന്നുകളോ ഉപകരണങ്ങളോ ലഭ്യമല്ല.

ആവശ്യത്തിന് മരുന്നുകളും മറ്റ് ഉപകര ണങ്ങളും ലഭ്യമാക്കേണ്ടതുണ്ട്.

C) രോഗികളെ കിടത്തി ചികിത്സിക്കുവാൻ സൗകര്യമില്ല.

10 വർഷം മുമ്പ് 10 കിടക്കകളുള്ള ഒരു കെട്ടിടം നിർമ്മിച്ചെങ്കിലും പ്രവർത്തനം ആരംഭിച്ചിട്ടില്ല. അപകടസ്ഥിതിയിലായിരിക്കുന്ന കെട്ടിടം പുതുക്കിപ്പണിത് പ്രവർത്തനം ആരംഭി ക്കേണ്ടതാണ്.

D) ആതുര സേവന രംഗത്ത് പല കാരണ ങ്ങളാലും ജനങ്ങൾക്ക് സേവനം തൃപ്തിക രമായി ലഭിക്കുന്നില്ല.

2 ഹോമിയോ ഡിസ്പെൻസറി- കൊക്കയാർ

A) സ്വന്തമായി കെട്ടിടം ഇല്ല.

ആധുനിക സൗകര്യങ്ങളുള്ള ഒരു കെട്ടിടം ഉണ്ടാക്കി പ്രവർത്തനം അങ്ങോട്ട് മാറ്റേ ണ്ടതാണ്.

B) ആവശ്യത്തിന് മരുന്ന്, ഉപകരണങ്ങൾ എന്നിവ ലഭ്യമാക്കണം.

C) ജീവനക്കാർക്ക് താമസിക്കുന്നതിനുള്ള ക്വാർട്ടേഴ്സുകൾ നിർമ്മിക്കണം.

D) ഹോമിയോ ഡിസ്പെൻസറിയിൽ ശുദ്ധജലം ലഭിക്കുന്നതിനും പ്രാഥമിക ആവശ്യ ങ്ങൾ നിറവേറ്റുന്നതിനും ഉള്ള സൗകര്യം ഉണ്ടാക്കണം.

E) ഡിസ്പെൻസറി ആശുപത്രിക്കായി അപ്ഗ്രേഡ് ചെയ്യണം.

രോഗങ്ങൾ സംബന്ധിച്ച വിവരങ്ങൾ

(അവലംബം- ഹോമിയോ ഡിസ്പെൻസറി, കൊക്കയാർ)

വർഷം	ഇൻപേഷ്യൻറ്	ഔട്ട് പേഷ്യൻറ്	രോഗങ്ങൾ							ആകെ
			തക് രോഗം	വാത രോഗം	ആസ്ത്മ	തൊണ്ട മുഴ	പകർച്ചവ്യാ ധികൾ	വിഷ ചികി ത്സ	മറ്റു രോഗങ്ങൾ	
1992-93										
1993-94										
1994-95			75	200	56	29				
1995-96			84	277	83	55				

വാർഡു തല ആവശ്യങ്ങൾ

1. 1,2,3 വാർഡുകൾക്കായി I.P.P സെൻറർ ഡിസ് പെൻസറിയായി ഉയർത്തണം.
2. വെംബ്ളിയിൽ പഞ്ചായത്തു വക സ്ഥലത്ത് ആയുർവേദ ആശുപത്രി സ്ഥാപിക്കണം.
3. ഏന്തയാർ തീയേറ്റർ കവലയിൽ കംഫർട്ടു സ്റ്റേഷൻ സ്ഥാപിക്കണം.
4. ഏന്തയാറ്റിൽ പ്രാഥമിക ആരോഗ്യ കേന്ദ്രം തുടങ്ങേണ്ടതാണ്.
5. 4-ാം വാർഡിൽ പ്രാഥമിക ആരോഗ്യ കേന്ദ്രം സ്ഥാപിക്കണം.
6. 5-ാം വാർഡിൽ പ്രാഥമിക ആരോഗ്യ കേന്ദ്രം പ്രവർത്തനം മെച്ചപ്പെടുത്തണം.
7. 7-ാം വാർഡിൽ പ്രാഥമിക ആരോഗ്യ കേന്ദ്രം സ്ഥാപിക്കണം.
8. 8-ാം വാർഡിൽ ഇടുക്കി റബ്ബേഴ്സ് ഫാക്ടറി യിൽ നിന്നും മലിന ജലം ആറ്റിലേക്ക് ഒഴുക്കി പരിസര മലിനീകരണം നടത്തുന്നത് അവസാനിപ്പി ക്കുവാൻ അടിയന്തിര നടപടി സ്വീകരിക്കേണ്ട താണ്.
9. അഴങ്ങാട്ടിലും, മുക്കുളത്തും മുളംകുന്നിലു മുള്ള I.P.P. സെൻററുകളുടെ പ്രവർത്തനം ആരംഭിക്കേണ്ടതാണ്.

പൊതുവായ നിർദ്ദേശങ്ങൾ

1. കക്കൂസ്

പൊതുജനാരോഗ്യത്തെക്കുറിച്ച് ചിന്തിക്കു മ്പോൾ കുടിവെള്ളം കഴിഞ്ഞാൽ ഏറ്റവും പ്രാധാ ന്യമർഹിക്കുന്നത് പരിസര ശുചിത്വമാണ്. നമ്മുടെ പഞ്ചായത്തിൽ 40% വീടുകൾക്കും കക്കൂസില്ല. സാമ്പത്തിക പ്രശ്നങ്ങളും ബോധ വൽക്കരണത്തിൻെറ കുറവുമാണ് പ്രധാന കാരണങ്ങൾ. സ്വന്തമായി കക്കൂസ് നിർമ്മി ക്കുവാൻ ശേഷിയുളളവർക്ക് ശരിയായ ബോധ വൽക്കരണം നടത്തേണ്ടതും സാമ്പത്തിക ശേഷി കുറഞ്ഞവർക്ക് കക്കൂസ് നിർമ്മിച്ചു കൊടു ക്കേണ്ടതുമാണ്.

കക്കൂസുകളെ സംബന്ധിച്ച വിവരം
(I.R.D.P. സർവ്വേ പ്രകാരം)

വാർഡ്	സാനിട്ടറി കക്കൂസുകൾ ഇല്ലാത്ത വീടുകൾ	ഇതുവരെ ലഭിച്ച വീടുകൾ	പണിപൂർത്തീകരിച്ചവ	ഇനിയും വേണ്ട കുടുംബങ്ങൾ
1	44	5	4	39
2	117	13	7	104
3	142	27	20	115
4	95	13	8	82
5	92	10	3	82
6	36	6	1	30
7	128	6	5	122
8	137	3	21	104
ആകെ	791	113	69	678

വയോജന ആരോഗ്യ കേന്ദ്രം

വൃദ്ധ ജനങ്ങൾക്ക് കൂടുതൽ സഹായം ലഭി ക്കുന്നതിന് ഒരു വയോജന ആരോഗ്യ കേന്ദ്രം സ്ഥാപിക്കേണ്ടതാണ്. ഇവരെ ശുശ്രൂഷിക്കുന്ന തിന് പരിശീലനം ലഭിച്ചവരുടെ സേവനം ലഭ്യമാ ക്കേണ്ടതാണ്.

ഹെൽത്ത് കാർഡ്

ചാകിത്സാ രംഗത്ത് ഗുണം ചെയ്യുന്ന ഒരു സംവിധാനമാണ് ഹെൽത്ത് കാർഡ്. ചികി ത്സക്കായി എത്തുന്നവരുടെ മുൻകാല ആരോഗ്യ നിലയെക്കുറിച്ച് അറിയുന്നതിനും രോഗനിർണ്ണയം ചെയ്യുന്നതിനും ശരിയായ ചികിത്സയ്ക്കും സഹായിക്കും.

അറവു ശാലകൾ

പഞ്ചായത്തിൽ പ്രവർത്തിയ്ക്കുന്ന അറവു ശാലകൾ ആധുനികവല്ക്കരിക്കേണ്ടതും മാംസത്തിൻെറ ഗുണനിലവാരം ഉറപ്പു വരുത്തേണ്ടതുമാണ്.

പരിസര ശുചിത്വം

എല്ലാ വീടുകളിലും ചപ്പു ചവറുകൾ കമ്പോസ്റ്റ് വളമാക്കി മാറ്റുന്നതിനുള്ള ബോധ വല്കരണം നടത്തേണ്ടതാണ്.

5.6 ഗതാഗതം മാർഗ്ഗങ്ങൾ



കേരളത്തിലെ പ്രധാന റോഡുകളിലൊന്നായ കോട്ടയം - കുമളിറോഡ് ഈ പഞ്ചായത്തിന്റെ തെക്കുവശത്തുകൂടിയാണ് കടന്നു പോകുന്നത്. റയിൽ, ജല ഗതാഗതങ്ങൾക്ക് യാതൊരു സാദ്ധ്യതകളും ഇല്ലാത്തതിനാൽ റോഡ് ഗതാഗതത്തെ ആശ്രയിച്ചുവേണം പഞ്ചായത്തിന്റെ വികസന സാദ്ധ്യതകളെ വിലയിരുത്താൻ. വാഹന ഗതാഗതയോഗ്യമായ 123.4 k.m. റോഡാണ് നിലവിലുള്ളത്. ആകെ നീളത്തിൽ 15.07% മാത്രമേ ഇതുവരെ ടാർ ചെയ്യാൻ കഴിഞ്ഞിട്ടുള്ളു. P.W.D. റോഡ് ഒന്നു പോലുമില്ലാത്ത നാടാണിത്. തൂക്കായ കുന്നിൻ പ്രദേശങ്ങൾ മാത്രമുള്ള ഇവിടെ പുതിയ റോഡുകൾ നിർമ്മിക്കുന്നതിന് വളരെയധികം ബുദ്ധിമുട്ടുകളുണ്ടെങ്കിലും എല്ലാവാർഡുകളിലും റോഡ് കടന്നു ചെന്നിട്ടുണ്ട്.

ഗതാഗതത്തെ സംബന്ധിച്ചുള്ള പ്രശ്നങ്ങളാണ് ഈ പഞ്ചായത്തിനെ അലട്ടുന്ന മുഖ്യവിഷയം. ബോയിസ്-മേലോരം, ചപ്പാത്ത്-വെംബ്ളി, മുണ്ടക്കയം-ഏന്തയാർവഴി വടക്കേമല എന്നീ റോഡുകളിൽ വർഷങ്ങൾക്കുമുമ്പ് ബസ് സർവ്വീസ് ഉണ്ടായിരുന്നു. റോഡുകളുടെ ശോച്യാവസ്ഥമൂലം സർവ്വീസുകൾ നിലച്ചുപോയി. പഞ്ചായത്തിൽ കേവലം 5k.m. മാത്രം ഒരു പ്രൈവറ്റ് ബസ് സർവ്വീസ് നടത്തുന്നുണ്ട്. മേലോരം, ഉറുമ്പിക്കര പ്രദേശങ്ങൾ യാത്രാ സൗകര്യങ്ങളുടെ കാര്യത്തിൽ വളരെ പുറകിലാണ്. നിലച്ചുപോയ ബസ് സർവ്വീസുകൾ പുനഃരാരംഭിക്കുന്നതിനും, എല്ലാവാർഡുകൾക്കും പ്രയോജനകരമായ രീതിയിൽ പുതിയ സർവ്വീസുകൾ ആരംഭിക്കുന്നതിനും ഗ്രാമസഭകളിൽനിന്ന് ശക്തമായ നിർദ്ദേശമുണ്ടായി.

പ്രധാന റോഡുകൾ

മുപ്പത്തിയഞ്ചാം മൈലിൽ നിന്ന് ആരംഭിച്ച് ബോയ്സ്, മേലോരം വഴി ആഴങ്ങാട് റോഡ്, ചപ്പാത്ത് നിന്നും ആരംഭിച്ച് കൊക്കയാർ വെംബ്ളി വഴി ഏന്തയാറിനുള്ള റോഡ് 35-ാം മൈലിൽനിന്നും ആരംഭിച്ച് കൊക്കയാർ, വെംബ്ളി, ഉറുമ്പിക്കര വഴി ഏലപ്പാറയ്ക്കുള്ള റോഡ് എന്നിവയാണ് പഞ്ചായത്തിലെ പ്രധാന റോഡുകൾ.

പ്രശ്നങ്ങൾ

നിലവിലുള്ള റോഡുകളുടെ അറ്റകുറ്റപ്പണികൾ യഥാസമയം നടക്കുന്നില്ല. ഉരുൾപൊട്ടലും, വർഷകാലത്ത് റോഡുകളിലൂടെയുള്ള വെള്ളപ്പാച്ചിലും റോഡുകളുടെ അവസ്ഥ മോശമാക്കുന്നു. കലങ്കുകളും ഓവുചാലുകളും ആവശ്യത്തിന് നിർമ്മിക്കാൻ കഴിയാത്തത് പ്രശ്നത്തിന്റെ രൂക്ഷത വർദ്ധിപ്പിക്കുന്നു. സർക്കാർ സ്കീമുകളെ മാത്രം ആശ്രയിച്ച് റോഡു

കൾ മൂഴുവനും ഉടനടി നന്നാക്കാൻ കഴിയാത്തതി നാൽ പൊതുജനപങ്കാളിത്തം ഉറപ്പുവരുത്തുന്നതിന് സത്വര നടപടികൾ ആവിഷ്കരിച്ച് നടപ്പിലാക്കേണ്ടത് അത്യാവശ്യമാണ്.

പൊതുവെ കാർഷികമേഖലയായ ഈ പ്രദേശത്തെ സ്വകാര്യവസ്തുക്കൾ പഞ്ചായത്തിന് വിട്ടുതരുവാൻ ഭൂ ഉടമകൾ വിസമ്മതിക്കുന്നതിനാൽ നിലവിലുള്ള റോഡുകൾ പലതും വീതികൂട്ടുന്നതിനോ ടാർ ചെയ്യുന്നതിനോ കഴിയുന്നില്ല. വാഹനങ്ങൾ കടന്നുപോകുന്നതിന് 'ടോൾ' സമ്പ്രദായം ചിലയിടങ്ങളിൽ നിലനിൽക്കുന്നുണ്ട്. 1913-ാം ആണ്ടിലെ No.L.R & F 7726 പ്രകാരം ഉറുമ്പിക്കര-കൂട്ടിയ്ക്കൽ, കുറ്റിപ്ലാങ്ങാട്-കൂട്ടിയ്ക്കൽ, ഉറുമ്പിക്കര-വടക്കേമല എന്നീ റോഡുകൾക്ക് അനുവദിച്ച സർക്കാർ ഭൂമി ലഭ്യമാക്കണം. നിയമംമൂലം ഈ പ്രശ്നത്തിന് ശാശ്വത പരിഹാരം ഉണ്ടാകുന്നില്ലെങ്കിൽ ഈ പ്രദേശത്തെ ജനങ്ങൾക്ക് വികസനം ഒരു സ്വപ്നമായി മാത്രം മനസ്സിൽ സൂക്ഷിക്കേണ്ടി വരും.

പഞ്ചായത്തിൽ നിലവിലുള്ള റോഡുകൾ, അവയുടെ ഉടമസ്ഥത, ടാർ ചെയ്ത ദൂരം, ഇനി ടാർ ചെയ്യാനുള്ള ദൂരം, പൂർത്തീകരിയ്ക്കാനുള്ള ദൂരം, വീതി, ആവശ്യമായ കലുങ്കുകളുടേയും പാലങ്ങളുടേയും എണ്ണം, പ്രധാന ആവശ്യം എന്നിവ താഴെ കൊടുക്കുന്ന പട്ടികയിൽ കാണിച്ചിരിക്കുന്നു.

(പട്ടിക No.1)

സാദ്ധ്യതകൾ

ഉറുമ്പിക്കര, മൂക്കുളം ടോപ്പുകളിൽ നിന്ന് ഉപ്പുകുളം വഴി ഏലപ്പാറയിലേയ്ക്ക് റോഡു നിർമ്മിച്ചാൽ മുണ്ടക്കയത്തുനിന്നും കട്ടപ്പനയിലേയ്ക്കുള്ള ദൂരം ഗണ്യമായി കുറയ്ക്കുന്നതിനും ഈ പഞ്ചായത്തിന്റെ സർവ്വതോന്മുഖമായ പുരോഗതി കൈവരിയ്ക്കുന്നതിനും വളരെയധികം പ്രയോജനകരമായിരിക്കും.

റോഡുഗതാഗതം മെച്ചപ്പെടുത്തുന്നതിനുള്ള നിർദ്ദേശങ്ങൾ

റോഡുഗതാഗതം മെച്ചപ്പെടുത്തുന്നതിന് ഗ്രാമസഭകളിൽ നിന്ന് ഉയർന്നുവന്നിട്ടുള്ള നിർദ്ദേശങ്ങൾ പരിഗണിയ്ക്കുമ്പോൾ താഴെപറയുന്ന കാര്യങ്ങൾ ഉരുത്തിരിയുന്നു.

1. റോഡു പാർശ്വങ്ങളിലെ വീതികുറവും പാർശ്വഭിത്തികൾക്കുണ്ടാകുന്ന ബലക്ഷയവും റോഡിലേക്കുള്ള മണ്ണിടിച്ചിലുകളും അപകടങ്ങൾ വിളിച്ചു വരുത്തുന്നു. VIII-ാം വാർഡിൽ കല്ലേപ്പാലം കോളനിയിൽ കൂടിയുള്ള റോഡിൽ ഉണ്ടായിരിക്കുന്ന വിള്ളലുകളും പാർശ്വഭിത്തി ഇല്ലാത്തതുമൂലം ഉണ്ടാകുന്ന മണ്ണിടിച്ചിലും അപകടങ്ങൾക്കുള്ള സാധ്യത വർദ്ധിപ്പിക്കുന്നു.

2. ടാർ ചെയ്ത ഭാഗത്തിന്റെ വീതി വർദ്ധിപ്പിക്കുക, കയ്യേറപ്പെട്ട റോഡുപുറമ്പോക്കു ഭൂമികൾ ഒഴിപ്പിക്കുക, റോഡു സൈഡിലെ സ്ഥിര സ്വഭാവമുള്ള നിർമ്മാണ പ്രവർത്തനങ്ങൾ ഒഴിവാക്കുക, ടാർ ചെയ്ത ഭാഗത്തിനോട് ചേർന്നുള്ള ഇലക്ട്രിക് പോസ്റ്റുകൾ, ടെലഫോൺ പോസ്റ്റുകൾ തുടങ്ങിയവ ആറടിയെങ്കിലും മാറ്റി സ്ഥാപിയ്ക്കുക തുടങ്ങിയ കാര്യങ്ങളിൽ സത്വരശ്രദ്ധ പതിപ്പിയ്ക്കേണ്ടതാണ്.

3. കലുങ്ക്, ചപ്പാത്ത്, ഓടകൾ എന്നിവ അടിയന്തിരമായി ചെയ്തു തീർക്കുകയും പ്രധാനപ്പെട്ട റോഡുകൾ P.W.D.യും ബാക്കിയുള്ളവ പഞ്ചായത്തും ഏറ്റെടുത്ത് ടാർചെയ്ത് കാലാകാലങ്ങളിൽ അറ്റകുറ്റപണികൾ നടത്തുകയും ചെയ്യുക. 35-ാം മൈലിലെ കെ.കെ.റോഡ് സൈഡിലെ ഓവ് ചാലിന് കോൺക്രീറ്റ് സ്ലാബുകൾ ഇടുക.

4. വെമ്പാലതാഴത്തുഭാഗത്തും വടക്കേമല പട്ടികവർഗ്ഗ കോളനി ഭാഗത്ത് പാപ്പാനി തോട്ടിലും ആറ്റോരം പട്ടികജാതി കോളനിയിൽ 6-ാം കാട് ഭാഗത്തും, പുളിക്കത്തടം മാമ്മൂട്ടിൽ കടവിലും, മാക്കോച്ചി അമ്പഴത്തിനാൽ കടവിലും തൂക്കുപാലങ്ങൾ നിർമ്മിക്കേണ്ടതാണ്.

5. പ്രകൃതിക്ഷോഭം മൂലം നഷ്ടപ്പെട്ട പുല്ലഗയാറിന് കുറുകെയുള്ള കനകപുരത്തെ നടപ്പാലവും മേലോരം ആനചാരി ഭാഗത്തേക്കുള്ള നടപ്പാലവും പുനർനിർമ്മിക്കേണ്ടതാവശ്യമാണ്.

6. ഓടകൾ മൂടത്തക്കരീതിയിൽ കല്ല്, തടി, മെറ്റൽ എന്നിവ റോഡിൽ കൂട്ടുന്നതിനെതിരെ നിയമനടപടികൾ സ്വീകരിക്കുക.

7. J.R.Y, Flood, E.A.S. എന്നീ സ്കീമുകളിൽ ഉൾപ്പെടുത്തി റോഡുകൾക്കായി അനുവദിക്കുന്ന തുകയിൽ നിന്ന് ഉദ്യോഗസ്ഥരുടേയും കോൺട്രാക്ടർമാരുടേയും സാമ്പത്തിക ചൂഷണം അവസാനിപ്പിക്കാൻ ഈ പദ്ധതികളുടെ നിർമ്മാണ പ്രവർത്തനങ്ങളിൽ ജനപങ്കാളിത്തം ഉറപ്പ് വരുത്തേണ്ടതാണ്.

8. നിലവിലുള്ള തേമ്പുഴ തൂക്കുപാലം, മൂക്കുളം താഴത്തങ്ങാടി തൂക്കുപാലം, കുറ്റിപ്ലാങ്ങാട് സ്കൂളിന് സമീപമുള്ള തൂക്കുപാലം, പൂവഞ്ചി തൂക്കുപാലം എന്നിവ പൊളിച്ചു മാറ്റി പുതിയ കോൺക്രീറ്റ് പാലങ്ങൾ പണിയേണ്ടതാവശ്യമാണ്.

പട്ടിക -1

പഞ്ചായത്തിലെ വിവിധ റോഡുകൾ

വാർഡ്	കോഡ്	റോഡിന്റെ പേര്	ഉടമ സ്ഥത	ടാർ ചെയ്ത ദൂരം	ടാർ ചെയ്യേണ്ടദൂരം	പൂർത്തിയാക്കേണ്ട ദൂരം	ആകെ ദൂരം	വീതി	കലുങ്കുകൾ	പാലങ്ങൾ ചപ്പാത്ത്	പ്രധാന ആവശ്യങ്ങൾ
I.		ഏന്തയാർ-മുക്കുളം	പഞ്ചായത്ത്	5 1/2K.M.	1/2 K.M.		6 K.M.	6 M.	1		1/2 K.M. ടാർ ചെയ്യുക
		മുക്കുളം-വെമ്പാല	പ്രൈവറ്റ്				3 K.M.	3 M	1		വീതി കൂട്ടി ടാർ ചെയ്യുക
		മുക്കുളം-വെള്ള പ്പൊട്ട്	പഞ്ചായത്ത്				11/2 K.M.	4 M.	3	1	സൈഡ് കെട്ടി വീതി കൂട്ടുക
		മുക്കുളം-പുളിക്ക പ്പാമ്പിൽ	പ്രൈവറ്റ്				1/12 K.M.	3 M.	1		ടാർ ചെയ്യുക
		പുറപ്പന്താനപടി-വെള്ള പ്പൊട്ട്	പ്രൈവറ്റ്			1 K.M	3 K.M.	4 M.	1		പൂർത്തിയാക്കുക
		മുക്കുളും-പുതചിറപ്പാറ	പ്രൈവറ്റ്				2 K.M.	3 M.	1		വീതി കൂട്ടി ടാർ ചെയ്യുക
		പുറപ്പന്താനം-മുക്കുളം അമ്പലം റോഡ്					.7 K.M.	3 1/2 K.M			വീതി കൂട്ടുക
II		ഏന്തയാർ-മുക്കുളം വെള്ളപ്പൊട്ട്	പഞ്ചായത്ത്	2 1/2 K.M.			2 1/2 K.M.	8 M.	4		ബസ് സർവ്വീസ്
		വെള്ളപ്പൊട്ട്-വട ക്കേമല	പഞ്ചായത്ത്	.7 K.M.	.6 K.M.		1.3 K.M.	8 M.	3		ടാർ ചെയ്യുക, ബസ് സർവ്വീസ്
		വടക്കേമല-ഉറുമ്പിക്കര	പഞ്ചായത്ത്		2 K.M.		2 K.M.	3 M.	5	1	ടാർ ചെയ്യുക
		വടക്കേമല-മേപ്പുഴ	പഞ്ചായത്ത്		2 K.M.		2 K.M.	3 M.	3	1	ടാർ ചെയ്യുക
		മേപ്പുഴ-മുക്കുളം				1 1/2 K.M.	1 1/2 K.M.	3 M.	3		പണി പൂർത്തിയാക്കുക
		ചെക്കന-എൺപത്തെട്ട്	പ്രൈവറ്റ്			1 1/2 K.M.	3 K.M.	3 M.	3		പണി പൂർത്തിയാക്കുക

പട്ടിക -1 തുടർച്ച

വാർഡ്	കോഡ്	റോഡിന്റെ പേര്	ഉടമ സ്ഥത	ടാർ ചെയ്ത ദൂരം	ടാർ ചെയ്യേണ്ടദൂരം	പൂർത്തിയാക്കേണ്ട ദൂരം	ആകെ ദൂരം	വീതി	കലുങ്കുകൾ	പാലങ്ങൾ	പ്രധാന ആവശ്യങ്ങൾ
III.		വെംബ്ലി, ഏന്തയാർ, നടുപുരട്ട്	പഞ്ചായത്ത്	.6 K.M.	2.9 K.M.		3 1/2 K.M.	8 M.	5	1	ബസ് സർവ്വീസ്,ടാർ ചെയ്യുക
		വെംബ്ളി-ഉറുമ്പിക്കര	പഞ്ചായത്ത്	3 1/2 K.M.	7 1/2 K.M		10 K.M.	8 M.	13	1	ടാർ ചെയ്യുക
		ഉറുമ്പിക്കര-പട്ടിക്കുന്ന്	പഞ്ചായത്ത്		6 K.M.		6 K.M.	4 M.	12		ടാർ ചെയ്യുക
		വെംബ്ലി ഗാന്ധി നഗർ	പ്രൈവറ്റ്		.6 K.M.		.6 K.M.	2 1/2 M.			ടാർ ചെയ്യുക
IV		കൊക്കയാർ-കുറ്റിപ്ലാങ്ങാട്	പഞ്ചായത്ത്	1 1/2 K.M.			1 1/2 K.M.	6 M.			ബസ് സർവ്വീസ്
		ഉറുമ്പിക്കര-കുറ്റിപ്ളാങ്ങാട്	പഞ്ചായത്ത്				5.6 K.M.	3 M.	6		ടാർ ചെയ്യുക
		കൊക്കയാർ-വെംബ്ലി	പഞ്ചായത്ത്				2 K.M.	8 M.		1	ടാർ ചെയ്യുക
		ട്രൈബൽ കോളനി-ഉറുമ്പിക്കര	ഫോറസ്റ്റ്				5.4 K.M.	5 M.	5		
V		മേലോരം-അഴങ്ങാട്	പഞ്ചായത്ത്	1/2 K.M.	3 1/2 K.M		4 K.M.	4 M.	2		ടാർ ചെയ്യുക, ബസ് സർവീസ്
		അഴങ്ങാട്-ചൂതുപാറ	പഞ്ചായത്ത്	1/2 K.M.	1 1/2 K.M		2 K.M.	4 M.	2	1	ടാർ ചെയ്യുക
		മേലോരം-പച്ചക്കുഴി	പഞ്ചായത്ത്				1 1/2 K.M.	4 M.	1		ടാർ ചെയ്യുക
		മേലോരം-ഉറുമ്പിക്കര	പഞ്ചായത്ത്				1 1/2 K.M.	4 M.			ടാർ ചെയ്യുക
		അഴങ്ങാട്-അട്ടിക്കളം	പഞ്ചായത്ത്				2 K.M.	3 M.			ടാർ ചെയ്യുക
		പട്ടിക്കുന്ന്-ഉറുമ്പിക്കര	പഞ്ചായത്ത്				1 K.M.	3 M.			ഗതാഗത യോഗ്യമാക്കുക

പട്ടിക -1 തുടർച്ച

വാർഡ്	കോഡ്	റോഡിന്റെ പേര്	ഉടമ സ്ഥത	ടാർ ചെയ്ത ദൂരം	ടാർ ചെയ്യേണ്ടദൂരം	പൂർത്തിയാക്കേണ്ട ദൂരം	ആകെ ദൂരം	വീതി	കലുങ്കുകൾ	പാലങ്ങൾ ചപ്പാത്ത്	പ്രധാന ആവശ്യങ്ങൾ
VI		ബോയ്സ്-മേലോരം	എസ്റ്റേറ്റ്	1 K.M.	11 K.M.		12 K.M.	6 M.	25		നിലച്ചുപോയ ബസ് സർവ്വീസ് ആരംഭിക്കുക,
		വളമണ്ണ്-കൊക്കയാർ	എസ്റ്റേറ്റ്				1 1/2 K.M.	6 M.	3		ടാർ ചെയ്യുക
		കൊടുകുത്തി-മുളങ്കുന്ന്	എസ്റ്റേറ്റ്				2 1/2 K.M.	6 M.	3		
		ബോയ്സ്-മുളങ്കുന്ന്	എസ്റ്റേറ്റ്				1 1/2 K.M.	6 M.			
VII		ബോയ്സ്-മുളങ്കുന്ന്	എസ്റ്റേറ്റ്	.6 K.M.			3 K.M.	6 M.	2		ടാർ ചെയ്യുക
		ബോയ്സ്-കൊടുകുത്തി	പഞ്ചായത്ത്				2 K.M.	4. M.			ബസ് സർവ്വീസ്
		ബോയ്സ്-വടക്കേ മുളങ്കുന്ന്	പഞ്ചായത്ത്				1 1/2 K.M.	4 M.	3		ടാർ ചെയ്യുക
		മുളങ്കുന്ന്-മരുതുംമൂട്	പഞ്ചായത്ത്				2 K.M.	5 M.			ടാർ ചെയ്യുക
		മുളങ്കുന്ന്-കൊടുകുത്തി	പഞ്ചായത്ത്				.9 K.M.	3 M.			ടാർ ചെയ്യുക
		മുളങ്കുന്ന്-പള്ളിറോഡ്	പ്രൈവറ്റ്				1/2 K.M.	3 M.			
		മുളങ്കുന്ന് ഗെയ്റ്റ്-തെക്കേടം	പ്രൈവറ്റ്				1 K.M.	4 M.			
		മുളങ്കുന്ന്,-പ്ലെയിൻ ഗ്രൗണ്ട്	പ്രൈവറ്റ്				1 K.M.	4 M.			

പട്ടിക -1 തുടർച്ച

വാർഡ്	കോഡ്	റോഡിന്റെ പേര്	ഉടമ സ്ഥത	ടാർ ചെയ്ത ദൂരം	ടാർ ചെയ്യേണ്ടദൂരം	പൂർത്തിയാക്കേണ്ട ദൂരം	ആകെ ദൂരം	വീതി	കലുങ്കുകൾ	പാലങ്ങൾ ചപ്പാത്ത്	പ്രധാന ആവശ്യങ്ങൾ
VIII		ചപ്പാത്ത്-കൊക്കയാർ	പഞ്ചായത്ത്	1 1/2 K.M.			1 1/2 K.M.	8 M.	3		ബസ് സർവ്വീസ്
		നാരകം പുഴ-മാക്കോച്ചി മുണ്ടക്കയം	പഞ്ചായത്ത്	.3 K.M.			6 1/2 K.M.		8		ബസ് സർവ്വീസ്
		കല്ലേപ്പാലം-കോളനി	P.W.D.	1/2 K.M.			1/2 K.M.				
		കല്ലേപ്പാലം-പൂവഞ്ചി	പഞ്ചായത്ത്				5 K.M.	3 M.	5		ഗതാഗത യോഗ്യമായി നിലനിർത്തുക
		വളമണ്ണപ്പുര-വള്ളോം കുഴി	പഞ്ചായത്ത്				2 K.M.	3 M.	3		ഗതാഗതയോഗ്യമാക്കുക
		നാരകംപുഴ-വള്ള ക്കടവ്	പഞ്ചായത്ത്				1 K.M.		2		ഗതാഗതയോഗ്യമാക്കുക
		ബോയ്സ്-രത്നഗിരി	എസ്റ്റേറ്റ്				3 K.M.		4		ഗതാഗതയോഗ്യമാക്കുക
		നാരകംപുഴ-ബംഗ്ലാവ് പറമ്പ്	പഞ്ചായത്ത്				1 K.M.	3 M.	1		ഗതാഗതയോഗ്യമാക്കുക

ഓരോ ഗ്രാമസഭകളിൽ നിന്നുമുയർന്നു വന്ന നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ പുതിയതായി നിർമ്മിക്കേണ്ട് രോഡുകളുടെ വാർഡ് തിരിച്ചുള്ള പട്ടിക ചുവടെ ചേർക്കുന്നു

(പട്ടിക No. 2)

നിർമ്മാണ പ്രവർത്തനം ആരംഭിച്ചതും എന്നാൽ ഇടയ്ക്കുവച്ച് നിലച്ചുപോയതുമായ കൊക്കയാർ പഞ്ചായത്താഫീസിനു സമീപമുള്ള പാലത്തിന്റെ ബാക്കിയുള്ള നിർമ്മാണം പൂർത്തിയാക്കേണ്ടത് നമ്മുടെ അടിയന്തിര ശ്രദ്ധ പതിയേണ്ട കാര്യമാണ്.

വാർത്താവിനിമയം

ഗതാഗത-വാർത്താവിനിമയ മേഖലകളിൽ സമീപ പഞ്ചായത്തുകളേക്കാൾ കൊക്കയാർ വളരെ പിന്നിലാണ്. അനുദിനം മാറ്റങ്ങൾക്ക് വിധേയമായിക്കൊണ്ടിരിക്കുന്ന ഈ ലോകത്ത് ഇലക്ട്രോണിക്സ് വാർത്താമാദ്ധ്യമങ്ങളുടെ പങ്ക് നിസ്സാരമല്ല. ഈ പഞ്ചായത്തിൽ 367 കുടുംബങ്ങളിൽ മാത്രമാണ് ടെലിവിഷൻ ഉള്ളത്. 71 ഫോൺ കണക്ഷനുകൾ ഈ പഞ്ചായത്തിൽ ഒട്ടാകെ ഉണ്ട്. എന്നാൽ അഞ്ചാം വാർഡായ മേലോരത്ത് ഒറ്റ ഫോൺ കണക്ഷൻ പോലുമില്ല. എല്ലാവാർഡിലും പബ്ലിക് ടെലഫോൺ ബൂത്തുകൾ ആരംഭിയ്ക്കേണ്ടതാവശ്യമാണ്. പത്രമാസികാദികളുടെ പ്രചാരം നമ്മുടെ നാട്ടിൽ കുറവാണ്. അടിസ്ഥാന ഗതാഗത സൗകര്യങ്ങളുടെ കുറവാണ് ഇതിന് കാരണം.

പഞ്ചായത്തിന്റെ ഉയർന്ന പ്രദേശമായ ഉറുമ്പിക്കര ടോപ്പിൽ റ്റി.വി. റിലേയുടെ സംവിധാനം ഏർപ്പെടുത്തിയാൽ കോട്ടയം, പത്തനംതിട്ട, ഇടുക്കി ജില്ലകളുടെ ഭൂരിഭാഗം പ്രദേശങ്ങൾക്കും ഗുണകരമാകും.

(പട്ടിക No.2)
പഞ്ചായത്തിൽ വെട്ടുവാൻ ഉദ്ദേശിക്കുന്ന പുതിയ റോഡുകൾ

വാർഡ്	റോഡ്	ദൂരം
I.	പുറപ്പന്താനം - വെള്ളപ്പൊട്ട്	2 K.M.
	കാഞ്ഞിരത്തുങ്കൽ - മേപ്പുഴു	1 K.M.
	തൂങ്ങാമുടി - വെള്ളപ്പൊട്ട്	1 1/2 K.M.
II.	തുണ്ടിയിൽ - അണ്ടിക്കാട്	1/2 K.M.
	വടക്കേമലപ്പള്ളി - S.T. കോളനി	1/2 K.M.
III.	വെംബ്ളി - നിരവുപാറ	1 K.M.
	ഉറുമ്പിക്കര - ഉപ്പുകുളം	8 K.M.
IV.	ഉറുമ്പിക്കര S.T. കോളനി - ഉറുമ്പിക്കര ഈസ്റ്റ്	4 K.M.
	ഉറുമ്പിക്കര S.T. കോളനി - ഏഴോലി	1 1/2 K.M.
	കുറ്റിപ്ലാങ്ങാട് ഹൈസ്കൂൾ - പനയ്ക്കപതാൽ	1 K.M.
	കൂട്ടിക്കൽ - കുറ്റിപ്ലാങ്ങാട്	1 K.M.
	ഉറുമ്പിക്കര - മേലോരം ആശുപത്രി	2 K.M.
V.	മേലോരം - പട്ടിക്കുന്ന്	3 K.M.
	മേലോരം - ആനചാരി	2 K.M.
VI.	മുളങ്കുന്ന് - മരുതുംമൂട്	6 K.M.
VII.	പ്ളയിൻ ഗ്രൗണ്ട് - പാറേൽ കോളനി	1 K.M.
VIII.	മാമൂട്ടിൽ കടവ് - വള്ളോം കുഴി	1 K.M.
	വള്ളോം കുഴി - നാരകം പുഴ	1 K.M.
	നാരകം പുഴ - ഞാവക്കാട്	7 K.M.
	മുണ്ടക്കയം സെൻറ് ആൻറണീസ് U.P. സമീപം	1/2 K.M.
	കുറ്റിപ്ലാങ്ങാട് ഗവ. ഹൈസ്കൂൾ - ഏഴോലി	

ഊർജ്ജം

ആധുനിക പുരോഗതിയുടെ അടിസ്ഥാന ശക്തിയായ വൈദ്യുതി ഈ പഞ്ചായത്തിൽ എല്ലാ വാർഡുകളിലും എത്തിയിട്ടുണ്ടെങ്കിലും അഴങ്ങാട്, പട്ടിക്കുന്ന്, പുവഞ്ചി, വടക്കേമല, മേപ്പുഴു, കുറ്റിപ്ലാങ്ങാട് വെസ്റ്റ്, ഉറുമ്പിക്കര ഈസ്റ്റ്, IV, VI വാർഡുകളിലെ ആറ്റോരം കോളനി തുടങ്ങിയ പ്രദേശങ്ങളിൽ വൈദ്യുതി ഇനിയും എത്തിയിട്ടില്ല. ഈ പ്രദേശങ്ങളിൽകൂടിയാണ് പള്ളം-പോത്തും പാറ 66 കെ.വി. ലൈൻ കടന്ന് പോകുന്നതെങ്കിലും വൈദ്യുതി ബോർഡിന്റെ ഓഫീസുകൾ ഒന്നും തന്നെ ഈ പഞ്ചായത്തിൽ പ്രവർത്തിക്കുന്നില്ല എന്നത് പ്രദേശത്തിന്റെ ദുരൃോഗമാണ്. മാത്രമല്ല, കടുത്ത വോൾട്ടേജ് ക്ഷാമം ഉപഭോക്താക്കളെ കുറച്ചൊന്നുമല്ല ബുദ്ധിമുട്ടിക്കുന്നത്. വൈദ്യുതോപകരണങ്ങൾ മിക്കവീടുകളിലും കാഴ്ച വസ്തുക്കൾ മാത്രമാണ്.

ട്രാൻസ്ഫോർമർ

പട്ടിക 1

പഞ്ചായത്ത് പ്രദേശത്തുള്ള ട്രാൻസ് ഫോർമറുകളും അവയുടെ കപ്പാസിറ്റിയും പട്ടികയായി ചുവടെ ചേർക്കുന്നു.

No.	Capacity	Name of Place
1	100 KVA	മുക്കുളം
2	50 KVA	വെബ്ളി - 2
3	25 KVA	ഉറുമ്പിക്കര - I
4	160 KVA	ഉറുമ്പിക്കര - II
5	63 KVA	മുളംകുന്ന്
6	100 KVA	കൊടികുത്തി
7	150 KVA	കൊടുകുത്തി ഫാക്ടറി
8	50 KVA	മേലോരം
9	100 KVA	കുറ്റിപ്ലാങ്ങാട്
10	160 KVA	35th മൈൽ

(പട്ടിക 1)

(പട്ടിക 2)

പഞ്ചായത്തിൽ ആകെ 72 സ്ട്രീറ്റ് ലൈറ്റുകൾ മാത്രമാണുള്ളത്. അതിൽ നാമമാത്രമായ എണ്ണമേ പ്രവർത്തിക്കുന്നുള്ളൂ. പുതുതായി സ്ഥാപിച്ച 4 സോഡിയം വേപ്പർ ലാംപുകളിൽ ഒന്നിനുപോലും കണക്ഷൻ ലഭിച്ചിട്ടില്ല.

പാരമ്പര്യേതര ഊർജ്ജ സ്രോതസുകളായ സൗരോർജ്ജ വിളക്കുകൾ ഗോബർ ഗ്യാസ് പ്ലാന്റ് എന്നിവയുടെ ഉപയോഗം പരിമിതമാണ്.

പട്ടികജാതി, പട്ടികവർഗ്ഗ അധിവാസ മേഖലകളിൽ വൈദ്യുതീകരണം സംബന്ധിച്ച നടപടികൾ തുലോം അപര്യാപ്തമാണ്. ഇത് സംബന്ധിച്ച പട്ടിക ചുവടെ ചേർക്കുന്നു.

പ്രശ്നങ്ങൾ

1. പഞ്ചായത്തിലെ ഒരു വാർഡിലും മുഴുവൻ പ്രദേശത്തും വൈദ്യുതി എത്തിയിട്ടില്ല.
2. പ്രേഷണ വിതരണ രംഗങ്ങളിൽ K.S.E.B.യുടെ ശ്രദ്ധക്കുറവ്. പ്രത്യേകിച്ച് മരച്ചില്ലകൾ മുറിച്ചുമാറ്റാത്തതും കാലഹരണപ്പെട്ട പോസ്റ്റുകൾ മാറ്റിസ്ഥാപിക്കാത്തതും ഒരു സ്ഥിരം പ്രശ്നമായി തുടരുന്നു.
3. പഞ്ചായത്തിൽ പട്ടികജാതി പട്ടിക വർഗ്ഗ കോളനികൾ വൈദ്യുതീകരിക്കുവാനുണ്ട്.

4. എല്ലാ വാർഡിലും സ്ട്രീറ്റ് ലൈറ്റുകൾ എത്തിയിട്ടില്ല. നാരകംപുഴ, മാക്കോച്ചി റോഡ്, കുറ്റിപ്ലാങ്ങാട്, രത്നഗിരി ഐ.എച്ച്.ഡി.പി. കോളനി തുടങ്ങിയ പ്രദേശങ്ങളിൽ സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കേണ്ടത് അത്യന്താപേക്ഷിതമാണ്.

5. കേടായ മീറ്ററുകൾ നന്നാക്കാനോ, മാറ്റി സ്ഥാപിക്കാനോ അധികൃതർ ശ്രദ്ധിക്കുന്നില്ല.

6. ബോർഡ് ജീവനക്കാരുടെ കുറ്റകരമായ അനാസ്ഥ പ്രശ്നങ്ങൾ പരിഹരിക്കുവാനുള്ള വിമുഖത, അഴിമതി എന്നിവ ഉപഭോക്താക്കളെ ദോഷകരമായി ബാധിക്കുന്നു.

7. നിലവിലുള്ള പമ്പുസെറ്റുകൾ വോൾട്ടേജ് ക്ഷാമം മൂലം പ്രവർത്തിപ്പിക്കുവാൻ പലപ്പോഴും കഴിയുന്നില്ല.

8. കാർഷിക ആവശ്യങ്ങൾക്ക് വൈദ്യുതി ലഭ്യമാകുന്നില്ല.

9. പട്ടികവർഗ്ഗ അധിവാസ മേഖലയായ കുറ്റിപ്ലാങ്ങാട് ഈസ്റ്റ് വെസ്റ്റ് കോളനികൾ വൈദ്യുതീകരിക്കുവാൻ ഫോറസ്റ്റ് ഡിപ്പാർട്ടുമെന്റ് ഉയർത്തിയിരിക്കുന്ന സാങ്കേതികതടസം നീക്കുന്നതിനാവശ്യമായ നിയമനടപടികൾ സ്വീകരിക്കണം.

നിർദ്ദേശങ്ങളും ആവശ്യങ്ങളും

1. വൈദ്യുതിയുടെ പ്രസരണ നഷ്ടം ഒഴിവാക്കാനും വീടുകളിലെ ദുരുപയോഗം തടയുവാനും അപകടങ്ങൾ ഇല്ലാതാക്കുവാനും വൈദ്യുതി ബോർഡിന്റെ സഹകരണത്തോടെ ബോധവൽക്കരണ പരിപാടികൾ നടത്തുക.

2. ബോർഡിന്റെ പ്രവർത്തനം ജനകീയ പരിശോധനയ്ക്ക് വിധേയമാക്കുവാനുള്ള സംവിധാനം ഏർപ്പെടുത്തുക.

3. സോളാർ സെല്ലുകളുടെയും ക്ഷമത കൂടിയ അടുപ്പുകളുടെയും ഉപയോഗം ജനങ്ങൾക്ക് പരിചയപ്പെടുത്തുവാനുമുള്ള നടപടികൾ കൈക്കൊള്ളുക.

4. തദ്ദേശസ്ഥാപനങ്ങൾക്ക് വൈദ്യുതി മേഖലകളിൽ അതത് തലങ്ങളിൽ നിയന്ത്രണം ലഭ്യമാക്കാനുള്ള നടപടി സ്വീകരിക്കണം.

5. വൈദ്യുത കണക്ഷൻ കൊടുക്കുന്നതിൽ SC, ST വിഭാഗങ്ങൾക്ക് മുൻഗണന കൊടുക്കണം.

6. 6-ാം വാർഡിൽ ആറ്റോരം കോളനിയിൽ അനുവദിച്ച സിംഗിൾ ഫേസ് ലൈൻ 3 ഫേസ് ലൈൻ ആക്കി ഉയർത്തുക.

7. മുക്കുളം ലൈനിൽ ഉള്ള ഏന്തയാർ വരെ 3 ഫേസ്ലൈൻ വലിക്കുകയും ഏന്തയാർ ഭാഗത്ത് ട്രാൻസ്ഫോർമർ സ്ഥാപിക്കുകയും ചെയ്യുക.

8. പൂവഞ്ചി ഭാഗത്ത് 66 കെ.വി. ലൈനിന് സമീപം ട്രാൻസ്ഫോർമർ സ്ഥാപിക്കുക.

9. പ്രധാന കവലകളിൽ സോഡിയം വേപ്പർ ലാംപുകൾ സ്ഥാപിക്കുക.

10. വടക്കേമല പട്ടികവർഗ്ഗ കോളനി കനകപുരം ഭാഗം, ഏന്തയാർ ലക്ഷംവീട് കോളനി, ഇവിടങ്ങളിലെ വോൾട്ടേജ് ക്ഷാമം പരിഹരിക്കുക.

11. വടക്കേമല ഉയർന്ന പ്രദേശങ്ങളിൽ സോളാർ വിളക്കുകൾ സ്ഥാപിക്കുക.

12. ഉറുമ്പിക്കര ടോപ്പ്, പട്ടിക്കുന്ന് ഭാഗങ്ങളിൽ കാറ്റിൽ നിന്ന് വൈദ്യുതി ഉല്പാദിപ്പിക്കുന്നതിനുള്ള പദ്ധതി ആവിഷ്കരിക്കുക.

13. മേലോരം കുന്നുംപുറം പട്ടിക ജാതി പട്ടിക വർഗ്ഗ കോളനി വൈദ്യുതീകരിക്കുക.

14. 35-ാം മൈൽ മുതൽ കൊടികുത്തി വരെയുള്ള വഴിവിളക്കുകൾ പ്രവർത്തിപ്പിക്കുക.

15. ഏന്തയാർ-വടക്കേമല റോഡിൽ സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കുക.

16. വെംബ്ലി SC കോളനി, ഉറുമ്പിക്കര SC കോളനി ഭാഗങ്ങളിൽ സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കുക, 35-ാം മൈൽ നിന്നും ബോയ്സ് കാന്റീൻ വരെയും കൊടികുത്തി ഗയിറ്റ് മുതൽ കാന്റീൻ വരെയും വഴിവിളക്കുകൾ സ്ഥാപിക്കുക. വെള്ളപൊട്ട്-മുക്കുളം റോഡിൽ സ്ട്രീറ്റ് ലൈറ്റുകൾ സ്ഥാപിക്കുക.

സാദ്ധ്യതകൾ

1. പാപ്പാനിത്തോട്ടിൽ അണകെട്ടിയാൽ ഈ നാടിനാവശ്യമായ വൈദ്യുതി ഉല്പാദിപ്പിക്കുവാൻ സാധിക്കും. മാത്രമല്ല, ഇതുമൂലം കുടിവെള്ള ദൗർലഭ്യത്തിനും ജലസേചന ആവശ്യങ്ങൾക്കും പരിഹാരമാകും.

2. ഉറുമ്പിക്കര പട്ടിക്കുന്ന് ഭാഗങ്ങളിൽ കാറ്റാടി സ്ഥാപിച്ച് വൈദ്യുതി ഉല്പാദിപ്പിക്കാനുള്ള നടപടികൾ സ്വീകരിക്കണം.

കോളനികൾ വൈദ്യുതീകരണം സംബന്ധിച്ച കണക്ക്.

വാർഡ്	പട്ടികജാതി കോളനി വൈദ്യുതീകരണ വിവരങ്ങൾ	വൈദ്യുതീകരിച്ചത്	വൈദ്യുതീകരിക്കാത്തത്	ആകെ	വാർഡ്	പട്ടിക വർഗ്ഗ കോളനി വൈദ്യുതീകരണ വിവരങ്ങൾ	വൈദ്യുതീകരിക്കാത്തത്	വൈദ്യുതീകരിച്ചത്	ആകെ
III	വെംബ്ലി	27	43	70	I	മുക്കുളംതാഴെ			30
	ഉറുമ്പിക്കര ഈസ്റ്റ്	4	31	35					
	ഉറുമ്പിക്കര വെസ്റ്റ്	4	16	20					
V	മേലോരം (പട്ടിക്കുന്ന്)		30	30	II	വടക്കേമല	4	8	12
VI	ആറ്റോരം	3	22	25	IV	ഉറുമ്പിക്കര ഈസ്റ്റ്	20	80	120
						ഉറുമ്പിക്കര വെസ്റ്റ്		20	
VIII	രത്നഗിരി	10	38	48	V	മേലോരം			25
	പുളിക്കത്തടം			25					
	ബാക്കിവാർഡുകളിൽ SC കോളനികൾ ഇല്ല.				VIII	നാരകം പുഴ	20	65	85

പാർപ്പിടം സാമൂഹികക്ഷേമം



A. പാർപ്പിടം

വീടുകളെ സംബന്ധിച്ചുള്ള സങ്കല്പത്തിലും അവയുടെ നിർമ്മാണത്തിലും വിപ്ലവകരമായ മാറ്റം വന്നുകൊണ്ടിരിക്കുന്ന ഒരു കാലഘട്ടമാണിത്.

പഞ്ചായത്തിന്റെ ഭൂമിശാസ്ത്രപരമായ പ്രത്യേകതകളും ഗതാഗത സൗകര്യങ്ങളുടെ ശോച്യാവസ്ഥയും ഇവിടുത്തെ സാധാരണക്കാരന്റെ പാർപ്പിട പ്രശ്നങ്ങൾക്ക് വിലങ്ങുതടിയാകുന്നു. എങ്ങനെയെങ്കിലും മേക്കൂട് കെട്ടിമേയുക എന്നത് മാത്രമാണ് സാധാരണക്കാരന്റെ ചിന്ത. ഓടിട്ട വീടുകളാണ് പഞ്ചായത്തിൽ കൂടുതലെങ്കിലും അവയുടെ സ്ഥിതി ഒട്ടുംതന്നെ മെച്ചമല്ല. മിക്ക വീടുകളും കല്ലുകൾകൊണ്ടോ മൺകട്ടകൾ ഉപയോഗിച്ചോ ആണ് നിർമ്മിച്ചിട്ടുള്ളത്. ആവശ്യ നിർമ്മാണ സാമഗ്രികളായ മണൽ, കമ്പി, സിമന്റ് എന്നിവ കോട്ടയം ജില്ലയിൽ നിന്ന് വേണം കൊണ്ടുവരുവാൻ. പരമ്പരാഗത മാതൃകയിൽ നിർമ്മിച്ച അറയും നിരയും ഉള്ള വീടുകൾ അങ്ങിങ്ങായി കാണുന്നുണ്ട്. വീടുകളുടെ തരം തിരിച്ചുള്ള പട്ടിക വാർഡ് തലത്തിൽ ചുവടേ ചേർക്കുന്നു.

പുതിയ പ്രവണതകൾ അനുസരിച്ച് ഹോളോ ബ്രിക്സ്, സിമന്റുകട്ട എന്നിവയാണ് കൂടുതൽ ഉപയോഗിച്ചു വരുന്നത്. പനയോല, തെങ്ങോല തുടങ്ങിയവയുടെ ലഭ്യത കുറഞ്ഞു വരുന്നതിനാൽ മോഡേൺ ഷീറ്റുകൾ വ്യാപകമായി ഉപയോഗിച്ചുവരുന്നു. പരമ്പരാഗത വാസ്തുശില്പ മാതൃകകളിൽ നിന്ന് വ്യതിചലിച്ച് പുതിയ കോൺക്രീറ്റ് വീടുകൾ നിർമ്മിക്കുവാനുള്ള പ്രവണതയാണ് കണ്ടുവരുന്നത്.

ചിലവ് കുറഞ്ഞ വീടുകൾ പണിയാൻ താല്പര്യം കണ്ടുവരുന്നുണ്ടെങ്കിലും വിദഗ്ദ്ധ തൊളിലാളികളുടെ അഭാവം പുറെ ബുദ്ധിമുട്ടുകളുണ്ടാക്കുന്നു. കെട്ടിട നിർമ്മാണ സാമഗ്രികൾക്കുണ്ടായവൻ വില വർദ്ധനവ് ഈ മേഖലകളെ വളരെയധികം തളർത്തിയിട്ടുണ്ട്.

(പട്ടിക നമ്പർ 1)

വാർഡ്	ഓട്	ടെറസ്	ഓല	ഇരുനില	ഷീറ്റ്	ആകെ
1	231	14	109	-	65	419
2	130	4	132	-	52	318
3	156	2	60	1	120	339
4	138	4	55	2	25	224
5	155	3	149	-	76	383
6	164	21	14	3	528	730
7	206	6	73	1	69	355
8	285	13	272	2	58	630
Total	1420	67	864	9	968	3398

ഹഡ്കോ, നിർമ്മിതി, പോലുള്ള പ്രസ്ഥാനങ്ങളുടെ സഹകരണവും ഉപദേശവും മാർഗ്ഗ നിർദ്ദേശവും സ്വീകരിച്ച് പുതിയ പാർപ്പിട വികസന പദ്ധതികൾ ആവിഷ്കരിക്കേണ്ടത് അത്യാവശ്യമാണ്.

പട്ടിക ജാതി പട്ടിക വർഗ്ഗ വിഭാഗങ്ങളിൽപെട്ട ആളുകൾക്ക് സർക്കാർ സാമ്പത്തിക സഹായം വളരെയധികം നല്കുന്നുണ്ടെങ്കിലും നിർമ്മാണ സാമഗ്രികളുടെ വില വർദ്ധനവും ഗതാഗത സൗകര്യങ്ങളുടെ അപര്യാപ്തതയും മൂലം നിർമ്മാണം മുടങ്ങിപ്പോകുന്നു. പട്ടിക ജാതി പട്ടിക വർഗ്ഗ വിഭാഗങ്ങളിൽ പെട്ടവർക്കും ഇതരവിഭാഗങ്ങൾക്കും ഇനി അനുവദിക്കേണ്ട വീടുകളുടെ വാർഡു തിരിച്ചുള്ള വിവരം താഴെ കൊടുക്കുന്നു.

പട്ടിക നമ്പർ 2

ഭവന നിർമ്മാണ വായ്പകൾ ലഭ്യമാകാനുള്ള വ്യവസ്ഥകൾ ഉദാരവൽക്കരിക്കേണ്ട തുണ്ട്. വായ്പാതുകകൾ ഗണ്യമായി വർദ്ധിപ്പിക്കേണ്ടത് അത്യന്താപേക്ഷിതമാണ്. സന്നദ്ധ സംഘടനകളുടെയും ഗവർമെന്റിന്റേയും കൂട്ടായ ശ്രമം ഉണ്ടായാൽ പാർപ്പിട പ്രശ്നത്തിന് പരിഹാരം കാണുവാൻ സാധിക്കും.

പഞ്ചായത്തിലെ റോഡ് തോട് പുറമ്പോക്കുകളിലും ലക്ഷം വീട് കോളനികളിലും സെറ്റിൽമെന്റ് പ്രദേശങ്ങളിലും അനുഭവപ്പെടുന്ന പട്ടയപ്രശ്നം ഭവന നിർമ്മാണ ഏജൻസികളിൽ നിന്നും വായ്പ ലഭിക്കുന്നതിന് തടസ്സമായി നിൽക്കുന്നു. ഈ പ്രശ്നം അർഹിക്കുന്ന ഗൗരവത്തോടെ പരിഗണിക്കേണ്ടതും, സർക്കാരിന്റെ ശ്രദ്ധ ഈക്കാര്യത്തിൽ കൂടുതൽ പതിയുവാൻ വേണ്ട സത്വര നടപടി സ്വീകരിക്കേണ്ടതാണ്.

നിർദ്ദേശങ്ങൾ

1. തദ്ദേശീയമായ നിർമ്മാണ സാമഗ്രികൾ ഉപയോഗിച്ചുള്ള ഗൃഹനിർമ്മാണം പ്രോൽസാഹിപ്പിക്കുക.
2. ആസ്ബസ്റ്റോസ് ഷീറ്റുകൾ ആരോഗ്യ പരിസ്ഥിതി പ്രശ്നങ്ങൾ ഉയർത്തുന്നതിനാൽ ഇവയുടെ ഉപയോഗം കുറയ്ക്കുവാനുള്ള ബോധവൽക്കരണ പരിപാടികൾ ആവിഷ്കരിക്കുക.
3. പുതിയ നിർമ്മാണത്തിനുള്ള അനുവാദം പഞ്ചായത്തിനോട് നേടിയതിന് ശേഷം മാത്രമേ നിർമ്മാണ പ്രവർത്തനങ്ങൾ തുടങ്ങാവൂ എന്ന് കർശന നിർദ്ദേശം നൽകുക.
4. പരിസ്ഥിതിക്ക് വിഘാതമാകാതെയുള്ള നിർമ്മാണ പ്രവർത്തനം നടത്തുന്ന ഏജൻസികളുടെ സഹകരണവും ബോധവൽക്കരണ പരിപാടി നടത്തുക.
5. പ്രകൃതി ക്ഷോഭത്താൽ നിരവധി വീടുകൾ തകരുന്നതുമൂലം ദുരിതമനുഭവിക്കുന്നവർക്കുവേണ്ടി ഒരു ദുരിതാശ്വാസ ഫണ്ട് പഞ്ചായത്ത് തലത്തിൽ രൂപീകരിക്കണം. ഇതിനാവശ്യമായ സാമ്പത്തിക സഹായം സർക്കാർ ഭാഗത്തു നിന്നും സന്നദ്ധസംഘടനകളിൽ നിന്നും സ്വരൂപിക്കേണ്ടതാണ്. ദുരിതാശ്വാസ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകാൻ ഒരു സന്നദ്ധ സേന പഞ്ചായത്ത് തലത്തിൽ സംഘടിപ്പിക്കണം.
6. രണ്ടാം വാർഡിലെ ലക്ഷംവീട് കോളനിയിലെ ആറ്റുതീരം സംരക്ഷണഭിത്തി കെട്ടി സുരക്ഷിതമാക്കുക.
7. മറ്റ് വാർഡുകളിലെയും ആറ്റ് തീരങ്ങളിൽ താമസിക്കുന്നവരുടെ വീടുകൾക്ക് സംരക്ഷണ ഭിത്തി കെട്ടി സുരക്ഷിതമാക്കേണ്ടതാണ്.

വീടുകളെ സംബന്ധിച്ച വിവരം

പട്ടിക 2

വാർഡ്	വീട് ആവശ്യമുള്ള കുടുംബങ്ങളുടെ എണ്ണം (IRDP സർവ്വേ പ്രകാരം)	ഇനിയും അനുവദിക്കേണ്ട വീടുകൾ		
		ജനറൽ	ST	SC
1	90	71	10	9
2	190	171	9	10
3	110	70	-	40
4	105	30	50	25
5	125	100	15	10
6	35	15	-	20
7	100	95	-	5
8	210	125	15	70

ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള സംഘടിത, അസംഘടിത തൊഴിലാളികളുടെ ക്ഷേമത്തിനായുള്ള പദ്ധതികൾ വളരെ പരിമിതമായി മാത്രമേ ലഭിക്കുന്നുള്ളൂ. പട്ടികജാതി, പട്ടികവർഗ്ഗ വികസന വകുപ്പുകളിൽനിന്നും കുറെയൊക്കെ സഹായം ലഭിക്കുന്നുണ്ടെങ്കിലും ഈ വിഭാഗത്തിലുള്ള ജനതയുടെ ഉന്നമനം ഇന്നും അന്യമായി നിലകൊള്ളുകയാണ്. സഹായം ലഭിക്കേണ്ട വിധവകൾ, വികലാംഗർ, അന്ധർ, കർഷക തൊഴിലാളികൾ തുടങ്ങിയവർ നിരവധിയാണ്.

I.R.D.P. സർവ്വേ പ്രകാരം ദാരിദ്ര്യരേഖയ്ക്കു താഴെയുള്ളവർ

ആകെ കുടുംബങ്ങൾ	S.C. / S.T.	സാമ്പത്തികസഹായം ലഭിച്ചവർ	S.C. / S.T.	ദാരിദ്ര്യ രേഖയ്ക്കു മുകളിലെത്തിയവർ	രേഖക്ക് താഴെയുള്ള ആകെ കുടുംബങ്ങൾ
1136	275	415	202	186	1323

സഹായം അർഹിക്കുന്നവർ

വിധവകൾ	അന്ധർ	വികലാംഗർ	കർഷക തൊഴിലാളികൾ	വാർദ്ധക്യകാല പെൻഷൻ
280	2	16	634	328

അംഗൻവാടികൾ

സാമൂഹ്യക്ഷേമരംഗത്ത് കാര്യമായ സംഭാവന നൽകുന്ന ഒരു പ്രധാന ഘടകമാണ് അംഗൻവാടികൾ. പഞ്ചായത്തിൽ എട്ട് വാർഡുകളിലായി 16 അംഗൻവാടികൾ പ്രവർത്തിക്കുന്നു. മാതൃ ശിശു സംരക്ഷണരംഗത്ത് പ്രവർത്തിക്കുന്ന ഇത്തരം സ്ഥാപനങ്ങളിലെ ജീവനക്കാർ സമൂഹ

ത്തിന് മുതൽക്കൂട്ടാണ്. എന്നാൽ വനിതകളുടെ പ്രവർത്തനങ്ങൾ കാര്യക്ഷമമായി നടത്തിക്കൊണ്ടുപോകുവാൻ നിലവിലുള്ള അംഗൻവാടികളുടെ ഭൗതികസൗകര്യങ്ങൾ അപര്യാപ്തമാണ്. പഞ്ചായത്തിലെ 7 അംഗൻവാടി കെട്ടിടങ്ങൾക്കും സ്വന്തമായി കെട്ടിടങ്ങൾ ഇല്ല. ഉള്ളതിൽ പലതും ജീർണാവസ്ഥയിലുമാണ്.

പ്രാഥമികസൗകര്യങ്ങളായ ശുദ്ധജലം, കക്കൂസ്, കളിക്കോപ്പുകൾ തുടങ്ങിയ സൗകര്യങ്ങൾ ഉണ്ടാകേണ്ടിയിരിക്കുന്നു. രാവിലെ മുതൽ വൈകുന്നേരം വരെ പണിയെടുക്കുന്ന അംഗൻവാടി ജീവനക്കാരുടെ വേതനം വളരെ കുറവാണ്. സാമൂഹ്യനീതിക്ക് നിരക്കാത്ത ഈ വ്യവസ്ഥിതി മാറണം.

പരിഹാരനിർദ്ദേശങ്ങൾ

1. അംഗൻവാടി ജീവനക്കാരുടെ വേതനസമ്പ്രദായം പുതുക്കണം.
2. അംഗൻവാടി ജീവനക്കാരെ സീനിയോറിറ്റി പരിഗണിച്ച് യോഗ്യതയുടെ അടിസ്ഥാനത്തിൽ സാമൂഹ്യക്ഷേമവകുപ്പിലും പഞ്ചായത്ത് വകുപ്പിലും ഉണ്ടാകുന്ന ഒഴിവുകളിൽ നിയമിക്കുക.
3. എല്ലാ അംഗൻവാടികൾക്കും സ്വന്തമായി കെട്ടിടം നിർമ്മിക്കുക.
4. അംഗൻവാടി ജീവനക്കാർക്ക് പെൻഷൻ അനുവദിക്കുക.
5. പോഷക ആഹാരത്തുക വർദ്ധിപ്പിക്കുക.
6. പുകയില്ലാത്ത അടുപ്പുകൾ നൽകുക.
7. പ്രാഥമികസൗകര്യങ്ങൾ അത്യാവശ്യമായും ലഭ്യമാക്കണം.

കെട്ടിടനിർമ്മാണത്തൊഴിലാളികൾ

പഞ്ചായത്തതിർത്തിക്കുള്ളിൽ കെട്ടിടനിർമ്മാണരംഗത്ത് പണിയെടുക്കുന്ന തൊഴിലാളികൾ ധാരാളമുണ്ട്. ഇവർ അസംഘടിതരാണ്. സംസ്ഥാനത്ത് നിലവിലുള്ള കെട്ടിടനിർമ്മാണ തൊഴിലാളി ക്ഷേമനിധിയിൽ അംഗങ്ങൾ അല്ലാത്തവരാണ് ഇവരിൽ ഭൂരിപക്ഷവും. കഠിനാധ്വാനം ചെയ്യുന്ന ഇവരുടെ ആരോഗ്യസംരക്ഷണം ശ്രദ്ധിക്കേണ്ടതാണ്. ക്ഷേമനിധിയെക്കുറിച്ച് ബോധവൽക്കരണം നൽകി എല്ലാവരെയും നിധിയിൽ അംഗങ്ങൾ ആക്കണം.

പൊതുവിതരണം.

പൊതുവിതരണരംഗത്ത് 5 റേഷൻകടകൾ പഞ്ചായത്തിലാകെ പ്രവർത്തിക്കുന്നു. പഞ്ചായത്തിനു വെളിയിലുള്ള 5 റേഷൻകടകളിലൂടെയും നമ്മുടെ ജനങ്ങൾ പൊതുവിതരണരംഗത്തെ ആശ്രയിക്കുന്നു. സിവിൽസപ്ലൈസ് കോർപ്പറേഷന്റെ ഒരു മാവേലി സ്റ്റോർ 35-ാം മൈലിൽ പ്രവർത്തിക്കുന്നു. നിലവിലുള്ള പൊതുവിതരണശൃംഖല ജനങ്ങളുടെ ആവശ്യത്തിന് അപര്യാപ്തമാണ്.

നിർദ്ദേശങ്ങൾ

1. കുറ്റിപ്ലാങ്ങാട് മേഖലയിൽ ഒരു റേഷൻകട ആരംഭിക്കണം.
2. മാവേലിസ്റ്റോർ പഞ്ചായത്ത് ആഫീസിന് സമീപം സ്ഥാപിക്കുക.
3. റേഷൻ സാധനങ്ങളുടെ ഗുണനിലവാരം ഉറപ്പുവരുത്തണം.
4. റേഷൻസാധനങ്ങൾക്ക് ബിൽ നൽകുന്ന സമ്പ്രദായം നിർബന്ധമാക്കണം.

ട്രൈസം

18 വയസുമുതൽ 35 വയസു വരെയുള്ള യുവതീയുവാക്കൾക്കായി സ്വയം തൊഴിൽ പരിശീലനം നൽകുന്ന പദ്ധതിയാണ് ട്രൈസം. ട്രൈസം പദ്ധതി പ്രകാരം പരിശീലനം ലഭിച്ചവരുടെ കണക്ക് ചുവടെ ചേർക്കുന്നു.

പരിശീലന വിഷയം	പരിശീലനം ലഭിച്ചവർ	സ്വയം തൊഴിൽ കണ്ടെത്തിയവർ	ഇതര തൊഴിൽ ചെയ്യുന്നവർ	അവശേഷിക്കുന്നവർ
റേഡിയോ & T.V	16	1	1	14
ടെയിലറിംഗ്	20	5	4	11
എംബ്രോയിഡറി	14	4	—	10
A/C	3	—	1	2
പ്രിന്റിംഗ് & കമ്പോസിംഗ്	12	—	5	7
ടൈപ്പ് റൈറ്റിംഗ്	3	1	—	2

RAP (ടൂൾകിറ്റ്)

ഗ്രാമീണ കൈത്തൊഴിലുകൾക്ക് ആധുനിക ഉപകരണങ്ങൾ നൽകുന്ന പദ്ധതിയാണ് RAP. വില്ലേജ് എക്സ്റ്റൻഷൻ ആഫീസുമായി നടപ്പിലാക്കുന്ന ഈ പദ്ധതിയെക്കുറിച്ച് തൊഴിലാളികൾ അറിവുള്ളവരല്ല.

ടൂൾകിറ്റ് ലഭിച്ചവരുടെ എണ്ണം(വാർഡ് തിരിച്ച്)

വാർഡ്	IRDP സർവ്വേ പ്രകാരം ഗ്രാമീണ കൈത്തൊഴിലുകാർ	സഹായം ലഭിച്ചവർ	ഇനിയും അർഹത ഉള്ളവർ
1	2	—	2
2	—	—	—
3	5	2	3
4	—	—	—
5	9	7	2
6	1	—	1
7	—	—	—
8	8	—	8

കക്കൂസ് (ശുചിത്വം)

ആരോഗ്യപരിപാലനകാര്യത്തിൽ മരുന്നിനേക്കാൾ പ്രാധാന്യം വ്യക്തിശുചിത്വവും പരിസര ശുചിത്വവും അതിനുള്ള ബോധവൽക്കരണവുമാണ്. വായുവും ജലവുമാണ് രോഗം പകരുന്നതിനുള്ള പ്രധാന മാധ്യമങ്ങൾ. അതിനാൽ ശുദ്ധ ജലവും ആരോഗ്യകരമായ അന്തരീക്ഷവും അനിവാര്യമാണ്. പരിസരമലിനീകരണവും അന്തരീക്ഷമലിനീകരണവും രോഗങ്ങളെ വിളിച്ചുവരുത്തും. പഞ്ചായത്തിൽ വ്യവസായങ്ങൾ കുറവായതിനാൽ അന്തരീക്ഷമലിനീകരണം ഗുരുതരമല്ല. കക്കൂസുകളുടെ കുറവാണ് പ്രധാനമായും പരിസരമലിനീകരണം സൃഷ്ടിക്കുന്നതിന് ഹേതു. അതുകൊണ്ട് അടിയന്തിരമായി ഈ പ്രശ്നത്തിന് പരിഹാരം കണ്ടെത്തണം.

"കൊക്കയാർ പഞ്ചായത്തിൽ എല്ലാവർക്കും കക്കൂസ്" എന്ന മുദ്രാവാക്യം ഒരു വെല്ലുവിളിയായി സ്വീകരിച്ച് രണ്ടുവർഷത്തിനുള്ളിൽ ഈ ലക്ഷ്യം നേടിയെടുക്കാനുള്ള ഒരു തീവ്രയത്ന പരിപാടിക്ക് രൂപം നൽകണം. ആദ്യമായി അതിനുള്ള ബോധവൽക്കരണമാണാവശ്യം.

ഈ ബൃഹത്പദ്ധതി സന്നദ്ധസംഘടനകളുടെ മേൽനോട്ടത്തിൽ പഞ്ചായത്തും ഗുണഭോക്താക്കളും കൂടിയുള്ള ഒരു കൂട്ടായ യത്നത്തിലൂടെ വേണം നടപ്പിലാക്കാൻ. നമ്മുടെ പഞ്ചായത്തിൽ 8 വാർഡുകളിലായി 646 കക്കൂസുകൾ ആവശ്യമുണ്ട്.

I.R.D.P സർവ്വേ പ്രകാരം വാർഡുതിരിച്ച് താഴെ കൊടുക്കുന്നു.

വാർഡ്	സാനിട്ടറി കക്കൂസ് ഇല്ലാത്ത വീടുകൾ	അനുവദിച്ചത്	ഇനിയും പണി തീരാത്തത്	ആവശ്യം ഉള്ളത്
1	44	5	4	39
2	114	13	7	101
3	142	27	20	115
4	82	13	8	69
5	82	10	3	72
6	30	6	1	24
7	128	6	5	122
8	137	33	21	104

വിവിധ വകുപ്പുകളിലൂടെ നടപ്പിലാക്കി ക്കൊണ്ടിരിക്കുന്ന ക്ഷേമപദ്ധതികൾ

1. വിധവാ പെൻഷൻ
   31 പേർ വിധവാ പെൻഷൻ വാങ്ങുന്നു.
2. വികലാംഗപെൻഷൻ
   26 പേർക്ക് പെൻഷൻലഭിക്കുന്നു.
3. വാർദ്ധക്യകാലപെൻഷൻ
   19 പേർക്കു ലഭിക്കുന്നു.
4. കർഷകത്തൊഴിലാളി പെൻഷൻ
   പദ്ധതി നടപ്പിലാക്കിയിട്ടില്ല.

പ്രത്യേക പാർപ്പിട പദ്ധതിയും പട്ടയവിതരണവും

1. ലക്ഷംവീട് കോളനികൾ

1967 ൽ ശ്രീ. M.N. ഗോവിന്ദൻനായർ ഭവന നിർമ്മാണവകുപ്പുമന്ത്രിയായിരുന്ന കാലത്ത് സാധുക്കൾക്കായി രൂപം കൊടുത്ത പദ്ധതിയാണ് ലക്ഷംവീട് പദ്ധതി. ഈ പദ്ധതിക്കായി നറുക്കെടുപ്പിലൂടെ ആളുകളെ തെരഞ്ഞെടുത്തു. പദ്ധതിയുടെ നടത്തിപ്പിനായി കൊക്കയാർ, പുളിക്കത്തടം, വടക്കേമല (ഏന്തയാർ) 34–ാം മൈൽ എന്നിവിടങ്ങളിൽ സ്ഥലം വാങ്ങി. സർക്കാരിനോ പഞ്ചായത്തിനോ വീടു നിർമ്മിച്ചുകൊടുക്കാൻ കഴിഞ്ഞില്ല.

ശ്രീ. ബാബുപോൾ ഇടുക്കി ജില്ലാ കളക്ടറും ശ്രീ. പി.എം. ജോസഫ് പഞ്ചായത്തു പ്രസിഡൻറും ആയിരുന്ന കാലഘട്ടത്തിൽ നാലുസെൻറ് സ്ഥലം വീതം തെരഞ്ഞെടുക്കപ്പെട്ടവർക്ക് കൈവശം നൽകി. സ്ഥലം ലഭിച്ചവർ കുടിലുകൾ കെട്ടി താമസം ആരംഭിച്ചു. ഇന്നും ജീർണാവസ്ഥയിലായ കുടിലുകളിലാണ് ഇവരുടെ താമസം. വീടുകൾ പുതുക്കിപണിയേണ്ടത് ആവശ്യമാണ്. ഇവർക്കായി ഒരു ഭവനപദ്ധതി രൂപീകരിച്ച് താമസസൗകര്യം ഉണ്ടാക്കണം. കൂടാതെ കൈവശവസ്തുവിന് പട്ടയം നൽകുകയും വേണം.

2. കല്ലേപാലം കോളനി

പുതിയ കല്ലേപാലം വന്നതോടെ ഉപയോഗമില്ലാതെവന്ന റോഡുപുറമ്പോക്കിൽ 50 ഓളം പാവങ്ങൾ കുടിലുകൾ കെട്ടി താമസം തുടങ്ങി. ഇവരിൽ അധികവും പട്ടികജാതിയിൽപ്പെട്ടവരും ദിവസക്കൂലിക്കാരുമാണ്. P.W.D പുറമ്പോക്കായതിനാൽ പട്ടയം ലഭിക്കുന്നതിന് തടസം ഉണ്ട്. ഇതുമൂലം വീട് വെക്കുന്നതിനുള്ള ധനസഹായം ലഭിക്കുന്നില്ല.കോളനി നിവാസികൾക്കായി ഒരു ഭവന പദ്ധതി ആരംഭിക്കണം. കൈവശഭൂമിക്ക് പട്ടയം നൽകുകയും ചെയ്യണം.

3. ആറ്റുപുറമ്പോക്കുകൾ.

കല്ലേപാലം മുതൽ ഏന്തയാർ വരെയും കൊക്കയാർ ഭാഗത്തും പുറമ്പോക്കിൽ എഴുപത് കുടുംബങ്ങൾ ജീവിക്കുന്നു. ഇവർക്ക് പട്ടയവും വീടും നൽകണം.


4. വെബ്ലിയിൽ A.V ജോർജ്ജ് & കമ്പനിയിൽ നിന്നും സ്ഥലം വാങ്ങി താമസിക്കുന്ന 75 വീട്ടുകാർക്ക് 22 വർഷമായിട്ടും പട്ടയം ലഭിച്ചിട്ടില്ല.
   ഇവരുടെ കൈവശഭൂമിക്ക് പട്ടയം ലഭ്യമാക്കണം.

5. 34–ാം മൈൽ കോളനിയിൽ വീടും പട്ടയവും ലഭ്യമാക്കണം.

6. കൊക്കയാർ ഭൂരഹിതകർഷകതൊഴിലാളി കോളനിക്കാർക്ക് പട്ടയം നൽകണം. നടപ്പാത, ചുറ്റുമതിൽ, ലൈബ്രറി എന്നിവയും ആവശ്യമാണ്.

7. ഭൂരഹിതരായ കർഷകത്തൊഴിലാളികൾ വളരെയധികം ഉണ്ട്. ഇവർക്കായി ഭൂമിയും പാർപ്പിടവും ലഭ്യമാക്കണം.

5-8.



സംസ്കാരം

ഉന്നതമായ ഒരു സാംസ്കാരികപൈതൃകത്തിന്റെ ഉടമകളാണ് കൊക്കയാർ ജനത.ചരിത്രത്തിന്റെ താളുകളിലേയ്ക്ക് തിരിഞ്ഞ് നോക്കുമ്പോൾ നമ്മുടെ സംസ്കാരത്തിന്റെ സമ്പന്നത ദർശിക്കാവുന്നതാണ്. നൂറ്റാണ്ടുകൾക്ക് മുമ്പ് നിലനിന്നിരുന്ന ജനതയുടെ സാംസ്കാരികചരിത്രം വിളിച്ചോതുന്ന ചരിത്രസ്മാരകങ്ങൾ ഇന്നും നിലനിൽക്കുന്നു. ക്രിസ്ത്യൻമിഷനറിമാരുടെ വരവ് ഈ പ്രദേശത്തെ വിദ്യാഭ്യാസ സാംസ്കാരിക രംഗങ്ങളുടെ ഉദയമായിരുന്നു. ഈ ഔപചാരികവും അനൗപചാരികവുമായ വിദ്യാഭ്യാസസ്ഥാപനങ്ങളുടെ പ്രവർത്തനം സമൂഹത്തിന്റെ സാംസ്കാരികവളർച്ചയിൽ സ്വാധീനം ചെലുത്തിയിട്ടുണ്ട്. ഇപ്പോൾ പഞ്ചായത്തിനുള്ളിൽ 8 വിദ്യാലയങ്ങൾ പ്രവർത്തിക്കുന്നു. അനൗപചാരിക വിദ്യാഭ്യാസസ്ഥാപനങ്ങൾ പരിമിതമാണ്. മൂന്ന് വായനശാലകൾ മാത്രമാണ് പ്രവർത്തിക്കുന്നത്. എന്നാൽ ഇവയുടെ പ്രവർത്തനം തൃപ്തികരമല്ല.

കലാകായികസമിതികൾ പല കാലങ്ങളായി പ്രവർത്തനം തുടങ്ങിയെങ്കിലും ഇന്ന് ഇവയെല്ലാം പ്രവർത്തനരഹിതമാണ്. നാരകംപുഴ യുവജനസമിതി, കൊക്കയാർ ഉദയ ആർട്സ് ആൻഡ് സ്പോർട്സ് ക്ലബ്, അംബേദ്കർ സാംസ്കാരികസമിതി, BLRC, വെംബ്ലി ആർട്ട്സ്& സ്പോർട്ട്സ് ക്ലബ് തുടങ്ങിയവ ഇതിനുദാഹരണങ്ങളാണ്. യുവതലമുറയുടെ കലാപരവും സാംസ്കാരികവുമായ കഴിവുകൾ മുറടിച്ചു നില്ക്കുന്നു. മുൻപ് പ്രവർത്തിച്ചുകൊണ്ടിരുന്ന പഞ്ചായത്തു ലൈബ്രറി, ഹോമിയോ ഡിസ്പൻസറിക്കുവേണ്ടി കെട്ടിടം നൽകിയതു മൂലം പ്രവർത്തനം നിർത്തേണ്ടിവന്നു.

കായികരംഗം

കായികരംഗത്ത് മികവു തെളിയിച്ച പല കായികതാരങ്ങൾക്കും ജന്മം കൊടുക്കാൻ നമ്മുടെ നാടിന് കഴിഞ്ഞിട്ടുണ്ട്. സംസ്ഥാന ദേശീയ തലങ്ങളിൽ തങ്ങളുടെ കഴിവുകൾ പ്രകടിപ്പിച്ച കായികതാരങ്ങൾ നമുക്ക് മുതൽക്കൂട്ടാണ്. യുവതലമുറയുടെ കഴിവുകൾ വികസിപ്പിക്കുവാൻ പഞ്ചായത്തു തലത്തിൽ പര്യാപ്തമായി യാതൊരു സൗകര്യവുമില്ല. ഹൈസ്ക്കൂളുകളിൽ പോലും കളിസ്ഥലങ്ങൾ ആവശ്യത്തിനില്ല. ആകെയുള്ളത് സ്വകാര്യമേഖലയിൽ ബോയ്സ് എസ്റ്റേറ്റ് വക ഒരു ചെറിയ കളിസ്ഥലമാണ്. ഈ കുറവ് നികത്തപ്പെടേണ്ടതാണ്.

നമ്മുടെ അഭിമാനമായ ചില കായികതാരങ്ങൾ

1. പി.സി. ബിജു
2. ജോളി മാത്യു-സംസ്ഥാന ചാമ്പ്യൻഷിപ്പ് ദേശീയ സ്വർണ്ണമെഡൽ
3. റ്റി. ആർ. ബിജു
4. പി.റ്റി.സാബു - സംസ്ഥാന കായികമേളയിൽ സ്വർണ്ണം

പരിഹാര നിർദ്ദേശങ്ങൾ

1. കുറ്റിപ്ലാങ്ങാട് ഗവ. ഹൈസ്കൂൾ, സെന്റ് ആന്റണീസ് ഹൈസ്കൂൾ മുണ്ടക്കയം, സെന്റ് ജോർജ്ജ് ഹൈസ്കൂൾ മുക്കുളം എന്നിവിടങ്ങളിൽ കളിസ്ഥലങ്ങൾ നിർമ്മിക്കുക.
2. എല്ലാ പ്രൈമറി വിദ്യാലയങ്ങളിലും ചെറിയ കളിസ്ഥലങ്ങൾ നിർമ്മിക്കണം.
3. വെംബ്ളി, മേലോരം, നാരകംപുഴ, ഉറമ്പിക്കര, ടിൻ റോക്ക്, ഏന്തയാർ എന്നിവിടങ്ങളിൽ മിനി സ്റ്റേഡിയങ്ങൾ നിർമ്മിക്കണം.
4. 6-ാം വാർഡിൽ പഞ്ചായത്താഫീസിനു സമീപമായി ബോയ്സ് എസ്റ്റേറ്റിൽനിന്നും സ്ഥലം ലഭ്യമാക്കി സ്റ്റേഡിയം നിർമ്മിക്കുക.
5. എല്ലാവാർഡിലും സാംസ്കാരിക സമിതികൾ രൂപീകരിക്കുക.
6. മദ്യനിരോധനത്തിനായി ജനകീയ കമ്മറ്റികൾ രൂപീകരിക്കുക.
7. എല്ലാ വാർഡിലും കലാകായിക സമിതികൾ രൂപീകരിക്കുക.

വാർഡുതിരിച്ചുള്ള ആവശ്യങ്ങൾ ചുവടെ ചേർക്കുന്നു.

1-ാം വാർഡ്

ഒരു സാംസ്കാരിക നിലയവും ലൈബ്രറിയും ആരംഭിക്കുക.

ഇന്ത്യപോപ്പുലേഷൻ പ്രൊജക്റ്റ് തുറന്ന് പ്രവർത്തിക്കുക.

2-ാം വാർഡ്

റേഷൻ കടക്കു സമീപം ഒരു ലൈബ്രറി ആരംഭിക്കുക.

3-ാം വാർഡ്

ഉറുമ്പിക്കരയിലും വെംബ്ളിയിലും ഒരോ വായനശാല ആരംഭിക്കുക. വെംബ്ലിയിൽ ഒരു കമ്യൂണിറ്റിഹാളും ആർട്സ് ക്ലബും സ്ഥാപിക്കുക. ഉറുമ്പിക്കരയിൽ ഒരു ആർട്സ് ക്ലബ് ആരംഭിക്കുക.

4-ാം വാർഡ്

ഒരു വായനശാലയും ക്ളബും തുടങ്ങുക.

5-ാം വാർഡ്

മേലോരത്ത് നിലവിലുള്ള വായനശാല വികസിപ്പിക്കുക. അഴങ്ങാട്ടിൽ ഒരു വായനശാല ആരംഭിക്കുക.

6-ാം വാർഡ്

35-ാം മൈലിൽ ഒരു വായനശാല ആരംഭിച്ച് റ്റി.വി.. സെറ്റും അനുവദിക്കേണ്ടതാണ്.

7-ാം വാർഡ്

നിലവിലുള്ള സാംസ്കാരികനിലയം വികസിപ്പിക്കുക.


8-ാം വാർഡ്

നാരകംപുഴയിലും രത്നഗിരിയിലും ഒരോ ലൈബ്രറി സ്ഥാപിക്കുക.

നാരകംപുഴയിൽ ഒരു സാംസ്കാരികനിലയം സ്ഥാപിക്കുക.

പുളിക്കത്തടം ഭാഗത്ത് ഒരു കമ്യൂണിറ്റിഹാൾ സ്ഥാപിക്കുക.

5–9.



വനിത

ഭാരത ഇതിഹാസങ്ങളിൽ സ്ത്രീകൾക്ക് ~~മാന്യമായ~~ സ്ഥാനം കൽപ്പിച്ചിരുന്നു. ആ സങ്കൽപം ഇവിടെയും തുടരുന്നു. എന്നാൽ സമൂഹം വനിതകൾക്ക് പുരുഷന്മാരോടൊപ്പം സ്ഥാനം കൽപ്പിക്കാൻ വൈമുഖ്യം കാണിക്കുന്നു. ഉദാഹരണത്തിന് പുരുഷന്മാരെപ്പോലെ സ്ത്രീകൾക്ക് സ്വതന്ത്രമായ ജീവിത, സഞ്ചാര സ്വാതന്ത്ര്യങ്ങൾ ഇന്നും വളരെ അകലെയാണ്. സാമൂഹ്യ, സാംസ്കാരിക, ഭരണ, തൊഴിൽ മേഖലകളിൽ വനിതാ പ്രാതിനിധ്യം ആനുപാതികമല്ല. തോട്ടം മേഖലയിലും, ദിവസക്കൂലിവ്യവസ്ഥയിലും ധാരാളം സ്ത്രീകൾ പുരുഷന്മാരോടൊപ്പം പണിയെടുക്കുന്നു. എന്നാൽ വേതനഘടനയിലെ തരംതിരിവ് ടാപ്പിംഗ് മേഖലയിൽ ഒഴികെ മറ്റെല്ലായിടങ്ങളിലും നിലനിൽക്കുന്നു. കർഷക കുടുംബങ്ങളിലെ സ്ത്രീകൾ അടുക്കളപണിയോടൊപ്പം മൃഗസംരക്ഷണത്തിലും, കൃഷിപ്പണികളിലും പുരുഷന്മാരെ സഹായിക്കുന്നു. സർക്കാർ ഉദ്യോഗങ്ങളിൽ സ്ത്രീ പ്രാതിനിധ്യം വളരെ കുറവാണ്. 6287–സ്ത്രീകളിൽ 1393 പേരാണ് വിവിധ തൊഴിലുകളിൽ ഏർപ്പെട്ടിരിക്കുന്നത്.

കേരളത്തിന്റെ പൊതുസ്ഥിതിക്ക് വിപരീതമായി പഞ്ചായത്തിൽ സ്ത്രീകളുടെ എണ്ണം കുറവാണ്. വാർഡ് തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു.

സ്ത്രീകളുടെ സാമൂഹ്യസ്ഥിതി
(1991 ലെ സെൻസസ് പ്രകാരം)

വാർഡ്	ആകെ	ജോലിയുള്ളവർ	സാക്ഷരത	ഉദ്യോഗസ്ഥ ശതമാനം	സാക്ഷരതാ ശതമാനം
1	938	104	781	11.8	83.26
2	746	113	623	15.14	83.51
3	732	118	560	16.12	76.5
4	431	114	343	26.45	79.58
5	752	196	588	26.06	78.19
6	736	450	601	61.14	81.65
7	764	138	603	18.06	78.92
8	1188	160	991	13.46	83.41
ആകെ	6287	1393	5090	22.15	80.96

താഴ്ന്ന വരുമാനക്കാരുടെയിടയിൽ കുടുംബം പുലർത്തുന്നതിൽ സ്ത്രീകളുടെ വരുമാനമാണ് മുഖ്യമായും ഉപയോഗിക്കുന്നത്. പഞ്ചായത്തിലെ 15% കുടുംബങ്ങളിൽ വനിതകളാണ് ഭരണനേതൃത്വം വഹിക്കുന്നത്.

തോട്ടം മേഖല ഒഴിവാക്കിയാൽ സർക്കാർ ഉദ്യോഗമോ മറ്റുസ്ഥിരവരുമാനമോ ഉള്ള സ്ത്രീകൾ ഈ പഞ്ചായത്തിൽ വളരെ കുറവാണ്. 22% സ്ത്രീകൾ മാത്രമാണ് ഉദ്യോഗമുള്ളവർ. സ്ത്രീകൾക്കുള്ള തൊഴിൽ മേഖല ഇനിയും വിപുലപ്പെടുത്തേണ്ടതാണ്.

പരിഹാരമാർഗ്ഗങ്ങൾ

1. തൊഴിൽ സാധ്യതകളുള്ള വനിതാസഹകരണസംഘങ്ങൾ രൂപീകരിക്കുക.
2. തൊഴിൽ പരിശീലനം നൽകുക.
3. വനിതകൾ നിർമ്മിക്കുന്ന ഉൽപന്നങ്ങൾക്ക് അഭ്യന്തരവിപണിയിൽ വിറ്റഴിക്കാൻ സൗകര്യം ഉണ്ടാക്കുക.
4. വനിതകളുടെ സാംസ്കാരിക പുരോഗതിക്ക് വനിതാസമാജങ്ങൾ കൂടുതൽ പ്രവർത്തനക്ഷമമാക്കുക.
5. ഒരു കുടുംബത്തിൽ ഒരു വനിതക്കെങ്കിലും തൊഴിൽ ലഭിക്കുന്ന സാഹചര്യം ഉണ്ടാകേണ്ടതാണ്. അങ്ങനെ വന്നാൽ പുരുഷനും സ്ത്രീയും തമ്മിൽ സമൂഹത്തിലുള്ള അന്തരം കുറയുന്നതാണ്.
6. ശുചിത്വം, ആരോഗ്യം, ശിശുപരിപാലനം തുടങ്ങിയ കാര്യങ്ങളിൽ വേണ്ടത്ര ബോധവൽക്കരണം ആവശ്യമാണ്.
7. സഹകരണാടിസ്ഥാനത്തിൽ റെഡിമെയ്ഡ് യൂണിറ്റ്, അച്ചാർ, കറിപൗഡർ, മെഴുകുതിരി നിർമ്മാണം തുടങ്ങിയ ചെറുകിട വ്യവസായങ്ങൾ ആരംഭിക്കുക.
8. തയ്യൽ പരിശീലനം നൽകുകയും, തയ്യൽ മിഷ്യൻ സൗജന്യമായി നൽകുകയും ചെയ്യുക.
9. കാർഷിക രംഗത്തേക്ക് സ്ത്രീകളെ ആകർഷിക്കുക. പച്ചക്കറി അന്യസംസ്ഥാനത്തുനിന്നാണ് നാം കൊണ്ടുവരുന്നത്. ഒരുവീട്ടിൽ ആവശ്യമുള്ള പച്ചക്കറി വീട്ടുമുറ്റത്തു ഉൽപാദിപ്പിക്കാൻ കഴിയും. കൃഷി ഡിപ്പാർട്ടുമെന്റിൽ നിന്നും വിത്തും വളവും സൗജന്യമായി നൽകുകയും കൃഷിരീതികൾ പരിശീലിപ്പിക്കുകയും വേണം.
10. വിധവാപെൻഷൻ, അഗതി പെൻഷൻ അർഹരായ മുഴുവൻ സ്ത്രീകൾക്കും ലഭ്യമാക്കുക.
11. അംഗനവാടികളുടെ പ്രവർത്തനം മെച്ചപ്പെടുത്തണം. കുട്ടികളുടെ വിനോദത്തിനും അമ്മമാരുടെ ആരോഗ്യത്തിനും വേണ്ട സംവിധാനം മെച്ചപ്പെടുത്തണം.
12. സ്കൂളുകളിലെ പാഠ്യേതര പ്രവർത്തനങ്ങളിൽ പെൺകുട്ടികൾക്ക് കൂടുതൽ പങ്കാളിത്തം ഉറപ്പുവരുത്തുക.
13. സമൂഹത്തിൽ സ്ത്രീകളുടെ പദവി ഉയർത്തേണ്ടതാണ്.
14. സ്ത്രീധനപീഡനങ്ങൾ ഉണ്ടെങ്കിൽ കണ്ടെത്തി തക്കതായ ശിക്ഷണ നടപടികൾ സ്വീകരിയ്ക്കണം.
15. സ്ത്രീകൾ നാഥകളായുള്ള കുടുംബാംഗങ്ങൾക്ക് പ്രത്യേക പരിഗണന നൽകണം.
16. പൊതുസ്ഥലങ്ങളിൽ പ്രാഥമിക സൗകര്യങ്ങൾ ഏർപ്പെടുത്തണം.
17. സ്ത്രീകൾക്ക് പ്രത്യേക നേതൃത്വ പരിശീലനക്ലാസ്സുകൾ സംഘടിപ്പിക്കണം.

തൊഴിൽ മേഖലയിലെ സ്ത്രീപുരുഷപങ്കാളിത്തം കാണിക്കുന്ന 1991 ലെ സെൻസസ് പട്ടിക താഴെ കൊടുക്കുന്നു.

തൊഴിൽ മേഖല	പുരുഷന്മാരുടെ എണ്ണം	സ്ത്രീകളുടെ എണ്ണം
കർഷകർ	480	13
കർഷകത്തൊഴിലാളി	574	114
തോട്ടം തൊഴിലാളികൾ		
മൃഗസംരക്ഷണം	1268	327
ചെറുകിട വ്യവസായം	36	14
കെട്ടിടനിർമ്മാണം	158	16
ഗതാഗതം വാർത്താ വിനിമയം	36	37
വ്യാപാരം	246	18
മറ്റുള്ളവ	183	134
ആകെ	**2981**	**668**

സ്ത്രീകളും പുരുഷന്മാരും തമ്മിലുള്ള തൊഴിൽ അനുപാതം 1:4:5 ആണ്. അതായത് 81:7%. തൊഴിലവസരങ്ങൾ പുരുഷന്മാർ കയ്യാളുമ്പോൾ സ്ത്രീകൾക്ക് ലഭിക്കുന്നത് 18.3% മാത്രം. ഇതിന് ശാശ്വതപരിഹാരം കാണാനുള്ള മാർഗ്ഗങ്ങൾ ആരായണം.

തൊഴിലവസരങ്ങൾ തമ്മിലുള്ള സ്ത്രീ-പുരുഷ അനുപാതം 18:82 ആണ്. തൊഴിൽ മേഖലയിൽ സ്ത്രീകൾക്ക് പുരുഷൻമാരോടൊപ്പം തുല്യപരിഗണന നൽകേണ്ടതാണ്. നിയമം മൂലം തൊഴിൽ അവസരങ്ങൾ ഉറപ്പുവരുത്തി സമൂഹത്തിൽ തുല്യസ്ഥാനം നൽകണം.


ജോലിയില്ലാത്തവരുടെ കണക്കുകളും ചുവടെ ചേർക്കുന്നു. (വാർഡ് തിരിച്ച്)

വാർഡ്	പുരുഷന്മാർ	സ്ത്രീകൾ
1	458	886
2	338	683
3	439	673
4	208	360
5	304	620
6	399	508
7	372	683
8	593	1112
ആകെ	**3111**	**5525**



ഡപ്യൂട്ടി സ്പീക്കർ C.A കുര്യൻ വികസനചർച്ചയിൽ

5–10. [illegible]



ചരിത്രാതീതകാലം മുതൽ മനുഷ്യസമൂഹം സഹകരണ ബോധം പുലർത്തിയിരുന്നു. വളരെ അടുത്ത കാലം വരെ, സാധാരണ ദൈനംദിന ജീവിതത്തിലെ എല്ലാ മേഖലകളിലും ഈ വ്യവസ്ഥിതി ദൃശ്യമായിരുന്നു. കൃഷിപ്പണികൾ, വീടുകെട്ടിമേയൽ, മരച്ചീനി സംസ്ക്കരിക്കൽ, വിവാഹാദി അടിയന്തിരങ്ങൾ തുടങ്ങിയ എല്ലാ കാര്യങ്ങളും കൂട്ടായ പ്രവർത്തനത്തിലൂടെ നടത്തുന്ന ഒരു സംവിധാനമാണ് നിലനിന്നിരുന്നത്. കൃഷിക്കാർ മാറ്റാൾ പണിവ്യവസ്ഥയനുസരിച്ച് കൃഷിയിടങ്ങളിൽ മാറി മാറി കൃഷിയിറക്കിയിരുന്നു. ഈറ്റയില, മേച്ചൽപ്പുല്ല്. തുടങ്ങിയ പ്രകൃതിജന്യവസ്തു ക്കളായിരുന്നു പുരമേയുവാൻ ഉപയോഗി ച്ചിരുന്നത്. ഭക്ഷണം മാത്രം നൽകി മാറി മാറി പുരകൾ കെട്ടി മേയുകയായിരുന്നു പതിവ്.

ഇന്ന് വിവാഹ അടിയന്തിരങ്ങൾക്ക് വൻതുക കൂലിയിനത്തിൽ ചെലവാകുമ്പോൾ പണ്ട് മനുഷ്യ പ്രയത്നം മാത്രമായിരുന്നു ചെലവിട്ടിരുന്നത്. പരസ്പര സഹകരണ ത്തോടെ വൻകാര്യങ്ങൾ ചെയ്തുതീർക്കാൻ നമുക്കു കഴിയും എന്നതിന്റെ ഉദാത്തഉദാ ഹരണമാണ് നമ്മുടെ പൂർവ്വകാലഘട്ടം.

സാമൂഹ്യസാമ്പത്തിക മേഖലകളിൽ വന്ന വ്യതിയാനങ്ങൾ ഇത്തരം സൗഹാർദ്ദ സഹകരണ മനേഭാവത്തിനു മാറ്റം വരുത്തി. സ്വതന്ത്രഭാരതം ഒന്നാം പഞ്ചവത്സരപദ്ധതി ആവിഷ്കരിച്ചപ്പോൾ കാർഷിക മേഖലയുടെ ഉന്നമനത്തിനാണ് പ്രധാനമായും ഊന്നൽ നൽകിയത്. കാർഷിക വിളകളുടെ ഉത്പാദന വർദ്ധനവിനും, കർഷകർക്ക് സഹായമാകത്തക്കവണ്ണം പണം എത്തിക്കുന്നതിനുമുള്ള മാർഗത്തെ കുറിച്ച് സർക്കാർ വിചിന്തനം ചെയ്തു. അതിന്റെ ഫലമായി ഉടലെടുത്ത ആശയമാണ് സഹകരണ പ്രസ്ഥാനം.

നമ്മുടെ പഞ്ചായത്തിൽ 1953 ജൂലൈ 2-ാം തീയതിയാണ് ആദ്യത്തെ സഹകരണസംഘം പ്രവർത്തനം ആരംഭിച്ചത്. കാർഷിക മേഖലയുടെ പുരോഗതിക്കുവേണ്ടിയാണ് സഹകരണ പ്രസ്ഥാനം ആദ്യമായി രൂപം കൊണ്ടത്. എങ്കിലും നമ്മുടെ പഞ്ചായത്തിൽ രൂപീകൃതമായ ആദ്യസഹകരണ സംഘം വിവിതോദ്ദേശ സഹകരണ സംഘമായിട്ടാണ് നിലവിൽ വന്നത്.

നാരകം പുഴ 'വിവിതോദ്ദേശ സഹകരണ സംഘം' എന്ന പേരിൽ C.S.I പള്ളിക്കെട്ടിടത്തിൽ വാടകയ്ക്കായിരുന്നു പ്രവർത്തനം ആരംഭിച്ചത്. ശ്രീ. കെ. എച്ച്. ഇട്ടിയവിര (കണ്ണാട്ട് കുട്ടപ്പൻ സാർ) ആയിരുന്നു സ്ഥാപക പ്രസിഡണ്ട്. പ്രസ്തുത സഹകരണ സംഘം 'കൊക്കയാർ സർവ്വീസ് സഹകരണ ബാങ്കായി സ്വന്തം കെട്ടിടത്തിൽ പ്രവർത്തനം തുടരുന്നു. കർഷകർക്ക് സഹായം എത്തിക്കുന്ന പഞ്ചായത്തിലെ ഏക സഹകരണ സംഘമാണിത്. കർഷകരുടെ ആവശ്യങ്ങളിൽ 50% പോലും നിറവേറ്റുവാൻ സാധിക്കുന്നില്ല എന്ന സത്യം എടുത്തു പറയേണ്ടിയിരുക്കുന്നു.

പഞ്ചായത്തിൽ ആകെ 5 സഹകരണ സംഘങ്ങൾ പ്രവർത്തിക്കുന്നു. എന്നാൽ കൊക്കയാർ സഹകരണ ബാങ്ക് ഒഴികെ മറ്റൊന്നിന്റേയും പ്രവർത്തനം തൃപ്തികരമല്ല. ആയതിനാൽ ഗ്രാമ വികസനത്തിൽ സഹകരണ മേഖലയുടെ ഒരു വൻകുതിച്ചു കയറ്റം ആവശ്യമായ ഒരു പ്രക്രിയ ആകണം.

സ്ഥിതിവിവരക്കണക്ക്

നമ്പർ	പേര്	ഇനം	സ്ഥാപിത വർഷം	പ്രവർത്തന പരിധി	അംഗങ്ങൾ	ഓഹരി മുലധനം	പ്രവർത്തന മുലധനം	നിക്ഷേപം	വായ്പകൾ	കടം	ലാഭം/ നഷ്ടം	ജീവനക്കാർ
1	കൊക്കയാർ സർവ്വീസ് സഹകരണ ബാങ്ക്, നാരകംപുഴ നമ്പർ 3267	കാർഷികം	2.7.53 2-.7 53	കൊക്കയാർ പഞ്ചായത്ത്	3800	1000000	455280	1219935	3991363	494808		3
2	ധന്യാ പട്ടികവർഗ വ്യവസായ ,സഹകരണ സംഘം നാരകാംപുഴ	വ്യവസായം	1995	,,	18	75000	950					--
3	വനിതാ വ്യവസായ സഹകരണ സംഘം, വെബ്ളി	,,	1966	കൊക്കയാർ പഞ്ചായത്ത്	12	10000	12000					--
4	പട്ടികജാതി ഗ്രാമവ്യവസായ സഹകരണ സംഘം, വെബ്ളി	,,	1966	,, 2,3 വാർഡുകൾ	30	50000	25750					--
5	പെരുവന്താനം ഹരിജൻ സഹകരണ സംഘം എൻ.ഐ. 118	,,	18-8-1978	കൊക്കയാർ പെരുവന്താനം പഞ്ചായത്തുകൾ	1743	100000	89150		480803			1

നിലവിലുള്ള സഹകരണ സംഘങ്ങൾ

1. കൊക്കയാർ സർവ്വീസ് സഹകരണ ബാങ്ക് നാരകം പുഴ Ltd. No. 3207
2. ധന്യാപട്ടിക വർഗവനിതാ വില്ലേജ് ഇൻഡസ്ട്രീയൽ കോ-ഓപ്പറേറ്റീവി സൊസൈറ്റി.
3. പെരുവന്താനം ഹരിജൻ സർവ്വീസ് സഹകരണസംഘം മുണ്ടക്കയം ഈസ്റ്റ്.
4. വനിതാവ്യവസായ സഹകരണസംഘം വെബ്ലി.
5. അംബേദ്കർ പട്ടിക ജാതി ഗ്രാമവ്യവസായ സഹകരണസംഘം. വെബ്ലി

നടപ്പിലാക്കേണ്ട പദ്ധതികൾ

1. കൊക്കയാർ ബാങ്കിന്റെ ശാഖ 1, 2, 3 വാർഡുകൾക്ക് ഗുണകരമാകത്തക്ക വണ്ണം ഏന്തയാറ്റിൽ സ്ഥാപിക്കുകയും മുഴുവൻ കർഷകരേയും അംഗങ്ങൾ ആക്കുകയും ചെയ്യുക. ഒരു ശാഖ 35-ാം മൈലിലും സ്ഥാപിക്കുക.
2. പാർപ്പിട പ്രശ്നം പഞ്ചായത്തിൽ നിലനിൽക്കുന്നതിനാൽ ഒരു ഭവന സഹകരണ സംഘം രൂപീകരിക്കുക.
3. കാർഷിക വായ്പ ഉദാരമാക്കണം.
4. നാളീകേര ലഭിക്കാൻ സാധ്യതയുള്ളതിനാൽ ഒരു എണ്ണയാട്ടു സഹകരണസംഘം സ്ഥാപിക്കണം.
5. പഞ്ചായത്തിനെ 3 മേഖലകളായിതിരിച്ച്, ഏന്തയാർ, നാരകം പുഴ, മേലോരം എന്നിവിടങ്ങളിൽ ഓരോ ക്ഷീരോൽപാദന സഹകരണ സംഘങ്ങൾക്ക് രൂപം നൽകുക.

6.1, 2, 3 വാർഡുകൾക്കായി സഹകരണാടി സ്ഥാനത്തിൽ മാവേലി സ്റ്റോർ ഏന്തയാറ്റിൽ സ്ഥാപിക്കുക.

7. 4-ാം വാർഡിൽ സഹകരണ മാവേലി സ്റ്റോർ സ്ഥാപിച്ചാൽ യാത്രാസൗകര്യം കുറവുള്ള ഗിരിജനങ്ങൾ നിത്യോപയേഗ സാധനങ്ങൾ ലഭിക്കാൻ എളുപ്പമായിരിക്കും.
8. വനങ്ങളിൽ നിന്നും ഈറ്റ ലഭിക്കാൻ സാധ്യതയുള്ളതിനാൽ പരമ്പരാഗത തൊഴിലായി ഈ വ്യവസായ യൂണിറ്റ് ആരംഭിച്ച് ഗിരിജനങ്ങളുടെ തൊഴിൽ സാധ്യത വർദ്ധിപ്പിക്കാൻ കഴിയും.

   ഒരു വനിതാസഹകരണസംഘമായിരിക്കണം

9. കന്നുകാലി, ആട് വളർത്തലിന് 10 പേരട ങ്ങുന്ന ചെറിയ യൂണിറ്റുകൾ ആരംഭിക്കണം.
10. റബ്ബർമേഖലയായതിനാൽ സഹകരണാ ടിസ്ഥാനത്തിൽ ഒരു വൻകിട റബ്ബർ ഫാക്ടറി ആരംഭിക്കണം.
11. ഒരു റബ്ബർ മാർക്കറ്റിംഗ് സൊസൈറ്റി പ്രവർത്തനം തുടങ്ങണം.
12. റെഡിമെയ്ഡ് വസ്ത്രനിർമ്മാണ യൂണിറ്റുകൾ ഓരോ വാർഡിനും ഒന്നു വീതം ആരംഭിക്കണം.
13. വിപണന സാദ്ധ്യത ഉറപ്പു വരുത്തി കറി പൗഡർ യൂണിറ്റ്, അച്ചാർ നിർമ്മാണം ആരംഭിക്കണം.
14. റബ്ബർ അധിഷ്ഠിത ചെറുകിട യൂണിറ്റുകൾ ആരംഭിക്കണം.
15. കെട്ടിട നിർമാണ സാമഗ്രികൾക്ക് വൻവില വർദ്ധന ഉണ്ടാകുന്ന സാഹചര്യത്തിൽ, ഇഷ്ടിക, കട്ടിള, ജന്നൽ, തുടങ്ങിയ നിർമാണ വസ്തുക്കൾക്കായി ഒരു യൂണിറ്റ് ആവശ്യമാണ്. ജോലി സാധ്യതയും സാമഗ്രികളുടെ ലഭ്യതയും ഉറപ്പു വരുത്താൻ കഴിയും.
16. പുഷ്പങ്ങൾക്ക് വൻ ഡിമാന്റ് ഉള്ള ഇക്കാലത്ത് പുഷ്പകൃഷി നല്ല ആദായമുള്ള വ്യവസായമായതിനാൽ ഒരു പുഷ്പ സ സ്യ സഹ കര ണ സം ഘം പഞ്ചായത്തിനായും ഒരോ പ്രദേശത്തിനായും കണക്കിലെടുത്ത് ആവശ്യാനുസരണം ചെറു യൂണിറ്റുകളും സ്ഥാപിക്കണം. വനിതകൾക്ക് തൊഴിൽ സാധ്യതയുള്ള ഒരു മേഖലയായി വളർത്തിയെടുക്കാൻ കഴിയും.
17. ഉറുമ്പിക്കരയിൽ സഹകരണാടിസ്ഥാനത്തിൽ ഒരു തേയില ഫാക്ടറി സ്ഥാപിക്കുക.

ഒൻപതാം പദ്ധതി ജനകീയ സഹകരണ ത്തോടെ നടപ്പിലാക്കാൻ സർക്കാർ തീരുമാനിച്ചിരിക്കുന്ന ഇത്തരുണത്തിൽ ജനശക്തി പഞ്ചായത്തിന്റെ വികസനത്തിൽ എത്തിക്കാനുള്ള ഏറ്റവുംകരുത്തുറ്റ വേദിസ ഹകരണ മേഖലയാണ്.

ഗ്രാമത്തിന്റെ കാർഷിക രംഗത്തും തൊഴിൽ രംഗത്തും സമൂലമായ മാറ്റം വരുത്തി സാമ്പത്തീക രംഗത്തിനു പുഷ്ടിനൽകാൻ കഴിയുന്ന സഹകരണ മേഖലയുടെ കുതിച്ചു കയറ്റം കൊണ്ടു മാത്രമേ വികസനം പൂർണ്ണമാകുകയുള്ളു.

സാമ്പത്തിക-സാമൂഹിക-സാംസ്കാരിക വികസനത്തിന് നേതൃത്വം നൽകാൻ കഴിയുന്ന ഒരു പ്രസ്ഥാനം എന്ന നിലയിൽ സഹകരണമേഖല വളരുന്നു.

5-11. പട്ടികജാതി പട്ടികവർഗ്ഗ മേഖല



ജനസംഖ്യയുടെ 13.13% പട്ടികജാതിക്കാരും 6.72% പട്ടികവർഗ്ഗക്കാരുമാണ്. 6 പട്ടികജാതി കോളനികളും 6 പട്ടികവർഗ്ഗകോളനികളും ഉണ്ട്. കോളനികളിൽ താമസിക്കുന്നതു കൂടാതെ ഇട കലർന്നുജീവിക്കുന്ന കുടുംബങ്ങളും ഉണ്ട്.

കോളനികളിലും മറ്റിടങ്ങളിലുമായി ജീവിക്കുന്ന ഈ വിഭാഗങ്ങൾ സമൂഹത്തിന്റെ മുഖ്യ ധാരയിൽ എത്തിനില്ക്കുന്നു എന്നുപറയാനാവില്ല. സാമൂഹ്യസാമ്പത്തികമേഖലകളിൽ മുന്നേറ്റം കൂടിയേതീരൂ.കോളനികളിലെ സൗകര്യങ്ങൾ പരിമിതമാണ്.

പാർപ്പിടം, കുടിവെള്ളം, വൈദ്യുതി, യാത്രാ സൗകര്യം, തൊഴിൽ എന്നീ മേഖലകളിൽ വികസനം ആവശ്യമായിരിക്കുന്നു. പട്ടികജാതിക്കാരിൽ ഏറിയ പങ്കും ആറ്റുപുറമ്പോക്കുകളിലും റോഡുപുറമ്പോക്കുകളിലും കഴിയുന്നവരാണ്. അവർക്ക് സ്വന്തമായി വീടോ സ്ഥലമോ ഇല്ല.

പൊതുവെ നിരക്ഷരർ കുറവാണെങ്കിലും വിദ്യാഭ്യാസരംഗത്ത് പുരോഗതി കൈവരിക്കാൻ കഴിഞ്ഞിട്ടില്ല. 1996-97 അധ്യയനവർഷം 402 വിദ്യാർത്ഥികൾ പഠനം നടത്തുന്നു. അതിൽ തോറ്റുപഠിക്കുന്ന കുട്ടികൾ 36 മാത്രമാണ്. പഠനം നിർത്തിയവർ 7 കുട്ടികളുണ്ട്. ഈ 7 കുട്ടികൾ മുണ്ടക്കയം സെന്റ് ആന്റണീസ് സ്കൂളിലെ കുട്ടികളാണ്. ആ കുട്ടികൾ നമ്മുടെ പഞ്ചായത്തിലെ ആയിരിക്കണമെന്നില്ല. അതുകൊണ്ട് ഈ വിഭാഗത്തിൽപെട്ട കുട്ടികൾ ഇടയ്ക്കുവച്ചു പഠനം നിർത്തുന്നവർ അല്ലെന്നു മനസ്സിലാക്കാം. കുട്ടികളുടെ വിദ്യാഭ്യാസകാര്യത്തിൽ ഇവർ ബോധവാന്മാരാണ്. പക്ഷെ സാമ്പത്തിക പരാധീനതകൾ തുടർവിദ്യാഭ്യാസത്തിനു വിലങ്ങുതടിയായി നില്ക്കുന്നു.

പട്ടികവർഗ്ഗ വിദ്യാർത്ഥികൾ കൂടുതലായി പഠിക്കുന്ന കുറ്റിപ്ലാംങ്ങാട് ഗവ. ഹൈസ്കൂളിലെ പഠനനിലവാരം വളരെ മോശമാണ്. പരിഹാരം ഉണ്ടാകേണ്ടത് വളരെ അത്യാവശ്യമാണ്.

പട്ടിക ജാതി കോളനികൾ		
ക്രമനമ്പർ	വാർഡ്	കോളനിയുടെ പേര്
1	III	വെബ്ളി പട്ടികജാതി കോളനി
2	,,	ഉറുമ്പിക്കര ഈസ്റ്റ് കോളനി
3	,,	ഉറുമ്പിക്കര വെസ്റ്റ് കോളനി
4	V	പട്ടിക്കുന്ന് പട്ടികജാതി കോളനി (മേലോരം)
5	VI	ആറ്റോരം പട്ടികജാതികോളനി
6	VIII	രത്നഗിരി ഐ.എച്ച്.ഡി.പി. കോളനി
പട്ടിക വർഗ കോളനികൾ		
1	II	വടക്കേമല പട്ടികവർഗ്ഗകോളനി
2	IV	ഉറുമ്പിക്കര (കുറ്റിപ്ലാംഗാട്) പട്ടികവർഗ്ഗകോളനി
3	,,	ഉറുമ്പിക്കര വെസ്റ്റ് കോളനി
4	,,	ഉറുമ്പിക്കര ഈസ്റ്റ് കോളനി
5	V	മേലോരം കുന്നുംപുറം കോളനി
6	VIII	നാരകംപുഴ പട്ടികവർഗകോളനി
ഇതര കോളനികൾ		
1.	II	ഏന്തയാർ ലക്ഷംവീടുകോളനി
2.	IV	വെട്ടിക്കാനം ആറ്റോരം കോളനി
3.	VIII	പഞ്ചായത്താഫീസ് കോളനി
4.		കണ്ണാട്ടുകോളനി
5.		ഭൂരഹിതഗ്രാമീണ കർഷകതൊഴിലാളി കോളനി
6.		34-ാം മൈൽ ലക്ഷംവീടുകോളനി
7.		കല്ലേപാലം കോളനി

വെബ്ളി പട്ടികജാതി കോളനി, മേലോരം പട്ടികജാതികോളനി എന്നിവ ഐ.എച്ച്. ഡി.പി. കോളനികളാക്കേണ്ടതാണ്.

പ്രശ്നങ്ങൾ

1. വിദ്യാഭ്യാസപുരോഗതി കൈവരിച്ചിട്ടില്ല.
2. എല്ലാവർക്കും സ്വന്തമായി വീടില്ല.
3. സർക്കാർ നിർമ്മിച്ചുകൊടുത്ത വീടുകൾ പലതും നിർമ്മാണം പൂർത്തിയാക്കാത്തതോ ജീർണാവസ്ഥയിലോ ആണ്.
4. കൈവശഭൂമിക്കുപലതിനും പട്ടയം ഇല്ല.
5. ആരോഗ്യസംരക്ഷണസംവിധാനം തൃപ്തികരമല്ല.
6. പ്രാഥമികസൗകര്യങ്ങളായ കുടിവെള്ളം, വൈദ്യുതി എന്നിവയുടെ അപര്യാപ്തത നിലനില്ക്കുന്നു.
7. യാത്രസൗകര്യം കുറവ്
8. കുറ്റിപ്ലാംഗാട് വനത്തിനുള്ളിൽ കഴിയുന്ന പട്ടികവർഗകുടുംബങ്ങളുടെ വികസനങ്ങൾക്ക് വനനിയമങ്ങൾ തടസ്സം നിൽക്കുന്നു.
9. നിർധനകുടുംബങ്ങളിലെ പെൺമക്കളുടെ വിവാഹത്തിനു ധനസഹായം ലഭിക്കുന്നില്ല.
10. പട്ടിക വർഗ്ഗകുടുംബങ്ങൾ കച്ചവടക്കാരുടെ ചൂഷണം മൂലം കടക്കെണിയിൽപ്പെട്ടു പോകുന്നു.
11. പൊതുശ്മശാനം ഇല്ല.

സാധ്യതകൾ

എ. പൊതുവെ

1. പൂർത്തീകരിക്കാത്തവീടുകൾക്കും ജീർണാവസ്ഥയിലായ വീടുകൾക്കും ധനസഹായം നൽകുക.
2. കൈവശഭൂമിക്ക് അടിയന്തിരമായി പട്ടയം നൽകുക
3. വീടുകൾ വൈദ്യുതീകരിക്കുകയും കുടിവെള്ളം എത്തിക്കുകയും ചെയ്യുക.
4. തൊഴിൽ പരിശീലനകേന്ദ്രം ആരംഭിക്കുക.
5. വിത്തും വളവും കാർഷികോപകരണങ്ങളും യോഗ്യതയനുസരിച്ചു സൗജന്യമായി നൽകുക.
6. സാമ്പത്തീകനില കണക്കിലെടുത്ത് പലിശ ഇല്ലാതെ വായ്പകൾ അനുവദിക്കുക.
7. ഉപരിപഠനത്തിനു ധനസഹായം നൽകുക.
8. നിർധനകുടുംബങ്ങളിലെ പെൺമക്കൾക്കായി വിവാഹസഹായനിധി ഏർപ്പെടുത്തുക.
9. മണ്ണൊലിപ്പ് തടയുക.

ബി. വാർഡ്തിരിച്ച്

2-ാം വാർഡ്

വടക്കേമല കോളനിയിലേക്ക് യാത്രാസൗകര്യം ഏർപ്പെടുത്തുക, ഒരു പോസ്റ്റാഫീസ് സ്ഥാപിക്കുക.

5-ാം വാർഡ്

പട്ടിക്കുന്ന്, കുന്നുംപുറം കോളനിയിലേക്ക് റോഡ് നിർമ്മിക്കുക, കുടിവെള്ളവും വൈദ്യുതിയും എത്തിക്കുക.

8-ാം വാർഡ്

1. രത്നഗിരി കോളനിയിൽ സാംസ്കാരിക നിലയം സ്ഥാപിക്കുക
2. കൊക്കയാർ അംബേദ്ക്കർ സാംസ്കാരികനിലയത്തിനു കെട്ടിടം നിർമ്മിക്കുക.
3. വനിതകൾക്കായി ഒരു ചെറുകിട വ്യവസായയൂണിറ്റ് ആരംഭിക്കുക.

കുറ്റിപ്ലാംഗാട് സെറ്റിൽമെന്റ് - പട്ടയം

കുറ്റിപ്ലാംഗാട് സെറ്റിൽമെന്റ്, ഉറമ്പിക്കര ഈസ്റ്റ് , ഉറുമ്പിക്കര വെസ്റ്റ് എന്നിവ ഉൾപ്പെടുന്ന വനപ്രദേശം 9 മലയരയ കുടുംബങ്ങൾക്കായി 1013-ൽ സർവ്വേ നടത്തി വണ്ണിപ്പുഴമഠത്തിൽ നിന്നും നൽകിയിരുന്നു. ഇപ്രകാരം 1200 ഏക്കർ ഭൂമിയുടെ അവകാശം മലയരയൻമാർക്ക് ലഭിച്ചു. ബാക്കി വനഭൂമി സർക്കാരിലേക്കു നൽകുകയും ചെയ്തു. സർക്കാരിലേക്കു നൽകിയ ഭൂമിയിൽ 100 ഏക്കറോളം പ്രദേശം യൂറോപ്യന്മാർ കൈയേറി. കൈയേറ്റം തടയുന്നതിനായി വനം വകുപ്പു വിജ്ഞാപനം പുറപ്പെടുവിച്ചു. ഈ വിജ്ഞാപനത്തിന്റെ മറവിൽ മലയരയൻമാർക്കുലഭിച്ച ഭൂമിയിൽ 1000 ഏക്കറും സർക്കാർ കൈവശപ്പെടുത്തി. ബാക്കിയുള്ള 200 ഏക്കർഭൂമിക്കും പട്ടയം ഇല്ല. പട്ടയം ഇല്ലാത്തതിനാൽ സ്വന്തം പുരയിടത്തിൽ വളരുന്ന മരങ്ങൾ മുറിച്ചെടുത്തു വീടുകൾ നിർമ്മിക്കുന്നതിനുപോലും സാധിക്കുന്നില്ല. വനത്തിന്റെ മധ്യത്തിലായതിനാൽ വനം വകുപ്പിന്റെ അനുവാദം ഇല്ലാതെ ഒരു വികസനപ്രവർത്തനവും സാധ്യമല്ല. ഈ ജനതയുടെ വികസനം പൂർണ്ണമാകണമെങ്കിൽ രാജഭരണകാലത്ത് അവർക്ക് അനുവദിച്ച ഭൂമി സർക്കാർ വിട്ടുകൊടുക്കുകയും പട്ടയം നൽകുകയും വേണം. വനം വകുപ്പിന്റെ തടസ്സം മാറിയാൽ മാത്രമെ വനത്തിനുള്ളിൽ ഒറ്റപ്പെട്ടുകഴിയുന്ന ഈ ജനതയുടെ വികസനം സാധ്യമാകുകയുള്ളു. അതിനാൽ പട്ടയം ലഭിക്കുന്നതിനുള്ള നടപടി സത്വരമായി ഉണ്ടാകണം.

രാജഭരണകാലത്ത് അനുവദിച്ചുനൽകിയ റോഡുകളും നിർമ്മിച്ചുകൊടുക്കേണ്ടതാണ്. വൈദ്യുതി, കുടിവെള്ളം പാർപ്പിടം എന്നിവയും അടിയന്തിരമായി ലഭ്യമാക്കണം. ഇവർ ഇന്നും കച്ചവടക്കാരുടെ ചൂഷണത്തിനുവിധേയരാകുന്നു. അതിനാൽ നിത്യോപയോഗസാധനങ്ങൾ കുറഞ്ഞവിലയ്ക്കു ലഭിക്കാനുള്ള സംവിധാനം ഉണ്ടാകേണ്ടതാണ്. അവർ ഉൽപാദിപ്പിക്കുന്ന കാർഷികവിഭവങ്ങൾക്ക് ന്യായമായ വില ലഭിക്കുന്നതിനായി ഒരു സഹകരണസ്ഥാപനവും ആരംഭിക്കണം.

പട്ടികജാതി/വർഗ്ഗ ജനസംഖ്യ (1991 സെൻസസ്)

വാർഡ്	പട്ടികജാതി			പട്ടികവർഗം			ആകെ കുടുംബങ്ങൾ	
	പുരു.	സ്ത്രീ	ആകെ	പു.	സ്ത്രീ	ആ.	പ.ജാതി	പ.വർഗ്ഗം
1	20	22	42	30	38	68	12	25
2	38	29	67	14	7	21	23	13
3	281	253	534				136	
4	70	59	129	221	230	451	20	156
5	55	58	113	34	30	64	40	28
6	185	195	380	3	2	5	111	–
7	46	51	97	–	–	–	27	–
8	142	156	298	121	120	241	76	81
ആകെ	**837**	**823**	**1660**	**423**	**427**	**850**	**445**	**303**

5-12. വിഭവസമാഹരണം



വ്യവസായ സ്ഥാപനങ്ങൾ വളരെ കുറവായ ഒരു പഞ്ചായത്താണിത്. റബ്ബർ ധാരാളമായി വളരുന്നുണ്ടെങ്കിലും റബ്ബറധിഷ്ഠിത വ്യവസായം പേരിനു മാത്രമാണുള്ളത്. ചെറുകിട വ്യവസായങ്ങൾ നാമമാത്രമാണ്. കാർഷിക മേഖലയിൽ നിന്നും അധികം പ്രതീക്ഷിക്കാനില്ല.

സർക്കാർ ഗ്രാന്റുകൾ സമയാസമയങ്ങളിൽ ലഭിക്കുന്നതിനുള്ള സംവിധാനങ്ങളും ഇതുവരെ ഉണ്ടായിട്ടില്ല. പഞ്ചായത്തിന്റെ വരുമാനത്തിൽ 94% ദൈനംദിന ചെലവുകൾക്കായി മാറ്റപ്പെടുന്നു. ആയതിനാൽ വികസന പ്രവർത്തനത്തിനാവശ്യമായ ധനം കണ്ടെത്താൻ പുതിയ സ്രോതസുകൾ ആരായേണ്ടതാണ്.


വിഭവസമാഹരണത്തിന് ഗ്രാമസഭകളിൽ ഉരുത്തിരിഞ്ഞ നിർദ്ദേശങ്ങളും സാധ്യതകളും ചുവടെ ചേർക്കുന്നു.

1. ഒൻപതാം പദ്ധതിയുടെ നടപ്പിനായി സർക്കാരിൽ നിന്നും ലഭക്കുന്ന 40% പദ്ധതിവിഹിതം.
2. വികസന പ്രവർത്തനങ്ങൾക്കായി പ്രയോജനപ്പെടുത്താന്ന 10% കായികശേഷി.
3. ആധാരഫീസ്, പത്രവില എന്നിവയുടെ 25% പഞ്ചായത്തിനു ലഭ്യമാക്കുക.
4. റവന്യൂ വരുമാനത്തിന്റെ ഒരു വിഹിതം പഞ്ചായത്തിനു ലഭ്യമാക്കുക.
5. വൈദ്യുതു ചാർജ്ജ്, ഭൂമിയുടെ കരം എന്നിവ പിരിക്കുന്നതിനുള്ള അവകാശം പഞ്ചായത്തിനു നൽകുക.
6. വികസന പ്രവർത്തനങ്ങളിൽ ഇടനിലക്കാരെ ഒഴിവാക്കി പണം സ്വരൂപിക്കുക. അതുവഴി അഴിമതി തടയാനും കഴിയും.
7. ഭൂമിയുടെ അളവ് കൃത്യമായി തിട്ടപ്പെടുത്തി നികുതി ഈടാക്കുന്നു.
8. ആഡംബരം കണക്കിലെടുത്തു കെട്ടിടനികുതി പുനർനിർണയം ചെയ്യുന്നു.
9. സഹകരണമേഖലയിൽ ചെറുകിട വ്യവസായങ്ങൾ, മെറ്റൽ ക്രഷർ, പൗൾട്രിഫാം, മാവേലിസ്റ്റോർ എന്നിവ സ്ഥാപിച്ച് ലാഭം കണ്ടെത്തണം.
10. പുറംപോക്കിൽ നിൽക്കുന്ന വൃക്ഷങ്ങൾ ലേലം ചെയ്തു പഞ്ചായത്തിനു മുതൽ കൂട്ടുക.
11. പുൽത്തൈലം, ഔഷധകൃഷി, പുഷ്പകൃഷി എന്നീ മേഖലകൾ പരിപോഷിപ്പിച്ചു പണം കണ്ടെത്താൻ കഴിയും.
12. പുല്ലകയാറിന്റെ ഒരു തീരത്തെ മണൽ വാരുന്നതിനുള്ള അവകാശം മുണ്ടക്കയം കൂട്ടിക്കൽ പഞ്ചായത്തുകളിൽ നിന്നും നേടിയെടുക്കുക.
13. ജനകീയ സമാഹരണത്തിലൂടെ ധനം കണ്ടെത്താൻ കഴിയും.
14. 1, 2, 3, വാർഡുകളുടെ സംഗമ സ്ഥാനമായ ഏന്തയാറ്റിൽ ദേശസാൽകൃത ബാങ്കിന്റെ ശാഖ സ്ഥാപിക്കുക.
15. ഷോപ്പിംഗ് കോംപ്ലക്സ്

    (1) പഞ്ചായത്ത് ആഫീസ് പരിസരത്ത് ഒരു ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മിക്കുക. അതിനുള്ള തുക സർക്കാരിൽ നിന്നും കണ്ടെത്തണം. കടമുറികൾ താഴത്തെ നിലയിലും താമസത്തിനാവശ്യമായ മുറികളും കമ്യൂണിറ്റിഹാളും മുകളിലത്തെ നിലയിലും വരത്തക്കവണ്ണം നിർമ്മിക്കണം. മാസം തോറും നല്ലതുക വാടകയിനത്തിൽ ലഭിക്കും.

    (2) 34-ാം മൈലിൽ ഉള്ള പഞ്ചായത്തു സ്ഥലത്ത് ഒരു ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മിക്കണം. വാടകയിനത്തിൽ നല്ലതുക വരുമാനം ലഭിക്കും.

5-13. ടൂറിസം



വിനോദ സഞ്ചാര വികസനത്തിനു സാധ്യത ഏറെയുള്ള ഒരു മേഖലയാണിത്. സാമ്പത്തിക ലാഭമുള്ള ഈ വ്യവസായം വളർത്തിയെടുത്താൽ പഞ്ചായത്തിന് ഒരു ആദായ മാർഗമായിതീരും.

1. പാറക്കയം വെള്ളച്ചാട്ടം

കുറ്റിപ്ലാംഗാടു പ്രദേശത്തുള്ള പാറക്കയം വെള്ളച്ചാട്ടം നയന മനോഹരമായ ഒരു കാഴ്ചയാണ്. ഏതാണ്ട് 250 അടി ഉയരത്തിൽ നിന്നും പതിക്കുന്ന വെള്ളച്ചാട്ടത്തിനും പാറക്കുമിടയിലൂടെ നനയാതെ സഞ്ചരിക്കാൻ കഴിയും.

യാത്രാ സൗകര്യവും മറ്റു അനുബന്ധ സൗകര്യങ്ങളും ഉണ്ടാക്കിയെടുത്താൽ ഒരു വിനോദ സഞ്ചാരകേന്ദ്രമായി മാറ്റാനുള്ള എല്ലാ സാധ്യതയുമുണ്ട്. നിർദ്ദിഷ്ട സ്ഥലം സർക്കാർ വന ഭൂമിയായതിനാൽ പ്രസ്തുത സ്ഥലം സർക്കാരിൽ നിന്നും വിട്ടുകിട്ടാനുള്ള നടപടികൾ ആവശ്യമാണ്. ഔഷധച്ചെടികൾ വളർത്താൻ സൗകര്യം ഉള്ളതിനാൽ അതും ഒരു വരുമാനമാർഗമാകും.

2. ഉറുമ്പിക്കര വിനോദ സഞ്ചാര കേന്ദ്രം

പട്ടിക്കുന്നു മുതൽ ഉറുമ്പിക്കര വരെ വ്യാപിച്ചു കിടക്കുന്ന വിശാലമായ പുൽമേടുകൾ സ്വദേശികളും വിദേശികളുമായ സഞ്ചാരികൾക്ക് ഹരം പകരുന്ന അപൂർവ്വമായ ഒരു കാഴ്ചയായിരിക്കും.

പാപ്പാനി തോട്ടിൽ നിർമ്മിക്കുന്ന ഡാം ഒരു തടാകമായി രൂപം കൊള്ളുകയും ചെയ്യും ഒരു വിനോദകേന്ദ്രവും ആരോഗ്യ കേന്ദ്രവുമായി വികസിപ്പിച്ചെടുക്കാൻ കഴിയും. താമസ സൗകര്യവും യാത്രാ സൗകര്യവും ഉണ്ടാകണം.

ആരോഗ്യകരമായ അന്തരീക്ഷവും സുഖകരമായ കാലാവസ്ഥയും ഉള്ള പ്രാദേശമായതിനാൽ രോഗപ്രതിരോധശക്തി നിലനിർത്താൻ കഴിയും കൂടാതെ ഗൾഫ് മലയാളികളുടെ പ്രായമായ മാതാപിതാക്കൾക്ക് ഒരു അനുഗ്രഹമാകുംവിധം പ്രയോജനപ്പെടുത്താനും സാധിക്കും. ആവശ്യാനുസരണം പ്ലാറ്റുകൾ നിർമ്മിച്ച് ആരോഗ്യ കേന്ദ്രമായും ഉപയോഗിക്കാൻ സാധിക്കുന്നതാണ്. ഇടുക്കി ജില്ലയിൽ ഒരിടത്തും ഇപ്രകാരമുള്ള ആരോഗ്യ കേന്ദ്രം ഇല്ലാത്തതിനാൽ വികസന സാധ്യത ഏറെയുള്ള ഈ മേഖലയുടെ സ്വാധീനം വലുതായിരിക്കും.

കുട്ടിക്കാനത്ത് തേയില തോട്ടങ്ങൾ സ്ഥാപിച്ച വെള്ളക്കാർ യാത്രാസൗകര്യം കുറവുണ്ടായിരുന്ന കാലത്ത് ഉൽപ്പന്നങ്ങൾ 35-ാം മൈലിൽ എത്തിക്കുന്നതിനായി ഒരു റോപ്പു വെ (Rope-way) കുട്ടിക്കാനത്തു നിന്നും 35-ാം മൈലിലേക്കു നിർമിച്ചിരുന്നു. സങ്കേതിക കാരണങ്ങളാൽ പ്രവർത്തനം തുടരാൻ കഴിഞ്ഞില്ല. ആ റോപ്പുവേയുടെ 80% ഭാഗവും നമ്മുടെ പഞ്ചായത്തിലൂടെയാണ് കടന്നു പോയത്. അതിന്റെ അവശിഷ്ടങ്ങൾ പലയിടത്തും കാണാനുണ്ട്.

മലമുകളിലേക്ക് ഒരു റോപ്പു വേ നിർമ്മിച്ച് സഞ്ചാരികളെ ആകർഷിക്കാൻ കഴിയും. ഈ റോപ്പു വേ കുട്ടിക്കാനത്തു നിന്നും ഉറുമ്പിക്കരയിലേക്കു നിർമ്മിക്കാവുന്നതാണ്.

മലകയറ്റം ഇക്കാലത്ത് ഒരു വിനോദ ഉപാധിയായി മാറിയിരിക്കുന്നു. മലകയറ്റത്തിനും സാധ്യതയുള്ളതിനാൽ അതും പരിഗണിക്കാവുന്നതാണ്.


നല്ല കാലാവസ്ഥയുള്ളതിനാൽ ഔഷധച്ചെടികളും പുഷ്പച്ചെടികളും വൻ തോതിൽ വളർത്താൻ സാധിക്കും. വിദേശ വിപണിയിൽ പുഷ്പങ്ങൾക്ക് വലിയ ഡിമാൻഡ് ഉള്ളതിനാൽ വിദേശ നാണയം ലഭ്യമാക്കാനുള്ള ഒരു മാർഗമാണിത്.

ഇവയുടെ നേഴ്സറി ആരംഭിച്ചാൽ അതും ഒരു വൻ ആദായ മാർഗമായിരിക്കും. സർക്കാരിന്റെ പരിഗണനയ്ക്കായി ഈ പദ്ധതി സമർപ്പിക്കുന്നു.




GITA

ഉപസംഹാരം



കേന്ദ്രീകൃത ആസൂത്രണത്തിന് പകരം വികേന്ദ്രീകൃത ആസൂത്രണമാണ് ഒൻപതാം പദ്ധതിയിൽ കേരള സർക്കാർ അനുവർത്തിക്കുന്നത്.

ഇന്ത്യയിൽ ആദ്യമായി കേരളം പരീക്ഷിച്ചു നോക്കുന്ന ഈ ജനകീയാസൂത്രണ പ്രസ്ഥാനത്തിന്റെ വിജയം നമ്മുടെ കൈകളിലാണ്.

ആസൂത്രണത്തിലും വികസനപ്രവർത്തനത്തിലും ജനപങ്കാളിത്തം വരുത്തുന്നതു പോലെ പ്രവർത്തനങ്ങളുടെ വിലയിരുത്തലിനും ജനങ്ങൾക്ക് അവസരം ലഭിക്കുന്നു.

ജനപങ്കാളിത്തത്തോടുകൂടി വികസന പ്രവർത്തനങ്ങൾ നടക്കുമ്പോൾ ജനങ്ങളുടെ പ്രത്യാശയെ ഉത്തേജിപ്പിക്കുന്നു. ജനോപകാരപ്രദമായ പദ്ധതികൾ ശീഘ്രഗതിയിൽ ഫലപ്രദമായി നടപ്പാക്കാൻ കഴിയുന്നു.

പുതിയ വികസനസമീപനത്തിന് നാന്ദികുറിച്ചുകൊണ്ട് കേരളപ്പിറവിദിനമായ നവംബർ ഒന്നിന് പുനരർപ്പണദിനമായി ആചരിച്ച് പല നിർമ്മാണ പ്രവർത്തനങ്ങളും ആരംഭിച്ചു കഴിഞ്ഞു. ഈ ജനമുന്നേറ്റം ഒരു പുത്തൻ പ്രതീക്ഷ നമ്മിൽ ഉണർത്തുന്നു.

ആസൂത്രണം പൂർണ്ണമാകുന്നത് വികസന ഉപാധികളെ ഫലപ്രദമായി ഉപയോഗപ്പെടുത്തുമ്പോഴാണ്.

ജനകീയവും കാര്യക്ഷമവുമായ മാനദണ്ഡങ്ങളെ ആധാരമാക്കി വേണം മുഗണന നിർണ്ണയിക്കാൻ.

പ്രകൃതി വിഭവങ്ങൾ, ജന വിഭവങ്ങൾ എന്നിവ പ്രയോജനപ്പെടുത്തി ചരിത്ര പരമായ സാഹചര്യങ്ങൾ വിശകലനം ചെയ്ത് പ്രായോഗിക ബുദ്ധിയോടെ പദ്ധതികൾക്ക് രൂപം നൽകണം. ഗ്രൂപ്പു ചർച്ച നടത്തിയ എല്ലാ വിഷയങ്ങളിലും നിർദ്ദേശങ്ങളെ സ്കീമുകളും പ്ലാനുകളുമായി രൂപപ്പെടത്തുന്നതിന് വിദഗ്ധ സമിതികൾക്കു കഴിയും.

വികസത്തിനുള്ള ഫണ്ട് സമാഹരിക്കണം. സർക്കാരേതര ഏജൻസികളിൽ നിന്നും പരമാവധി ഫണ്ട് ശേഖരക്കാൻ നമുക്ക കഴിയണം.

പദ്ധതി വിഹിതമായി സർക്കാരിൽ നിന്നും ലഭിക്കുന്ന 40% തുക വികസന രംഗത്ത് ഒരു കുതിച്ച ചാട്ടത്തിന് കാരണമാകും.

ആസൂത്രണം അടിത്തട്ടിൽ നിന്ന് ആകുന്നതുമൂലമുള്ള ജനാധിപത്യ പരമായ നേട്ടൾക്കൊ

പ്പമാണ് ഈ വികസന മുന്നേറ്റം കൈവരിക്കാൻ കഴിയുന്നത്.

അതുകൊണ്ട് നമ്മുടെ ഗ്രാമപഞ്ചായത്തിന്റെ സമഗ്ര വികസന രേഖ സമ്പൂർണ്ണമായി നടപ്പിലാക്കാനുള്ള പ്രതിബദ്ധത നാം നിലനിർത്തിയേതീരു. കക്ഷി രാഷ്ട്രീയത്തിനതീതമായി നമുക്കു നമ്മുടെ പഞ്ചായത്തിന്റെ വികസനത്തിൽ ഒത്തു ചേരാം.

സമൂഹത്തിലെ നാനാതുറയിലുള്ളവർ ഈ വികസന റിപ്പോർട്ട് തയ്യാറാക്കുന്നതിൽ ആത്മാർത്ഥമായി സഹകരിച്ചിട്ടുണ്ട്. എല്ലാവരുടെയും സേവനങ്ങളെ നന്ദിയോടെ സ്മരിക്കുന്നു. ഗ്രാമസഭകളിൽ പങ്കെടുത്ത് വിലയേറിയ നിർദ്ദേശങ്ങൾ നൽകിയ എല്ലാ ഗ്രാമവാസികളേയും അഭിനന്ദിക്കുന്നു. ദ്വിതിയ വിവര ശേഖരണത്തിൽ സഹകരിച്ച ആഫീസ് മേധാവികൾ, പ്രധാനാദ്ധ്യാപകർ അംഗൻവാടി ജീവനക്കാർ. എൽ. ആർ. പി. മാർ എന്നിവർക്കും അവർക്ക് നേതൃത്വം കൊടുത്ത ഡി.ആർ.പി. മാർക്കും കൃതജ്ഞത അർപ്പിക്കുന്നു.

ഇവയ്ക്കെല്ലാം പുറമെ വികസന പാതയിൽ നേതൃത്വം നൽകിയ മുൻ പഞ്ചായത്ത് പ്രസിഡന്റുമാർ, മെമ്പർമാർ എന്നിവർക്കും, രാഷ്ട്രീയ സാമൂഹ്യ സാംമസ്ക്കാരിക പ്രവർത്തകർക്കും, കൊക്കയാർ പഞ്ചായത്തിലെ ജനങ്ങളുടെ ചരിത്രരേഖ തയ്യാറാക്കാൻ സഹായിച്ച കാരണവന്മാർക്കും നന്ദി രേഖപ്പെടത്തുന്നു. കൃഷി ആഫീസർ ഇ.പി. വിജയൻ, വെറ്റിനറി സർജൻ കെ. എം. ജേക്കബ്, ഗവ. ഹോമിയോ ഡോക്ടർ പി.എച്ച്. ഹനീഫ എന്നിവരുടെ സേവനങ്ങൾക്ക് നന്ദി രേഖപ്പെടുത്തുന്നു. വികസനരേഖ തയ്യാറാക്കുന്നതിലും പഞ്ചായത്തിന്റെ പൊതുവായ പ്രവർത്തനം കാര്യക്ഷമമായി നടത്തുന്നതിലുമുള്ള പഞ്ചായത്ത് സെക്രട്ടറി ബി. റോബർട്ടിന്റേയും ജീവനക്കാരുടെയും നിസ്തുലമായ സേവനങ്ങൾ ഞങ്ങൾ വിലപ്പെട്ടതായി കരുതുന്നു.

കൊക്കയാർ പഞ്ചായത്തിലെ ജനങ്ങളുടെ സംഘബോധത്തിന്റെ അടിത്തറയിൽ മുൻകാല നേതാക്കളുടെ ഉത്തമ പാരമ്പര്യത്തിൽ നിന്നും പ്രചോദനം ഉൾക്കൊണ്ടു ജനകീയാസൂത്രണവും നിർവ്വഹണവും യാഥാർത്ഥ്യമാക്കാൻ നമുക്കും ഒത്തുചേരാം. കുറ്റവും കുറവുകളും ഉണ്ടാകാം. എങ്കിലും ജനങ്ങളുടെ പൂർണ്ണമായ സഹകരണം പഞ്ചായത്തിന്റെ പ്രവർത്തനങ്ങൾക്ക് ഞങ്ങൾ സ്വാഗതം ചെയ്യുന്നു. അതിനുള്ള അവസരം കൈവന്നതിലുള്ള ചാരിതാർത്ഥ്യത്തോടെ നമ്മുടെ കടമയാണെന്നും കരുതി ഈ മഹായജ്ഞം വിജയിപ്പിക്കുവാൻ ആഹ്വാനം ചെയ്യുന്നു.

ആത്മാർത്ഥതയോടെ,
കെ. എൽ. ദാനിയേൽ
പ്രസിഡന്റ്
കൊക്കയാർ ഗ്രാമപഞ്ചായത്ത്.

വികസന രേഖ തയ്യാറാക്കിയവർ

1. ഇ.എ. കോശി-DRP കൺവീനർ
2. ജോസ് സെബാസ്റ്റ്യൻ-DRP
3. പി.ജെ. ഗോപിനാഥൻ-DRP
4. ഇ.പി. വിജയൻ-കൃഷി ആഫീസർ
5. കെ.എം. ജേക്കബ്-വെറ്റിനറി സർജൻ

രേഖാ ചിത്രങ്ങൾ-സന്തോഷ്.

Printed at: Archana Offset, Kottayam-2


അധികാരം ജനങ്ങളിലേക്ക്
അധികാരം ജനങ്ങൾക്ക്
ഒൻപതാം പദ്ധതി - ജനകീയ പദ്ധതി
40% പദ്ധതി വിഹിതം പഞ്ചായത്തുകൾക്ക്
വികസനപ്രവർത്തനങ്ങൾ അഴിമതിരഹിതമാകുന്നു.
പൊതുജന സഹകരണം അനിവാര്യം.
ഇടുക്കി ഇല്ല
കൊക്കയാർ